2055

# ശാശ്വതമൊന്നേ ദുഃഖം

SALA
VEN

(Malayalam)

# Saswathamonne Dukham

Narrative Poems

**By ETTUMANOOR SOMADASAN**

N. S. S. Hindu College, Changanacherry–2

First Published April 1969

Printed at

**INDIA PRESS, KOTTAYAM**

Price Rs. 2.00

Copyright

Ettumanoor Somadasan

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOK STALL

**Kottayam Kerala State India**

# ശാശ്വതമൊന്നേ ദുഃഖം

(ആഖ്യാനകവിതകൾ)

ഏററുമാന്നൂർ സോമദാസൻ

പ്രസാധകന്മാർ

സാഹിത്യപ്രവത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 2.00

## ഏററുമാന്നൂർ സോമദാസൻെറ

## കൃതികൾ

| | |
|---|---|
| ശാശ്വതമൊന്നേ ദുഃഖം | (കവിതകൾ) |
| പടവാളില്ലാത്ത ഒരു കവി | ,, |
| സ്വരങ്ങൾ സ്വപ്നങ്ങൾ | ,, |
| ഒരു സ്നേഹത്തിൻെറ ഓർമ്മ | ,, |
| ആദ്യഹർഷങ്ങൾ | ,, |
| അന്ത്യയാമത്തിൽ വിരിഞ്ഞ പൂവ് | ,, |
| അപൂർണ്ണചിത്രങ്ങൾ | ,, |
| സഖി | (നോവൽ) |
| നീയെൻെറ കരളാ | ,, |

S2226 B1404 125/68-69 1-2000 JK 118

# സോമദാസകവിത

ഈ കാവ്യസമാഹാരം കൈയിലെടുത്തപ്പോൾ എന്നെ ആദ്യമായി ആകർഷിച്ചതു് 'ശാശ്വതമൊന്നേ ദുഃഖം' എന്ന ഗ്രന്ഥനാമമാണു്. ജീവിതത്തിൽ അഥവാ പ്രപഞ്ചത്തിൽ ശാശ്വതമായി ഒന്നേയുള്ളു! ദുഃഖം. ജൈനതീർത്ഥങ്കരന്മാരുടെയും ബുദ്ധൻെറയും കാലംമുതൽക്കെങ്കിലും ഉരുത്തിരിഞ്ഞ ദർശനങ്ങളുടെ കാതൽ ഈ പരമസത്യമാണെന്നു പറയേണ്ടതില്ലല്ലോ. പക്ഷേ, കവിതകൾ മുഴുവൻ വായിച്ചുതീർന്നപ്പോൾ ആ സത്യത്തിനു് ഒരു പുതിയ മുഖമുള്ളതായി തോന്നി. ശാശ്വതമായ ദുഃഖം ഒന്നേയുള്ളു; പ്രേമദുഃഖം. പ്രേമഭംഗം, വിരഹം, അനാഥമായ ആത്മബന്ധം, സാഫല്യമടയാത്ത പ്രാണസ്നേഹം എന്നിവയുടെ നിതാന്തതീക്ഷ്ണമായ ദുഃഖമുണ്ടല്ലോ, ആ ദുഃഖമാണു് ആയുരന്ത്യംവരെ രക്തധാതുക്കളിൽ നീറിപ്പുകഞ്ഞു്, ദിവ്യമധുരമായ ഒരവാച്യനൊമ്പരത്തിൻെറ പുളകമുയർത്തുന്നതു്. അന്തിമവിശകലനത്തിൽ, മരണദുഃഖംപോലും മമതാച്ചരടുമുറുക്കുന്ന പ്രേമവികാരത്തിൻെറ സൃഷ്ടിയാണെന്നു കാണാം. അതില്ലാത്തിടത്തു മരണം ദുഃഖകരമാകാറില്ല.

ശ്രീ ഏററുമാനൂർ സോമദാസൻ അവതരിപ്പിക്കുന്ന ഇതിലെ എട്ടു കവിതകളിലും ഈ ആത്മപ്രേമമുണ്ടു്; പ്രേമഭംഗവും. 'സലോമി'യിലെ ദുഃഖം അല്പം ഭിന്നമാണു്. അവിടെ പ്രേമോൽക്കടത, യോഹന്നാൻെറ പരിശുദ്ധഹൃദയത്താൽ നിരാകരിക്കപ്പെട്ടപ്പോൾ പ്രതികാരതീവ്രതയായി മാറുകയും, അതു സ്വന്തം പ്രേമധാമത്തിൻെറ കഴുത്തറുപ്പിച്ചു രസിക്കുകയും ചെയ്യുന്നു. താമസമായ പ്രേമത്തിനു് ഇത്തരം വിക്രിയകളുണ്ടാകാം. ഈ വധപ്രേരണ നല്കിയ മനഃപ്രക്രിയകൾ മനശ്ശാസ്ത്രത്തിൻെറ പ്രശ്നമാണു്. സലോമിയുടെ ആത്മദാഹത്തിൻെറ—നൈസർഗ്ഗികമായ മാനുഷവികാരത്തിൻെറ—അത്യുൽക്കടപ്രേരണയെ പ്രശമിപ്പിക്കുവാൻ, മറെറാരുതരത്തിൽ പറഞ്ഞാൽ പ്രേമാർദ്രമായ ഒരു മനുഷ്യഹൃദയത്തിൻെറ വേദനയെ പ്രതിപ്രേമംകൊണ്ടു സാന്ത്വനപ്പെടുത്തുവാൻ, കാരുണ്യകണികപോലും കാണിക്കാതി

രുന്ന അമാനുഷമായ വിശുദ്ധിയോടാണോ നമുക്കു സഹതാപം തോന്നുക? മനുഷ്യഹൃദയത്തിൻെറ ജന്മായത്തമായ ആന്തരചോദനകളാൽ തുടിക്കുന്ന പ്രേമഭാവമാണു് ജീവിതത്തെ സ്വർഗ്ഗസമാനമാക്കുന്നതു്. അതിൻെറ ഭംഗംതന്നെ ശാശ്വതദുഃഖം. പച്ചമനുഷ്യൻെറ നൈസർഗ്ഗികമായ ഈ മൗലികവാസനയാണു് ശ്രീ സോമദാസൻെറ അസംസ്കൃതപദാൎത്ഥം: അദ്ദേഹത്തിൻെറ കൈയിൽ ഇതു പ്രാകൃതമായ ലൈംഗികചോദനയല്ല; പരമപാവനവും സ്ഫുടീകൃതവും സുസംസ്കൃതവുമായ ഒരു ദിവ്യസിദ്ധിയത്രേ. അങ്ങനെ, പച്ച മനുഷ്യനിലെ മൗലികവികാരത്തിൻെറ വെടിക്കെട്ടു പൊട്ടിക്കുന്ന ഈ കവിതകളിൽ, ആത്മാവിൻെറ ഇരുട്ടറകളിലേക്കു് അണപൊട്ടിയൊഴുകുന്ന ഒരത്ഭുതജ്യോതിസ്സു തളംകെട്ടിനില്ക്കുവാൻ അതാകണം, കാരണം.

ഇതിലെ കവിതകളെല്ലാംതന്നെ കഥാകവിതകളാ(Narrative Poems)ണു്. ഇതിഹാസകാവ്യങ്ങളുടെയും നാടോടിപ്പാട്ടുകളുടെയും ചുവടുപിടിച്ചുള്ള കഥാകവിതകൾ മഹാകവിത്രയത്തിൻെറയും ചങ്ങമ്പുഴയുടെയും അടുത്തകാലത്തെ പ്രമുഖകവികളുടെയും വകയായി നമുക്കു കുറെയൊക്കെ ലഭിച്ചിട്ടുണ്ടു്. എങ്കിലും അന്തർമ്മുഖദർശനങ്ങളെയും ആത്മസ്പന്ദങ്ങളെയും ഒപ്പിയെടുത്താവിഷ്കരിക്കുന്ന ഭാവഗീതികളു(Lyrics)ടെ വെള്ളച്ചാട്ടത്തിൽ ഈ കഥാകവിതകൾ മുങ്ങിപ്പോയെന്നാണു തോന്നുന്നതു്. കഥാകവിതകൾ ആത്മനിഷ്ഠങ്ങളായ കവിതകളുടെ ഗണത്തിലല്ല, വസ്തുനിഷ്ഠമായ (വിഷയനിഷ്ഠമായ) കവിതകളുടെ ഗണത്തിലാണു പെടുക. ''അവ പ്രത്യക്ഷത്തിൽ കൈകാര്യംചെയ്യുന്നതു കവിയുടെ വിചാരവികാരങ്ങളെയല്ല, കൎമ്മങ്ങളും സ്തോഭങ്ങളും നിറഞ്ഞ ബാഹ്യലോകത്തെയാണു്. ആത്മനിഷ്ഠമായ—അന്തൎമ്മുഖമായ—കവിതകളിൽ, കവി എഴുതാൻ തൻെറ ഹൃദയത്തിലേക്കുറ്റുനോക്കുന്നതു കാണാം; ബാഹ്യലോകത്തെ തന്നിലേക്കാനയിച്ചു്, അതിനെ സ്വന്തം വികാരങ്ങളിൽ നിമജ്ജനംചെയ്യിക്കും. വസ്തുനിഷ്ഠമായ കവിതകളിൽ, ബാഹ്യജീവിതത്തിലേക്കു തന്നെ ആനയിക്കുകയും അവിടെ തൻെറ ഉദ്ദേശങ്ങളും വിഷയങ്ങളും

കണ്ടെത്തുകയും ചെയ്യുന്നു; എന്നിട്ട തൻെറ സ്വന്തം വ്യക്തിത്വത്തിൻെറ സങ്കലനം കഴിയുന്നത്ര കുറച്ച് അവയെ പ്രതിപാദിക്കുന്നു.''* ഡബ്ള്യൂ. എച്ച്. ഹഡ്സൺ പ്രസ്താവിച്ച ഈ കാര്യം സത്യമാണെങ്കിൽ, കഥാകവിതകളിൽ കവിയുടെ ആത്മാംശം അത്യന്തം വിരളമായിരിക്കാനേ വഴിയുള്ളു. കവിയുടെ സ്വത്വാവിഷ്കാരമല്ലാത്ത കവിതകഠം, വിഷയവിവരണങ്ങളോ, കഥാകഥനങ്ങളോ ആകാമെങ്കിലും കവിതയാകില്ലതന്നെ.

പക്ഷേ, തൊട്ടതിനെയൊക്കെ കവിതയാക്കുന്ന സ്വഭാവക്കാരനാണു ശ്രീ സോമദാസൻ. അദ്ദേഹം കടാക്ഷിക്കുന്നതൊക്കെ കവിതയാകും; അഥവാ, ഈ പ്രപഞ്ചത്തിലെ എല്ലാ ദൃശ്യങ്ങളും അദ്ദേഹത്തിനു കവിതയുടെ കടാക്ഷം നല്കുന്നു. അപ്രകാരമൊരു കവിക്ക്, പ്രാണോപവേശം ചെയ്യാതെ ഒരു കഥാകവിതയും—ഒരുവരി പദ്യംപോലും—എഴുതാനാവില്ല. തൻെറ ആശയഗതിക്കു വിശദീകരണം നല്കിക്കൊണ്ടു ഹഡ്സൺതന്നെ പറഞ്ഞു: ''സാഹിത്യത്തിൻെറ അടിസ്ഥാനമെന്ന നിലയിൽ നാം വ്യക്തിത്വത്തെക്കുറിച്ചു പറഞ്ഞതെല്ലാം ഏറ്റവും വസ്തുനിഷ്ഠമായ കവിതകഠംക്കുകൂടി ബാധകമത്രേ. എന്നാൽ, താൻ സൃഷ്ടിക്കുകയും പ്രതിനിധീഭവിക്കുകയും ചെയ്യുന്നതെന്തൊക്കെയാണോ, അവയിൽക്കൂടി പരോക്ഷമായിട്ടായിരിക്കും മിക്കവാറും കവി ആത്മപ്രകാശനം സാധിക്കുക; ആത്മനിഷ്ഠമായ കവിതകളിൽ അതു നേരിട്ടായിരിക്കും.'' അതുകൊണ്ടായിരിക്കുമോ എന്നറിഞ്ഞുകൂടാ, വസ്തുനിഷ്ഠമായ കഥാകവിതകഠംക്കും നാടകീയകാവ്യങ്ങഠംക്കും ആത്മനിഷ്ഠങ്ങളായ കവിതകളേക്കാഠം മഹത്വം കല്പിച്ച ആർനോഠംഡിനെപ്പോലുള്ള ചില കവികളും നിരൂപകന്മാരും ഇംഗ്ലീഷ് സാഹിത്യത്തിലുണ്ടായിട്ടുണ്ട്.

നോവലിനു രൂപംനല്കിയ സങ്കീർണ്ണമായ സാമൂഹ്യശക്തികഠം, സകലമാനജീവിതത്തോടും സഹാനുഭൂതി പുലർത്തുന്ന ജനാധിപത്യം എന്നിവയാണ് ആധുനികകാലത്തു കഥാകവിതകഠംക്കു രൂപംനല്കിയതു്. കാവ്യകല റിയലി

* An Introduction to the Study of Literature, p. 102.

സത്തോടടുക്കാനുള്ള പ്രവണത കാട്ടിയപ്പോഠം പിറന്ന സന്താനമാണു് കഥാകവിതകഠം. എന്നുവെച്ചു്, ചരിത്രകഥകളും ഐതിഹ്യങ്ങളും, വീരകഥകളെയും പ്രേമാപ്പണങ്ങളെയും സംബന്ധിച്ച പുരാണങ്ങളും നാടോടിക്കഥകളും ആധുനികകഥാകവിതകഠം നിരാകരിക്കാറുമില്ല. അവയ്ക്കു കാലോചിതമായ രൂപാന്തരം നല്കുമെന്നു തീച്ച. ഈ സമാഹാരത്തിലെ 'അഹല്യ', 'ഹലീമ', 'ദുഗ്ഗദേവത' 'സൊന്തം പവാനി', 'ചേച്ചി', 'സലോമി', 'തിരുമാലി', 'ഇസബല്ല' എന്നിവയിൽ മിക്കതും ഇങ്ങനെ കാലത്തിന്റെ കായകല്പചികിത്സയ്ക്കുശേഷം രൂപാന്തരപ്പെടുത്തിയെടുത്തതാണു്. സുപ്രഥിതങ്ങളായ ഇതിവൃത്തങ്ങളെ തൻെറ ലക്ഷ്യപ്രാപ്തിക്കുതകുംവിധം, സ്വന്തം മനോധമ്മസാഫല്യത്തിനു വേണ്ടവിധം ചെത്തിമിനുക്കി ശില്പസുന്ദരമാക്കിയിട്ടുണ്ടു്. കവിയായ സോമദാസൻ പറയുന്ന കഥകളാണോ ഈ ശില്പങ്ങഠം? അതോ കഥാകുതുകിയായ സോമദാസൻെറ കവിതകളോ?

രണ്ടുമല്ലെന്നാണെൻെറ പക്ഷം. ഇതു കവിയുടെ സ്വന്തം കഥതന്നെ. കഥയും കവിതയും അവ രണ്ടിൻെറയും ശില്പിയും ഒന്നുതന്നെ. സൗന്ദര്യമുഗ്ദ്ധനായ ഒരു കവിയുടെ ആത്മദുഃഖത്തിൻെറ കഥ കുറിച്ച അഷ്ടാദ്ധ്യായിയാണു് ഈ സമാഹാരം. പലയിടങ്ങളിൽനിന്നും തേടിയെടുത്ത കഥാസ്ഥിപഞ്ജരങ്ങളിൽ സോമദാസനെന്ന കവി ആവേശിച്ചിരിക്കുന്നു. പ്രേതബാധയും മൂത്തിബാധയും ദൈവബാധയും പോലെ, കവിബാധയും സംഭവിക്കാറുണ്ടു്. കാലഹരണമോ പ്രാണഹരണമോമൂലം വിലകെട്ട കഥകളിലോ കഥാപാത്രങ്ങളിലോ കവിബാധയുണ്ടാകുമ്പോഠം വികാരപ്രസാരണിയായ ആത്മജ്യോതിസ്സാളിക്കുന്നുന്ന സചേതനകാവ്യശില്പം രൂപപ്പെട്ടുകയായി. ഇവിടെ യഥാത്ഥത്തിൽ സംഭവിച്ചതും മറെറാന്നല്ല.

കേവലം ഉപരിപ്ലവമായ സ്വരസംവിധാനം (ശബ്ദസംഗീതം) മാത്രമുള്ള പാട്ടുകളേ ആകുന്നുള്ളൂ സോമദാസൻെറ കവിതയെന്നു മലയാളസാഹിത്യരചന പരിശീലിക്കുവാൻ പുസ്തകനിരൂപണമെഴുതിപ്പഠിക്കുന്ന ഒരു യുവ

ലേഖകൻ ഈയിടെ എഴുതിക്കണ്ടു. കലയുടെ ഏററവും ശുദ്ധവും അത്യുത്തമവുമായ രൂപമാണു് സംഗീതം. ഏതുത്തമ കലയും ഗുണോത്കഷം കൂടുമ്പോൾ സംഗീതത്തോടടുക്കുമെന്നു കലാതത്ത്വവേദികൾ പറയുന്നതു ശ്രദ്ധിക്കുക. ജനനാൽ കവികളായവക്കു്, കലാകാരന്മാരായവക്കു്, ശ്വാസോച്ഛ്വാസംപോലെ സഹജമായുണ്ടാകുന്നതാണു് ഈ സംഗീതാത്മകത്വം. നൈസർഗ്ഗികകവിത്വത്തിന്റെ നിത്യമുദ്രയാണു ശ്രീ സോമദാസന്റെ സംഗീതാത്മകത്വം. ആജന്മകവികളായ എല്ലാവരിലും ഈ സംഗീതാത്മകത്വത്തിനു മുൻതൂക്കം കാണാം. ക്ഷിപ്രഭേദിയായ ശബ്ദബുൽബുദം മാത്രമാണെങ്കിൽപ്പോലും, സംഗീതാത്മകത്വം കവിത്വത്തിന്റെ മൗലികഘടകങ്ങളിലൊന്നാണെന്ന വസ്തുത വിസ്മരിച്ചുകൂടാ. സോമദാസന്റെ ഗാനാത്മകത, ശബ്ദജാലക്കുമിള മാത്രമാണെന്നു് എനിക്കൊരിക്കലും തോന്നിയിട്ടില്ല.

'''പൊരുതും കല'യുടെ കിങ്കിലമുയത്തുന്ന
പടവാളുകളില്ലെൻ കൈകളിലെന്നാകിലും,
പ്രാണനാളത്തിൽനിന്നൂരി ഞാനെടുത്തോരീ
വേണുവു,ണ്ടതിലൂടെൻ ചേതന ത്രസിക്കുന്നു.
വേദന നീളും ജീവമേഖലകളിലെന്റെ
നാദവീചികൾ ദുഃഖമൂകമായലയുന്നു!
നാളെയീ താഴ്വാരത്തിൽ വിരിയും ചെന്താമര—
പ്പൂവുകൾക്കായു് മൈലാഞ്ചിക്കൂട്ടു ഞാനൊരുക്കുന്നു!''
(പടവാളില്ലാത്ത കവി)

ശ്രീ സോമദാസന്റെ ആദ്യകവിതാസമാഹാരത്തിലേതാണു് ഈ വരികൾ. വിപ്ലവകവിതകളും പൊരുതുന്ന കവികളും കമ്പോളം പിടിച്ചടക്കിയ ഒരു ഘട്ടത്തിൽ, വേദന നീളും ജീവമേഖലകളിൽ തന്റെ നാദവീചികളുമായി അലഞ്ഞുനടന്നപ്പോൾത്തന്നെ കവിക്കു ദശ്നമുറച്ചിട്ടുണ്ടെന്നു തീച്ച. പ്രാണനാളത്തിൽനിന്നൂരിയെടുത്ത ആ വേണുവിന്റെ സ്വരം വിരിയാനിരിക്കുന്ന ചെന്താമരകൾക്കു മൈലാഞ്ചിക്കൂട്ടൊരുക്കുകയുമായിരുന്നു. കവിയുടെ 'മാനിഫെസ്റ്റോ' ആയി ഈ വരികളെ കണക്കാക്കാം. ശ്രീ സോമദാസന്റെ ഒട്ടെല്ലാ കവിതകളിലുമുണ്ടു്, മനുഷ്യാത്മാവിന്റെ

വിഷാദഭാരം. ജീവിതവേദനകൾ എല്ലായിടത്തുനിന്നും കൊത്തിത്തിന്നു്, ആത്മാവിനെ സഹാനുഭൂതിനിർഭരമാക്കി 'ശാശ്വതമൊന്നേ ദുഃഖം' എന്ന സത്യം കണ്ടെത്തിയ ഒരു ദാർശനികൻെറ വികാരതരളമായ പ്രാണൻ ആ ശബ്ദജാലങ്ങളിൽക്കിടന്നു പിടയുന്നു.

എന്താണു് ഈ വിഷാദത്തിൻെറ പ്രേരണ? കവി വിഷാദാത്മക(Pessimist)നല്ല. നാളെ വിടരുന്ന ചെന്താമരപ്പൂവിനു മൈലാഞ്ചിക്കൂട്ടൊരുക്കുന്ന കർമ്മമാണല്ലോ ഈ വിഷാദസ്വരങ്ങൾ നിർവ്വഹിക്കുന്നതു്. ആഗാമിയായ നവജീവിതസംവിധാനത്തെ കൂടുതൽ സുന്ദരമാക്കാനുള്ള യത്നമാണു് തൻെറ ഗാനാലാപം. പരമമായ സൗന്ദര്യപരിഗ്രഹത്തിൽനിന്നു്, സൗന്ദര്യലയത്തിൽനിന്നു്, സൗന്ദര്യോന്മാദത്തിൽനിന്നു്, ഉറവയെടുക്കുന്നതാണു് ഈ വിഷാദം. പ്രേമഭംഗങ്ങൾ, ഇച്ഛാഭംഗങ്ങൾ, ഹതാശകൾ, മോഹത്തകർച്ചകൾ, അസമത്വങ്ങൾ, ചൂഷണങ്ങൾ മുതലായവയെല്ലാം സൗന്ദര്യലീനമായ മനസ്സിനു വിഷാദമൂലങ്ങളായേ തീരൂ. ജീവിതത്തിൻെറ താളംതെററിക്കുന്ന ഇവ മുഗ്ദ്ധസങ്കല്പങ്ങൾക്കു മുറിവേല്പിക്കുന്ന വൈരൂപ്യങ്ങളാവാതെ വയ്യ. സൗന്ദര്യനിമഗ്നനായ കവിക്കു നിത്യവിഷാദകാരണങ്ങൾ മറെറന്തുവേണം?

ശ്രീ സോമദാസൻെറ കവിത വിഷാദത്തിൻെറ സാഗരോർമ്മികളുയർത്തുമ്പോൾ, അവ പരമമായ സൗന്ദര്യപൗർണ്ണമിയെക്കണ്ട ആഹ്ലാദത്തിൽനിന്നുയർന്നതും അതിനെ ഉന്മുഖമാക്കി കുതിക്കുന്നതുമാണെന്ന സത്യം അവശേഷിക്കുന്നു. അതുകൊണ്ടാണു വിപ്ലവത്തിൻെറ സൗന്ദര്യവും സൗന്ദര്യത്തിൻെറ വിപ്ലവവുമാണു സോമദാസകവിതയുടെ സ്വഭാവമെന്നു ഞാൻ മുമ്പൊരിടത്തു് അഭിപ്രായപ്പെട്ടതു്. സൗന്ദര്യമഗ്നമായ മനസ്സു് ജീവിതത്തിൽ ഉളവാക്കുന്ന പരിവർത്തനങ്ങൾ സാമൂഹ്യതലത്തിൽ സോഷ്യലിസത്തോളം ചെന്നെത്തുമെന്നു വിശ്വസിക്കുന്ന ഒരാളാണു ഞാൻ. (വിസ്തരിച്ച ചർച്ചചെയ്യേണ്ട ആ പ്രശ്നം അവിടെ നില്ക്കട്ടെ.) പ്രപഞ്ചസൗന്ദര്യം മേഞ്ഞുനടക്കുവാൻ വെമ്പുന്ന ഒരു കവിഹൃദയം, ജീവിതദുഃഖത്തിൻെറ മരുഭൂമിയാണു് സർവ്വത്ര കാണു

ന്നതു്! അതുകൊണ്ടു് അദ്ദേഹത്തിന്റെ കവിത അഗാധമായ സൗന്ദര്യദാഹം വെളിപ്പെടുത്തുന്ന ദുഃഖഗീതികളായി.

അദ്ദേഹം കവിതയിലുപയോഗിക്കുന്ന പദങ്ങൾ സൂക്ഷിച്ചുനോക്കുക. കവിതതുളുമ്പുന്ന (വികാരം നിറഞ്ഞ) പദങ്ങൾ, ദീർഘശൃംഖലിതമായ സ്മരണകളുണർത്തുന്ന പദങ്ങൾ, അതീതകഥാന്തരീക്ഷങ്ങളുടെ ചുരുൾ നിവർത്തുന്ന പ്രകൃതിചിത്രങ്ങൾ എന്നിവയുടെ പൂരക്കളിയാണു് ആ കവിതയിൽ. മാലിനീതീരം, കാർത്തികവിളക്കു്, തുളസിക്കാട്ടു്, കറുകപ്പുല്ലു് എന്നിങ്ങനെ അദ്ദേഹം ഉപയോഗിക്കുന്ന മിക്ക പദങ്ങൾക്കും, അവയുടെ ചിരകാലസംബന്ധം(Association) കൊണ്ടു് സിദ്ധമായ പ്രേമപരിശുദ്ധികളാൽ പ്രത്യേകാന്തരീക്ഷങ്ങൾ പടുത്തുയർത്തുവാൻ കഴിയുന്നു. അവയിലൂടെ കവി സ്വന്തം ആത്മരതികളും ഹൃദയവികാരങ്ങളും ഇച്ഛാനിച്ഛകളുംകൂടി ആവാഹനംചെയ്യുന്നുണ്ടു്. സോമദാസകവിതയുടെ പൊതുസ്വഭാവമാണിവ.

'ശാശ്വതമൊന്നേ ദുഃഖ'ത്തിലെ ആദ്യകവിതയായ 'അഹല്യ' ഇതിഹാസത്തിലെ 'അഹല്യ'യെപ്പോലെ വഞ്ചിതയാവുകയല്ല; അറിഞ്ഞുകൊണ്ടു മനഃസാക്ഷിപ്രേരണയനുസരിക്കുകയാണു്. അഹല്യയുടെ അതേ വികാരാംശങ്ങൾ ഗൗതമമുനിയിലുമില്ലേ?

''അഹല്യ!—വന്ദ്യവയോധികഗൗതമ—
മഹർഷി വേട്ടൊരു ലാവണ്യം!
(നരച്ച മുടിയും വല്ക്കലവും ജര—
നിറഞ്ഞ മെയ്യുമെഴുന്നോർക്കും
തപസ്സിരിക്കണമെന്നാ,ലരികിൽ
തഴുകാനൊരു താരുടൽ വേണം!)''

അവ്യാഖ്യേയമായ കലാകൗശലത്തോടെ ഉപഹാസനിർഭരമായ ഈ വരികളെഴുതിവച്ച കവി, യുവതീഹൃദയത്തിന്റെ മൗലികവികാരങ്ങളോടു തികഞ്ഞ സഹാനുഭൂതി കാട്ടുകയും അഹല്യാശാപത്തെ ധ്വന്യാത്മകമായി ശപിക്കുകയുമാണു്. ഈ വരി വായിച്ചശേഷം ഇന്ദ്രന്റെ കാമചാപല്യങ്ങളെപ്പോലും ആക്കെങ്കിലും കുററപ്പെടുത്തുവാനൊക്കുമോ? ജരാനരകൾ ബാധിച്ച വൃദ്ധന്മാർക്കായാലും, സർവ്വസംഗപരി

ത്യാഗികളായി മരവുരി ധരിച്ചു തപസ്സിരിക്കുന്നവർക്കായാലും തഴകാൻ ഒരു മധുരപ്പതിനേഴകാരിയുടെ താരുടൽ വേണമെങ്കിൽ മററുള്ളവരുടെ കഥ പറയാനുണ്ടോ? പരഭാഗശോഭാദായകങ്ങളും വികാരോദ്ദീപകങ്ങളുമായ അന്തരീക്ഷസൃഷ്ടിവഴി അഹല്യയുടെ വികാരഭാവങ്ങളെ അത്യൽക്കടമാക്കിത്തീർക്കുന്നതിൽ കവി അസാമാന്യമായ കരവിരുതും നിർല്ലോപമായ സഹാനുഭൂതിയും കാണിച്ചിട്ടുണ്ട്.

''(മുതിയുടെ പിന്നിൽ സുഖമേഖലകരം
വിടത്തുമേതോ സുരലോകം
കിനാവിലെങ്ങോ കണ്ടു,മതിന്നായ്
കൊതിച്ചു നിത്യതപംചെയ്യും
കഴിയും വൃദ്ധമഹർഷിക്കറിവാൻ
കഴിയുവതെങ്ങനെ പെൺഹൃദയം?)''

അഹല്യയുടെ ആത്മദാഹതീവ്രതയോടു തികഞ്ഞ പരാങ്മുഖതയും അജ്ഞതയുമാണ്, ആ ദാഹശമനത്തിനു ബാദ്ധ്യസ്ഥനായ ഗൗതമൻ കാണിക്കുന്നതെന്നു വ്യക്തമായി. മറുഭാഗത്ത്, ചോലക്കരയിൽ ജലമെടുക്കാൻ ചെന്ന അഹല്യയോ? വിടൻ പുഷ്പദളങ്ങളുടെ ചുംബനമേററു പുളകമണിയുന്നു; പൂമ്പൊടിയേന്തിയ കുഞ്ഞിക്കാററു സുഗന്ധമെത്തിക്കുന്നു; പൂമരങ്ങളിൽനിന്നുള്ള കുളിർഗാനങ്ങരം അലച്ചെത്തുന്നു; പുലരികളിൽ ക്രീഡാലോലുപരായി സഖികളുമൊത്തു വന്നെത്തുന്ന ഗന്ധർവ്വന്മാരും ജലദേവതമാരും നീന്തിക്കളിക്കുന്നു.

''തരംഗമാലയിലൂടവർ നീന്തി–
ത്തുടിച്ചു കേളികളാടുമ്പോരം
കരസ്സുനിന്നും പൊങ്ങുകയാണൊരു
കരംത്തടത്തിൻ തേങ്ങലുകരം.''

പിന്നെങ്ങനെ അഹല്യ 'കാമുകകരവലയത്തിൽ ഓമൽത്താമരലതപോലെ' വീഴാതിരിക്കും? ശാപഗ്രസ്തയായ അഹല്യയെ ഘനീഭൂതമായ കണ്ണുനീരായിട്ടാണു കവി കാണുന്നത്.

''ഉറഞ്ഞുകൂടിയ മിഴിനീർപോലൊരു
കറുത്ത ശിലയാ വഴിവക്കിൽ

യുഗങ്ങളോളം നിന്നു കരളിൽ
വിതുമ്പുമോരോ ദാഹവുമായ്.''

അവിടെയെത്തുമ്പോഠം അഹല്യയോ, ഇന്ദ്രനോ കുററക്കാരല്ലെന്നൊരു തോന്നലാണു മനസ്സിൽ. ഇവിടെ സന്മാർഗ്ഗഭ്രംശമുണ്ടെങ്കിൽ, അതു് സഹജവികാരങ്ങളെ മരവുരികൊണ്ടു വരിഞ്ഞുകെട്ടി തടവിലാക്കി പട്ടിണികിടത്തിച്ച ഗൗതമമുനിയുടെ ഹൃദയമില്ലായ്മ മാത്രമല്ലേ? ഇവിടെ സാന്മാർഗ്ഗികമായ, മാനുഷികമായ, മൂല്യപരമായ, ഒരു വിപ്ലവത്തിൻെറ ബീജനിക്ഷേപം നടത്തിയിട്ടുണ്ടു് കവി. സൗന്ദര്യോന്മുഖനായ, ഹൃദയാലുവായ ഒരു കവിയുടേതാണു് ഈ വിപ്ലവം.

ഇതേപോലെ പ്രാണാധാനംകൊണ്ടു് ഇതിലെ എല്ലാക്കവിതകളും ചേതോഹരവും സചേതനവുമാക്കാൻ കവിക്കു സാധിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. തൻെറ ആത്മതേജസ്സു പകുത്തുകൊടുക്കാത്ത ഒരു നായികയേയും നായകനേയും ഈ കഥാകവിതകളിൽ അദ്ദേഹം സൃഷ്ടിച്ചിട്ടില്ല. ചുരുക്കത്തിൽ, ഇതു വസ്തുനിഷ്ഠമായ കഥാകഥനമല്ല. പൂർവ്വകഥകഠം ആത്മാവിലുണർത്തിയ വികാരവിക്ഷുബ്ധമായ പ്രതികരണങ്ങളുടെ ആർദ്രമായ ചിത്രണമാണു്. ഓരോ കഥയും വിസ്തരിച്ചു നിരൂപണംചെയ്തു് അവയുടെ സൗന്ദര്യപരാഗങ്ങഠം ചോർത്തിക്കളയുന്നില്ല. ഒരു കവിയുടെ പരാഗസംക്രമണംകൊണ്ടു രൂപപ്പെട്ട ഈ ശില്പത്തിൻെറ മർമ്മം—ആ കവി ആധാനംചെയ്ത ആത്മപരാഗത്തിൻെറ വർണ്ണസൗഭാഗ്യം—ഒന്നെടുത്തുകാട്ടുകയേ ചെയ്യാനുള്ളു.

മഹാകവികഠംപോലും കഥാകവിതകളിൽ വസ്തുതകളോ സംഭവങ്ങളോ ചിത്രീകരിക്കുമ്പോഠം വാച്യമായ വിവരണത്തിനേ മുതിർന്നുകണ്ടിട്ടുള്ളു. ഉള്ളൂരോ, മഹാകവി വള്ളത്തോളോ, മററടുത്ത കാലത്തെ കഥാകവിതകളുടെ കർത്താക്കളോ ഇത്തരം ഘട്ടങ്ങളിൽ വാച്യത്തിൽനിന്നു വ്യംഗ്യത്തിലേക്കോ ധ്വനിയിലേക്കോ കടക്കാൻ മുതിർന്നിട്ടില്ല; വിശദാഖ്യാനങ്ങളപേക്ഷിച്ചു സൂചനകളിലേക്കേ കടന്നുകണ്ടിട്ടുള്ളു. ശ്രീ സോമദാസനാകട്ടെ, വ്യംഗ്യവും ധ്വനിയുംകൊണ്ടല്ലാതെ ഒന്നും വാച്യമായി വിവരിച്ചിട്ടുമില്ല. വ്യംഗ്യധ്വനികളെ

ന്നതിനു പകരം കാവ്യാത്മകമായ, കാവ്യസാൽക്കൃതമായ വിവരണം എന്നു പറയുകയാവും ഭംഗി. അസാധാരണമായ കാവ്യധർമ്മമർമ്മജ്ഞത ഇത്തരം സന്ദർഭങ്ങളിൽ അദ്ദേഹം പ്രകടിപ്പിച്ചുകണ്ടു. ആ ധ്വന്യാത്മകത, സ്വയമേവാഗതമാണെന്നേ തോന്നൂ.

''തൻ കവിളിതളിൽ ചുംബനമുദ്രകൾ
കുങ്കുമമലരു വിടർത്തുമ്പോൾ
മുഖം തിരിച്ചൂ പെൺകൊടി, ഗൗതമ-
മഹർഷി നില്പൂ, തൻ പിന്നിൽ.'' (അഹല്യ)

''വീണമീട്ടിയ കൈകൾ
വേലയാൽ തഴമ്പിന്റെ
മോതിരമണിയവേ
വളർന്നൂ ദുർഗ്ഗം വേഗം.''
''ആ വനകുസുമത്തെ
തൻ കിരീടത്തിൽ ചാർത്താ-
നാശയോടെഴുനള്ളീ
ചക്രവർത്തിയന്നേരം.'' (ദുർഗ്ഗദേവത)

''മിനുമിനുപ്പിയലുന്നോരന്തിതൻ മുന്തിരി-
ക്കനി കൊത്തി മഴവില്ലിൻ കിളി പറന്നൂ.
നാലഞ്ചു കുങ്കുമത്തൂവലാ വിണ്ണിന്റെ
വേലിയിൽ തങ്ങിക്കിടന്നിരുന്നൂ.''
''തുളസിയും തെച്ചിയും തിരിയുഴിഞ്ഞീടുമാ
തറവാട്ടുമുററത്തുടെത്രകാലം
പെരുമകൾ രാകിമിനുക്കിയ കരവാളും
പരിചയുമേന്തിക്കടന്നുപോയി.'' (ചേച്ചി)

ചുംബിച്ചുവെന്നോ, ദീർഘകാലം കഠിനാദ്ധ്വാനം ചെയ്തുവെന്നോ, ഒരു പരിശുദ്ധകന്യകയെ വെപ്പാട്ടിയാക്കാൻ ശ്രമിച്ചുവെന്നോ, സന്ധ്യകഴിയാറായെന്നോ, പ്രതാപശക്തികളോടെ നിലനിന്ന തറവാടു തകർന്നുകിടക്കുന്നുവെന്നോ പറയേണ്ടിടത്തു് ധ്വനിമധുരമായ കവിതയിലൂടെ ആ കാര്യം സാധിക്കുന്നു; ഹൃദ്രമമായ ഒരനുഭവംപോലെ ആ രംഗങ്ങൾ തന്മൂലം ഉള്ളിൽ പതിയുന്നു. ഈ കഥാകവിതകളെ അത്യാവർജ്ജകമാക്കുന്ന മുഖ്യസവിശേഷതയും അതുതന്നെ.

കവിതയ്ക്കാകെ മാധുര്യധാര പകരുന്ന മററൊന്ന് ഇതിലെ പ്രകൃതിസൗന്ദര്യച്ഛാറാണ്. നൂറുനൂറു തേനൊലിസ്മരണകളുടെയും പൂർവ്വകഥകളുടെയും സംബന്ധപരമ്പരകളെ ശിരസ്സേററി വികാരമുറഞ്ഞു നൃത്തംവെയ്ക്കുന്ന പദങ്ങളും കാണാം അവയിൽ.

''കാവുകഠം കാവടികെട്ടിയ മാനം
കാണാൻ കാത്ത മയിൽപോലെ.'' (അഹല്യ)

''വെയിലിൻ തീയലകളിൽ നീലക്കടമ്പുക-
ളെഴുതുന്ന കുളിരിൻ തുരുത്തുകളിൽ,
തളിർവെററച്ചാറിനാൽ ചുണ്ടു ചുവപ്പിച്ച
തത്തകഠം പാടുമാ ഗ്രാമഭൂവിൽ.'' (ചേച്ചി)

''ഒരുകുടം പൊന്നുമായന്നും പതിവുപോ-
ലിരുളിൻെറ വള്ളിപ്പടപ്പുകളിൽ,
കുളിരന്തിവെട്ടം മറഞ്ഞുപോയാരിയൻ
വയലിൻെറയങ്ങേ വരമ്പിലൂടെ.'' (ചേച്ചി)

''പീലിനീത്താടും മുളങ്കാടി, നമ്പിളിക്കല്ലാൽ
മാലകോർത്തെറിയുന്ന വെൺപളുങ്കരുവികഠം''
(തിരുമാലി)

ഇവ കാവ്യാലങ്കാരങ്ങളെന്ന നിലയിലോ അപ്രംബിതങ്ങളായ കവികല്പനകളെന്ന നിലയിലോ കവിതയിൽ മുഴച്ചു നില്ക്കുന്നവയല്ല. ഓരോ വരിയെയും കാവ്യമയമാക്കാൻ, വികാരനിർഭരമാക്കാൻ, പ്രകൃതിയിലെ എണ്ണമററ ദൃശ്യങ്ങളിൽനിന്ന് ഓരോ ചിത്രമെടുത്തുവെക്കുകയാണ്, കവി. ഓരോ തേമാനംവന്ന പദത്തേയും 'ചാർജ്ജു'ചെയ്തു ചൈതന്യവത്താക്കാൻ കവി നടത്തുന്ന യത്നമാണിവയിൽ കാണുക. ഓരോ വരിയിലും പ്രകൃതിയുണ്ട്. പ്രകൃതിയിലെ അനന്തമായ ദൃശ്യങ്ങളും, അവയുടെ ചലനങ്ങളും കവി അക്ഷരമാലകളെപ്പോലെ എടുത്തുപയോഗിക്കുന്നതു കാണാൻ എന്തു രസമാണെന്നോ! ഇവിടെ കവിതയുടെ ജീവാംശമാണ് പ്രകൃതി. തൻെറ വികാരാശയപ്രപഞ്ചങ്ങളെ നിവേദനംചെയ്യാൻ കുതിച്ചെത്തുന്ന പദപരമ്പരകളെപ്പോലെയാണ് പ്രകൃതിചിത്രങ്ങഠം അണിനിരന്നിട്ടുള്ളത്. നൂറുശതമാനം കവിയാകാത്ത ഒരാഠംക്കം, പ്രപഞ്ചപഞ്ഞ

ശാലയിൽ തപസ്സിരിക്കാത്ത ഒരു പ്രതിഭാധനനും ഈ രചനാവൈദഗ്ദ്ധ്യം കരഗതമാവില്ല.

അമേരിക്കൻ സാഹിത്യചിന്തകനായ ജോസഫ് വുഡ്ക്രച്ച് ഒരിടത്തു രേഖപ്പെടുത്തിയ അഭിപ്രായം ഈ ഘട്ടത്തിൽ ഓർത്തുപോകുന്നു.* ''ഇന്നേവരെയുണ്ടായ സർഗ്ഗാത്മകസാഹിത്യങ്ങളിൽവെച്ച് ആധുനികസാഹിത്യം അത്യധികം അസന്തുഷ്ടികരമാണ്. പ്രകൃതിയുടെ ലോകം പ്രത്യക്ഷപ്പെടാത്ത കൃതികളിൽ ആ അസന്തുഷ്ടി പരമാവധിയിലെത്തുന്നു. മനുഷ്യനിർമ്മിതമായ ലോകം വിരൂപമാണെന്നു മിക്കവർക്കും അടുത്തകാലത്തു ബോദ്ധ്യമാകാൻ തുടങ്ങിയിട്ടുണ്ടെങ്കിലും പ്രകൃതിയുടെ ലോകം സദാ സുന്ദരമാണ്. അസംതൃപ്തമായ ഒരു തലമുറ ആ പ്രകൃതിലോകത്തെ കൂടുതൽ താല്പര്യത്തോടെ കൂടക്കൂടെ ഉപാസിക്കുവാൻ തയ്യാറാകുമെന്ന ഒരു നിഗമനത്തിലെത്തുന്നതു് തെററാവാനിടയില്ല.'' ശ്രീ സോമദാസന്റെ പ്രകൃത്യനുരാഗം ആ സത്യത്തിന്റെ വിളംബരമായിരിക്കണം.

''ശ്രീ ഏററുമാനൂർ സോമദാസന്റെ കവിതകൾ പൊതുവിലും 'ശാശ്വതമൊന്നേ ദുഃഖം' എന്ന സമാഹാരം പ്രത്യേകിച്ചും കവിതകൾകൊണ്ടു മാത്രം സിദ്ധിക്കേണ്ടതും സിദ്ധിക്കാവുന്നതുമായ അനാഖ്യേയമായ സൂക്ഷ്മാനുഭൂതികളുടെ കുളിരലകളുയർത്തുന്ന അനന്യമായ ഒരു പ്രത്യേകവാങ്മയമത്രേ. കുട്ടംതെററിപ്പാടുന്ന ഈ ഗായകന്റെ വിഷാദത്തിലെ സൗന്ദര്യമാധുരികൾ നുകരുവാൻ കാവ്യകുതുകികളെ ക്ഷണിക്കുകയേ എനിക്കു ചെയ്യുവാനുള്ളു. മലയാളത്തിൽ അഗ്ന്യാരാധകരോ സൂര്യാരാധകരോ ആയ കവികൾ ധാരാളമുണ്ടാകും—സൂരദാസന്മാർ (വിപ്ലവകവികൾ) മലയാളത്തിലേറെയുണ്ടു്. സോമാദസൻ ഒന്നേയുള്ളു. സോമകല പരത്തുന്ന പാടീരശീതളമായ നറുനിലാവൊളിതൂകുന്ന സോമദാസകവിതയും ഒററതിരിഞ്ഞുനില്ക്കുന്നു.

ശ്രീനികേതം, കോട്ടയം–2
25–4–1969

സി. പി. ശ്രീധരൻ

* Highlights on Modern Literature, p. 83.

## ഈ സമാഹാരത്തെപ്പററി

ഇതിൽ ചേർത്തിരിക്കുന്ന കവിതകാം ആയിരത്തി തൊള്ളായിരത്തി അമ്പത്തെട്ടിനും അറുപത്തിമൂന്നിനും ഇടയ്ക്കു ഞാനെഴുതിയവയാണു്. രണ്ടെണ്ണമേ സ്വതന്ത്രകല്പിതങ്ങളായുള്ളു; ബാക്കിയുള്ളവ പുനരാഖ്യാനങ്ങളാണു്. കടപ്പാടുകാം അതാതിടത്തു സൂചിപ്പിച്ചിട്ടുണ്ടു്. ആ കടപ്പാടുതന്നെ, കഥാബീജത്തിന്റെ കാര്യത്തിലല്ലാതെ, അവതരണത്തിലോ ആവിഷ്കരണസമ്പ്രദായത്തിലോ ഒട്ടില്ലതാനും. ആഖ്യാനത്തിനു് അനുയോജ്യമെന്നു തോന്നിയ മാററങ്ങാം പല കഥകാംക്കും വരുത്തിയിട്ടുണ്ടു്.

ഇവ എഴുതുന്നകാലത്തു് ചെറുകഥയുടെ സങ്കേതങ്ങാം കവിതയിൽ ഒന്നു പരീക്ഷിച്ചുനോക്കുവാൻ എനിക്കൊരു കൗതുകം തോന്നിയിരുന്നു. 'ചേച്ചി'യും 'പവാനി'യും മററും അങ്ങനെയാണു രൂപംകൊണ്ടതു്. ആ പരിശ്രമം പൂർണ്ണമായി വിജയിച്ചുവെന്നു കരുതുവാൻ ഇപ്പോഠം മനസ്സുവരുന്നില്ല. അവതാരിക എഴുതിയ ശ്രീ സി. പി. ശ്രീധരനോടു കൃതജ്ഞത.

ഗീതാഞ്ജലി
ചെന്നിത്തല
21-6-1968

ഏററുമാനൂർ സോമദാസൻ

# കവിതകൾ


| | |
|---|---|
| അഹല്യ | 17 |
| ഹലീമ | 31 |
| ദുർഗ്ഗദേവത | 45 |
| സൊന്തം പവാനി | 59 |
| ചേച്ചി | 71 |
| സലോമി | 85 |
| തിരുമാലി | 105 |
| ഇസബല്ല | 113 |

# അഹല്യ

ഇഹ വഷ്സഹസ്രാണി
ബഹൂനി നിവസിഷ്യസി

വാതഭക്ഷാ നിരാഹാരാ
തപ്യന്തീ ഭസ്മശായിനീ

അദൃശ്യാ സവ്വഭൂതാനാം
ആശ്രമേ/സ്മിൻ വസിഷ്യസി

യദാ ത്വേ തദ്വനം ഘോരം
രാമോ ദശരഥാത്മജഃ

ആഗമിഷ്യതി ദുർധഷ്–
സ്തദാ പൂതാ ഭവിഷ്യസി.

(വാല്മീകിരാമായണം
ബാലകാണ്ഡം, സ‌ഗ്ഗം 48)

GHANDHA SALA
VENGANOOR

തപോവനാന്തരമേഖലതോറും
തണലുപടൎത്തിയ ചില്ലകളിൽ,

തുടിച്ചുപൊങ്ങിയ താരുണ്യത്തിൻ
തുട്ടത്തൊരോമനമുകുളങ്ങൾ

വരിഞ്ഞുചുററിയ തളിരിൻ വല്ക്കല-
മുരിഞ്ഞു ചുററിലുമുതിരുകയാൽ

വിഭാതനീരദമാലകണക്കിനു
വിരിഞ്ഞുനിന്നു വസന്തത്തിൽ!

മന്ത്രോച്ചാരണനാദവു,മെരിയും
ചന്ദനവിറകിൻ സൗരഭവും

പകൎന്ന നിൎവ്വൃതി നുകരുന്നോരാ
പവിത്രതാപസവാടത്തിൽ

മലരുടയാടകൾ നെയ്തുവിരിച്ചൂ
മധുമാസോജ്ജ്വലചൈതന്യം!

കറുകപ്പുല്ലോടിനാമ്പുകളിതളിൽ
കണിവച്ചൂ മണിമാണിക്യം

തുളസിക്കാടിൻ കരളിൽപ്പോലും
തുളുമ്പിനിന്നൂ സൗരഭ്യം.

കിളുന്തുപുല്ലണിവീഥിയിൽ, നീല-
കടമ്പു പൂത്ത പടപ്പുകളിൽ,

എവിടെയുമെവിടെയുമലതല്ലുകയാ-
ണവികലമാമൊരു ലാവണ്യം...

പുലരിക്കതിരുകൾ തഴുകിയ നീല-
പ്പുഴയിൽ, തങ്കച്ചിമിഴകൾപോൽ

കല്ലോലങ്ങളിലിളകിയുലാവിട്ട-
മല്ലിത്താമരമുകുളങ്ങൾ

വിരിഞ്ഞൊരിതളിന്നുള്ളിലൊളിക്കും
മരന്ദധാര നുകർന്നീടാൻ

പാറിനടന്നു മർമ്മരഗാനം
പാടിയണഞ്ഞൊരിളംതെന്നൽ.

കുളിരലവീണ നിശീഥിനി, മഞ്ഞിൻ
മരവിരിതൂക്കിയ ചില്ലകളിൽ

ഉഷസ്സു ചാർത്തിയ പവിഴക്കിങ്ങിണി-
യുതിർന്നുവീണ വിഭാതത്തിൽ

മറഞ്ഞുനിന്നു മഞ്ഞിൽ ഗൗതമ-
മഹർഷി മേവും മുനിവാടം!

തുട്ടത്തൊരോമൽപുലരൊളിയെങ്ങും
തുളുമ്പിനിന്നിട്ടമാനേരം

മൺകുടമെളിയിൽ പേറി,യൊരപ്സര-
മങ്കകണക്കൊരു മുനികന്യ

പർണ്ണകുടീരകവാടംതന്നുടെ
പിന്നിൽനിന്നുമിറങ്ങുകയായ്,

—അഹല്യയാണവ,ളാ വനസാനുവി-
ലടന്നുവീണൊരു നക്ഷത്രം—

അഹല്യ!—വന്ദ്യവയോധികഗൗതമ-
മഹർഷി വേട്ടൊരു ലാവണ്യം!-

(നരച്ച മുടിയും വല്ക്കലവും ജര-
നിറഞ്ഞ മെയ്യുമെഴുന്നോക്കും

തപസ്സിരിക്കണമെന്നാ,ലരികിൽ
തഴുകാനൊരു താരുടൽ വേണം!—)

ഉതിർന്ന കുന്തൽച്ചുരുളിൽ തുളസി-
ക്കതിരും കറുകപ്പുല്ക്കൊടിയും

താരുണ്യത്തിൻ നിറകുടമാമ-
ത്താരിതൾമെയ്യിൽ വല്ക്കലവും

അണിഞ്ഞൊരാ വനദേവത ചെന്താ-
രടിവച്ചങ്ങനെയകലുമ്പോൾ

പിന്നിൽ നില്ക്കും മുനിയുടെ മങ്ങിയ
കണ്ണിലുയന്നൊരു തീനാളം!

പളുങ്കുചോലയിൽനിന്നു കുടത്തിൽ
പകൻ തെളിനീർ കൊണ്ടുവരാൻ,

പൂജാമലരുകൾ തേടാൻ, നേരം
പുലരുംമുമ്പേ പോയിട്ടും

പതിവായിങ്ങനെ വൈകുവതെന്തവൾ?
—പരതുകയാണാ മുനിചിത്തം!

(മുതിയുടെ പിന്നിൽ സുഖമേഖലകൾ
വിടത്തുമേതോ സുരലോകം

കിനാവിലെങ്ങോ കണ്ടു,മതിന്നായ്
കൊതിച്ചു നിത്യതപംചെയ്തും

കഴിയും വൃദ്ധമഹർഷിക്കറിവാൻ
കഴിയുവതെങ്ങനെ പെൺഹൃദയം?)

ഇലപ്പടപ്പുകൾ പിന്നിട്ടകല-
ത്തഹല്യ പോയിമറഞ്ഞപ്പോൾ

മുനിയുടെ മിഴിയിലെരിഞ്ഞൂ ചെന്തീ-
ക്കനലിൻ രണ്ടു സ്ഫുലിംഗങ്ങൾ!

പളുങ്കുവെയ്‌ലൊളി തഴുകിയ കാട്ടിൽ
പടർന്നുലാവും ചില്ലകളിൽ,

വിടർന്നൊരോമൽപ്പൂവുകളിതളാൽ
പകർന്നൊരുമ്മകളണിയുകയാൽ

അഹല്യതൻ കുളുർമേനിയിലങ്ങനെ
തരിച്ചുപൊങ്ങീ പുളകങ്ങൾ!

പൂമ്പൊടിയണിയും കുഞ്ഞിക്കാററിൽ
നീന്തിവരുന്നൂ സൗരഭ്യം—

കുരുന്നുമാന്തളിർ തിന്നു മദിക്കും
കുയിലിൻ പഞ്ചമസംഗീതം,

കുളിരിൻപട്ടുകൾ നെയ്തണിയിപ്പൂ
കുണുങ്ങിടും പൂങ്കലികകളിൽ...

വിടർന്ന മൂകമനോരാജ്യത്തിൽ
വിതുമ്പുമേതോ സ്വപ്നവുമായ്,

അഹല്യ തെല്ലിട നിന്നൂ ചോല-
ക്കരയിൽ, പുലരിവെളിച്ചത്തിൽ.

നീലിമവഴിയും പൊയ്കയിലങ്ങനെ
നീന്തുന്നു ജലദേവതമാർ

ബന്ധുരവാനവമേഖലകളിലേ
ഗന്ധർവ്വന്മാർ സഖികളുമായ്

പുലരികൾതോറും വന്നെത്തിട്ടുമാ
പുഴയിൽ, ക്രീഡാലോലുപരായ്.

തരംഗമാലയിലൂടവർ നീന്തി-
ത്തുടിച്ചു കേളികളാടുമ്പോൾ

കരയ്ക്കുനിന്നും പൊങ്ങുകയായൊരു
കരൾത്തടത്തിൻ തേങ്ങലുകൾ...

—മധുരിതജീവിതസൗഭഗമങ്ങനെ
മദിച്ചു ചുററും തുള്ളുമ്പോൾ

വിലോലഭാവശതങ്ങളിലൂടൊരു
വികാരമേഖല വിടരുമ്പോൾ

എരിപൊരികൊണ്ടു പിടയ്ക്കുകയാണൊരു
കരളിൻ മൂകസ്വപ്നങ്ങൾ!...

മരവിരികെട്ടിവരിഞ്ഞൊരു മാറിൽ
മരിക്കുമോമൽസ്വപ്നങ്ങൾ!—

ചുടലയിലൊററയ്ക്കിതളുവിരിച്ചൊരു
ചുവന്ന പനിനീർപുഷ്പംപോൽ,

വിഷാദമാന്ന മിഴിക്കോണുകളും
വികാരതരളിതഹൃദയവുമായ്

അഹല്യയങ്ങനെ നിന്നൂ, ചോല-
ക്കരയിൽ പുലരിവെളിച്ചത്തിൽ!

മിഴിതൻ നീലപ്പീലിത്തുമ്പിൽ
മിന്നങ്ങിനില്ക്കും നീർമണികൾ,

മരവിരികൊണ്ടു തുടച്ചു, കുടത്തിൽ
ജലം പകന്നവൾ നിവരുമ്പോൾ

വിണ്ണിലുയന്നൊരു പുഷ്പവിമാനം
തണ്ണീരലയിൽ നിഴലിച്ചു!...

തളന്ന കൺകൾ വിടർന്നൂ—കിങ്ങിണി
കിലുക്കിയുള്ളിൽ രോമാഞ്ചം—

തുടുപ്പണിഞ്ഞു കവിളുകൾ, പൊട്ടി-
ത്തുളുമ്പി കരളിലൊരാഹ്ലാദം...

കാറുകൾ കാവടികെട്ടിയ മാനം
കാണാൻകാത്ത മയിൽപോലെ,

വിണ്ണിൽ പാറും നയനവുമായ് മുനി-
കന്യകയങ്ങനെ നില്ക്കുമ്പോൾ

അഴകെഴമാ നറുപുഷ്പവിമാനം
അണയുകയായീ തന്മുകളിൽ.

മരുവുന്നുണ്ടതിനുള്ളി,ലൊരപ്സര-
മദനോപമനാം യുവസുഭഗൻ.

(കിന്നരനാടിൻ ചെങ്കോലണിയും
മന്മഥരൂപൻ—ദേവേന്ദ്രൻ)

പുളകംചൂടിയ കരളും ലജ്ജാ-
വലയം ചൂഴും വദനവുമായ്

നില്ക്കും താപസിതന്നുടെ കറുക-
പ്പൂല്ലോടിചാത്തിയ വാർമുടിയിൽ,

അടന്നുവീണു മുകളിൽനിന്നുമൊ-
രഴകെഴമോമൽപ്പനിനീർപ്പൂ!...

(അറിഞ്ഞതില്ലവൾ: അപ്സരനാട്ടിൽ
വിരിഞ്ഞതാണാ പൂങ്കലിക!—)

ഒരു മൃദുഹാസം സമ്മാനിച്ചി-
ട്ടുയന്നുപോയീ ദേവേന്ദ്രൻ.

മനോജ്ഞപുഷ്പവിമാനം വിണ്ണിൽ
മറയുകയായീ ഞൊടിയിടയിൽ...

...ഞെട്ടിയുണർന്നു പെൺകൊടി, ദിനകര-
നെത്രയുയന്നു കഴി,ഞ്ഞയ്യോ!

തെളിഞ്ഞുവന്നു മനസ്സിൽ ചെങ്കനൽ
ചിതറും മുനിയുടെ മിഴിമുനകൾ

പ്രഭാതപൂജാസമയം വൈകീ—
(തപോധനൻ മുനികോപിച്ചാൽ!...)

മൺകുടമെളിയിലെടുത്തു തപോവന-
മങ്ക നടന്നു വേഗത്തിൽ.

മുഖംകുനിച്ചവൾ മുനിവാടത്തിൻ
മുററത്തേക്കു കടക്കുമ്പോൾ

കണ്ണിലൊരഗ്നിശലാകയുമായി
കാത്തുനിന്നു മുനിയവിടെ...!

അപ്സരനാട്ടിൽ മാത്രം വിരിയും
കല്പകതരുവിൻ പൂങ്കലിക

എങ്ങനെ വന്നു താപസകന്യക-
തൻ കുളിരീറൻവാർമുടിയിൽ?

(അറിഞ്ഞുസർവ്വം മഹർഷിഗൗതമ-
നന്തർമിഴിതൻ ദിവ്യതയാൽ...)

പർണ്ണകുടീരഹൃദന്തത്തിൽ തീ-
ക്കുണ്ഡമെരിഞ്ഞുജ്വലിക്കുമ്പോൾ,

അടഞ്ഞമിഴികളുമായിട്ടരികിൽ
ചടഞ്ഞിരുന്നു ജപംചെയ്യേ,

ജിതേന്ദ്രിയൻ മുനിപുംഗവനുള്ളിൽ
ജ്വലിപ്പതുണ്ടാ തീനാളം!

—കളങ്കമേററുകഴിഞ്ഞു തൻപ്രിയ-
കളത്രം,മതിനിനി മാപ്പില്ലാ—

പരുത്തമരവിരിയിഴകൾക്കുള്ളിൽ
മദിക്കുമവളുടെ താരുണ്യം

കവർന്നെടുക്കാൻ കണ്ണിട്ടങ്ങനെ
കറങ്ങിടുന്നൂ ദേവേന്ദ്രൻ.

തന്നുടെ രോഷജ്ജ്വാലയിലെന്നും
വെണ്ണീറെന്നവനറിവീലാ!...

... ... ...

നിലാവ്വനെയ്യൊരു നീരാളമണിഞ്ഞു-
ഞ്ഞുലാവുമാ മുനിവാടത്തിൽ

സുമസൗരഭ്യം തുടിച്ചുനിന്നും
സുരുചിരരജനീയാമത്തിൽ,

ഉണർന്നിരിക്കുകയാണൊരു കരളും
തളർന്ന രണ്ടു മിഴിക്കോണും...!

കിളിവാതില്ലകൾക്കരികിൽ, മഞ്ഞിൽ
കുളിച്ചുനിന്നു വനഭംഗി.

മണംപുരണ്ടൊരു കാററിൽ മർമ്മര-
മനോജ്ഞഗാനലയം പൊങ്ങീ.

കാനനവീഥിയിലലഞ്ഞു നീങ്ങും
കാതരമിഴിയിൽ ദാഹവുമായ്,

നിന്നു പെൺകൊടിയുള്ളിൽ—മാമുനി
നിദ്രയിലാണ്ടുകിടക്കുമ്പോൾ.

തെളിയുകയാണാ വിങ്ങുംകരളിൽ,
തളൎന്നകൺകളി,ലൊരു രൂപം—

നീരദമാലകളലയും വിണ്ണിൽ
നീന്തും പുഷ്പവിമാനത്തിൽ

സ്വപ്നംപോലന്നരികത്തെത്തിയ
സ്വൎഗ്ഗനൃപേന്ദ്രൻതൻരൂപം!

ഒരുനാൾ പുലരിയിലാ മദനോപമ-
നെറിഞ്ഞുതന്നൊരു നറുസൂനം

കരിഞ്ഞതില്ലാ സൗരഭമിന്നും
നിറഞ്ഞുനില്പൂ, ഹൃദയത്തിൽ...

അടുത്തു തമ്മിൽ കാൺകെ, കണ്ണുക-
ളിടഞ്ഞുനിന്നോരാ രംഗം

സ്മരിച്ചിടുമ്പോൾപോലും കോരി-
ത്തരിച്ചിടുന്നു തന്നംഗം!

വികാരമാദകസങ്കല്പങ്ങൾ
വിതുമ്പിവിങ്ങും ഹൃദയവുമായ്,

അനംഗലോലുപഗാത്രവുമായി-
ട്ടഹല്യയങ്ങനെ നില്ക്കുമ്പോൾ
അരികിൽ താപസനനുരങ്ങിട്ടന്നു
നരബാധിച്ച വികാരംപോൽ.

... ... ...

ഈറൻകാറ്റേറ്റാടിയുലഞ്ഞിട്ട-
മിലപ്പടപ്പിന്നരികത്തായ്,
പൊൽത്തളിരണിയും ദർഭപ്പുല്ലുകൾ
മെത്തവിരിച്ച നിഴൽച്ചാത്തിൽ,
ഒരു മദനോപമരൂപമതാ ത-
ന്നരികിൽനിന്നു ചിരിക്കുന്നു!
തുടിപ്പു കരളതിവേഗം—മിഴിയിണ
വിടർത്തി വീണ്ടുമവൾ നോക്കീ—
സുസ്മിതലോലുപനായ് നില്ക്കുന്നു
സ്വർഗ്ഗേശ്വരനാം ദേവേന്ദ്രൻ...
കാനനസീമയിലെങ്ങോപൊങ്ങിയ
ഗാനംകേട്ടൊരു നാഗംപോൽ,
അഹല്യ നീങ്ങി മുന്നോട്ടറിയാ-
തനംഗമഥിതഹൃദന്തവുമായ്—
കാമുകകരവലയത്തിലൊരോമൽ-
താമരലതപോലവൾ വീണു—
(മഞ്ഞിൻമരവിരി മൂടിയുറങ്ങും
പർണ്ണകുടീരത്തിന്നുള്ളിൽ

അഗ്നിശലാകകണക്കെരിയുകയാ-
ണപ്പോൾ മിഴികൾ രണ്ടെണ്ണും!)

തൻകവിളിതളിൽ ചുംബനമുദ്രകൾ
കുങ്കുമമലരുവിടത്തുമ്പോൾ

മുഖംതിരിച്ചൂ പെൺകൊടി, ഗൗതമ-
മഹർഷി നില്പൂ തൻപിന്നിൽ!

മങ്ങുന്നൂ തൻമിഴികൾ—ഹൃദയ-
സ്പന്ദനമെന്തേ പതറുന്നൂ?...

മൂകതയണിയും പരിസരമേതോ
മൂടൽമഞ്ഞിൽ മറയുന്നൂ—

തെളിഞ്ഞുകാണാം മിന്നൽപ്പിണറുകൾ
ചിതറും മുനിയുടെ മിഴിമാത്രം.

ഉയന്നുകേൾക്കാമരികിൽനിന്നും
മുഴങ്ങുമിടിപോലൊരു ശബ്ദം:

"...നീചവികാരം പങ്കിലമാക്കിയ
നീയൊരു ശിലയായ്തീരട്ടേ!

യുഗങ്ങളോളം നീയീ കാനന-
പഥത്തിൽ വീണു കിടക്കട്ടേ!..."

... ... ...

തപോവനാന്തരമേഖലതോറും
തണലുപടത്തിയ ചില്ലകളിൽ

തുടിച്ചുപൊങ്ങിയ താരുണ്യത്തിൻ
തുളുത്തൊരോമനമുകുളങ്ങൾ

വരിഞ്ഞുചുററിയ തളിരിൻവല്ലല-
        മുരിഞ്ഞു ചുററില്യമെറിയാനായ്,

വസന്തസൗഭഗവീചികളാ മലർ
        വനാന്തരങ്ങളിലണയുമ്പോൾ

ഉറഞ്ഞുകൂടിയ മിഴിനീർപോലൊരു
        കറുത്തശിലയാ വഴിവക്കിൽ

യുഗങ്ങളോളം നിന്നു കരളിൽ
        വിതുമ്പുമേതോ ദാഹവുമായ്!

രാവി,ലിളം കാറ്റേറ്റാ ശിലയിൽ
        പൂവുകളുതിരുമ്പോഴെല്ലാം

അകത്തുനിന്നും പൊങ്ങാറുണ്ടൊരു
        കരൾത്തടത്തിൻ തേങ്ങലുകൾ—

നിറഞ്ഞയൗവനദാഹമെഴുന്നൊരു
        നറുംകിനാവിൻ തേങ്ങലുകൾ—

# ഹലീമ

യമുനയുടെ തീരത്തു് ഒരു ഇതിഹാസകാവ്യത്തിൻെറ ഭാവഗാംഭീര്യത്തോടെ തലയുയത്തിനില്ക്കുന്നു 'ടാജ്മഹൽ'. ആ സൗധത്തിൻെറ ആത്മാവിൽ സാന്ദ്രീഭവിച്ചുകിടക്കുന്ന വികാരമധുരവും ദുഃഖപൂൎണ്ണവുമായ ഒരു പ്രണയകഥയുടെ ആവിഷ്ക്കാരമാണിതു്. ശ്രീ മലയാററൂർ രാമകൃഷ്ണൻ രചിച്ച ഒരു റേഡിയോനാടകത്തോടു് ഇതിലെ കഥാബീജത്തിനു കടപ്പാടുണ്ടു്.

"മമ ഹൃദന്തരരാഗവിപഞ്ചിയിൽ
മധുരഗാനമുണർത്തിയ സ്വപ്നമേ,

ഒരു ശരത്ക്കാലനീരദലേഖപോ-
ലകലെ മാഞ്ഞു, നെട്ടവീർപ്പുമായി നീ...

മധുവെഴും പനീർപ്പൂവുപോൽ ഞെട്ടട-
ന്നതിരുവാനായ് വിരിഞ്ഞു നീയിന്നലെ,

മഴമുകിലുപോൽ കണ്ണീർപളുങ്കുകൾ
ചൊരിയുവാനായണഞ്ഞു നീ,യോമലേ..."

—നറുനിലാവിൻെറ കല്ലോലമാലക-
ളലയടിക്കുമാ ഹേമന്തരാത്രിയിൽ

യമുനതൻ നേർത്ത ഗദ്ഗദനിസ്വനം
പരിസരങ്ങളിൽനിന്നു വിതുമ്പവേ

ഉയരുകയാണൊരേകാന്ത വീണതൻ
പരിമൃദുലമാം സ്പന്ദനമീവിധം!

അരിയലില്ലിമലരിതൾത്തുമ്പുക-
ളണിയുമോ മനക്കണ്ണീർപളുങ്കുകൾ

നിഴലുകൾ നീളെ നീന്തുന്നമണ്ണിൽ വീ-
ണലിയുമാ നീലരാവിൽ, വിമൂകനായ്

ഹൃദയഹാരിയാം ടാജിന്നു കാവലാ-
യവിടെ നില്ലുകയാണൊരു ഗായകൻ.

"ഒരു കിനാവിൻെറ മൊട്ടുപോൽ ഞെട്ടട-
ന്നുതിരുവാനായ് പിറന്നൊരെന്നോമനേ,

തവ തളിരുടൽ വീണുറങ്ങുന്നൊരീ
ബലികുടീരത്തി,ലേകാന്തരാത്രിയിൽ

എരിയുമന്തരാത്മാവിൻെറ പട്ടുനൂൽ-
ത്തിരികൊളുത്തുകയാണെൻ്റെയോർമ്മകൾ...

അനഘരാഗപ്രതീകമേ! മന്നിൽ നിൻ
സ്മരണ മായാതെ നിത്യം ജ്വലിക്കുവാൻ

യുഗശതങ്ങൾതൻ കണ്ണുകളിൽ തവ
ചരിതമെന്നും പകർന്നുകൊടുക്കുവാൻ,

വഴിയുമെൻ മിഴിനീരിനാൽ വാർത്തു ഞാ-
നഴകെഴുന്നൊരീ മാർബിൾകുടീരകം...

മധുരവാസന്തകാന്തികൾ മന്നിനെ
മലരണിയിച്ചൊരുക്കുമ്പൊഴൊക്കെയും,

കുളിരെഴും മണിത്തെന്നലിൻ ചുണ്ടിലും
കിളികുലങ്ങൾതൻ പൂമുളന്തണ്ടിലും

ഒരു വിഷാദാർദ്രഗദ്ഗദസ്പന്ദമായ്
വിലയമാർന്നിടും നിൻ മൗനനൊമ്പരം..."

നോവുചൂഴുമാ വീണതൻ തന്തിയി-
ലൂറിനിന്നൊരീ സംഗീതധാരയിൽ

ഹാ, നിമഗ്നരായ് നിന്നുപോയ് വിണ്ണിലേ
താരകങ്ങളും നീരദജാലവും!

... ... ...

—ഇരുളിൽ നിന്നൊരു ഗജ്ജനമപ്പൊഴാ
പരിസരത്തിലിരമ്പി പൊട്ടുന്നനെ.

പതറി വീണതന്നീണം: മിഴിതുറ-
ന്നവനുണർന്നു പരിഭ്രാന്ത ചിത്തനായ്

കണ്ണിലഗ്നിസ്ഫുലിംഗവും കൺകളിൽ
മിന്നിടുന്നോരുടവാളുമായതാ

അരികിൽ നില്ക്കുന്നു 'ഷാജഹാൻ'!—ഭാരത-
ധരണിതന്നഭിവന്ദ്യനാം മന്നവൻ—

(ച്ചുഴറിവീശും കൊടുങ്കാറ്റിലേ തളി-
രിലകണക്കു വിറയ്ക്കുകയാണവൻ—)

സിരയിലാളിജ്വലിക്കുന്ന കോപമോ-
ടലറുകയായി ഷാജഹാനീവിധം:

"ഹൃദയമില്ലാത്ത വഞ്ചകാ! നിൻ ചുടു-
രുധിരമിപ്പോഴൊഴുക്കുമീ മണ്ണിൽ ഞാൻ.

പറയു,കെൻ ജീവനാഥയ്ക്കുവേണ്ടി ഞാൻ
പണ്ടതൊരീ മണിമാർബിൾകുടീരമോ

ഒരു വെറും മർത്ത്യകീടമാം നിൻ പ്രേമ-
സ്മരണ മന്നിൽ വിളംബരംചെയ്യുവാൻ?"

—കത്തിനീറുന്നൊരഗ്നിശലാകപോൽ
ചക്രവർത്തി വിറകൊണ്ടു നില്ക്കവേ

അതിവിനീതനായ് കുമ്പിട്ടുനിന്നുകൊ-
ണ്ടിതുവിധമോതി ഗദ്ഗദമാർന്നവൻ:

"കരുണയാർന്ന തൃപ്പാദങ്ങൾ മാപ്പിവ-
ന്നരുളണം ഭാരതോർവ്വിതൻ മന്നവാ!

അറിയുകില്ലേ, ഖുറം!...നീ—തവപ്രിയ-
സഹജനാം 'ഖുസ്രു'വാണു ഞാൻ സോദരാ.

സ്മരണതൻ ചുരുളൊട്ടു നീ നീർത്തുകിൽ
തെളിയുമെൻ രൂപ,മന്തർമിഴികളിൽ..."

(ഉടൽ തരിച്ചൊരു കൽത്തൂണുപോലവേ
ഞൊടിയിൽ നിന്നുപോയ് സ്തബ്ധനായ്
ഷാജഹാൻ.

തളരുകയാണു കൈയുകൾ...വാളതാ
തറയിൽ വീഴ,ന്നിടറുന്നു കാലുകൾ!)

"ഒരു വെറും ഗാട്ടുകാരനായ് നില്ക്കയാ-
ണിവിടെ, നിർഭാഗ്യനാമിവനെങ്കിലും,

അനഘദീപ്തികൾ നൃത്തം ചവിട്ടിട്ടു-
മരമനയിലേ സൗഭാഗ്യവേദിയിൽ

അനുജാ! നീയൊത്തു വാണവനാണു ഞാ-
നറിയുകൊട്ടേറെ നാളുകൾക്കപ്പുറം..."

രണ്ടു്

"മഹിതരാജാധിരാജൻ 'ജഹാംഗീറി'-
ന്നരുമയായിപ്പിറന്നവനാണു ഞാൻ

അഴകെഴും ദേവനർത്തകിമാരുടെ
വളകിലുങ്ങുന്നൊരന്തഃപുരങ്ങളിൽ,

കുളിരിളംമണിമുന്തിരിച്ചില്ലക-
ളിളകിയാട്ടുന്ന പുഷ്പവാടങ്ങളിൽ,
മധു നുകന്നൊരു പൂമ്പാറ്റപോലവേ
മമ യുവത്വം പറന്നലഞ്ഞിന്നലെ!

അനുപമാനന്ദകല്ലോലമാലക-
ളലയടിക്കുന്നൊരാ രാജമന്ദിരം,
മധുരജീവിതസ്വപ്നാനുഭൂതിതൻ
മധുചഷകമായ് നിന്നെൻമിഴികളിൽ.

മമ ഹൃദന്തരവീണതൻ തന്തിയി-
ലനഘരാഗങ്ങൾ മീട്ടിയുണർത്തുവാൻ
ഒരു മദാലസസ്വപ്നംകണക്കവൾ
ഒഴുകിയെത്തിയെൻ ജീവിതസിന്ധുവിൽ.

ജനനിതൻ പാദശുശ്രൂഷചെയ്തിട്ടു-
മൊരു വെറും ദാസിയായിരുന്നെങ്കിലും
അവളിലെന്നന്തരാത്മാവു കണ്ടു, മൽ-
പ്രണയസാമ്രാജ്യരാജകുമാരിയെ!

തളിരിളംകവിൾക്കുമ്പിൽ, നുണക്കുഴി
തെളിയുമാറൊരു മന്ദസ്മിതവുമായ്,
സുഷമയാന്ന നയനദളങ്ങളിൽ
സുരുചിരസ്വപ്നമൂറും നിലാവുമായ്,

ഒരു വസന്തമലക്കുലപോലവ-
ളിതൾവിരിച്ചെന്റെ കല്പനാവാടിയിൽ!
മധുകണങ്ങൾ തുളുമ്പുന്ന മുന്തിരി-
മലർവനങ്ങളിലേകാന്തരാവുകൾ

അണിനിലാവിൻെറ ചന്ദനച്ചാറണി-
ഞ്ഞരിയനത്തനമാട്ടുന്ന വേളയിൽ

വെൺപളുങ്കണിച്ചോലക്കരയിലായ്
കണ്ടുമുട്ടി രണ്ടോമൽക്കിനാവുകൾ...

മഞ്ഞലതൻമടിയിലാ മന്നവ-
മന്ദിരം വീണുറങ്ങും നിശകളിൽ—

ആരുമോരാതെ, നീലനിഴലുക-
ളാരചിച്ച നറുംപട്ടുമെത്തയിൽ

മായികസ്വപ്നഹർഷാനുഭൂതിതൻ
മാറിൽ വീണു മയങ്ങിക്കിടന്നു ഞാൻ.

മധുരയൗവനസങ്കല്പസീമയിൽ
മമ ഹൃദന്തമലയുന്ന വേളയിൽ

മിഴിതുറന്നുലയുന്ന നീലാമ്പലിൻ
ഇതളിലൂറിട്ടും മഞ്ഞിൻകണികപോൽ

വിരിയുമാ നീൾമിഴികളിൽ ശുദ്ധമാ-
യൊരു വിഷാദമൊളിഞ്ഞിരുന്നെന്തിനോ!

ഈണമിട്ടു തുടിക്കുമാ പൊന്മണി-
വീണതൻ ലോലലോലതന്തുക്കളിൽ

ശോകസങ്കുലം തങ്ങിനിന്നു സദാ-
മൂകമാമൊരു ഗദ്ഗദസ്പന്ദനം...

... ... ...

ഒരുദിനം മമ മാറിൽ 'ഹലീമ'തൻ
കവിളണച്ചു മരുവുന്ന വേളയിൽ

പരിമൃദുലസ്വരത്തിലോതീ, "ഭവാൻ
പരിഭവിക്കരുതെൻ ജീവിതേശ്വരാ!

അറിക, ഭാരതരാജാധിരാജനായ്
പരിലസിക്കേണ്ട രാജകുമാരനെ

എളിയൊരീ ദാസി പ്രേമിച്ചുവെന്നതിൽ-
പ്പര,മപരാധമില്ല മറ്റൊന്നുമേ!

അനഘഭാഗ്യങ്ങൾ നിൻവഴിത്താരയി-
ലലരണിമെത്തയാരചിച്ചീടുവാൻ

മുളയിലേ പിഞ്ചി ദൂരത്തെറിയണ-
മിതളുനീർത്തിടുമീ രാഗവല്ലി നാം!

വെറുമൊരേഴയാമെന്നെ മറക്കുവാൻ
കരുണ താവകഹൃത്തിനുണ്ടാകുമോ?

കരളിലേ മണികോവിലിനുള്ളിൽ നിൻ
കനകരൂപം പ്രതിഷ്ഠിച്ചു നിത്യവും

രാഗപൂജകളർപ്പിക്കുവാനിവൾ-
ക്കേകണം നീ സദയമനുമതി..."

—കദനതപ്തമീ വാക്കുകൾ മാമക
ഹൃദയമാകെക്കൊട്ടങ്കാററുണർത്തവേ,

നനവെഴമാ മിഴികൾ, വിതുമ്പുമെൻ
ചൊടികളാൽ തുടച്ചേവം പറഞ്ഞു ഞാൻ:

"പൊൽകിരീടവും ചെങ്കോലുമാ രാജ-
മണ്ഡപത്തിലെ സിംഹാസനംപോലും

തൃണസമാനം കരുതുന്നു താവക-
പ്രണയദീപ്തിതൻ മുന്നിൽ ഞാനോമലേ!..."

അതിനിഗൂഢമീ ബന്ധ,മൊരുദിന-
മറിയുകയായയങ്ങന്തപ്പുരങ്ങളിൽ

താതനീ വാൎത്ത കേട്ടൊരു മാത്രയിൽ
ക്രോധ,മാളിജ്വലിച്ചു മിഴികളിൽ.

തടവറയ്ക്കുള്ളിൽ വീണു ഞാൻ, ചങ്ങല-
ത്തുടലു ചുററിപ്പിണയുന്ന മെയ്യുമായ്!

... ... ...

ശ്യാമളാകാശസീമയിൽ താരകൾ
താമരമിഴി ചിമ്മും നിശകളിൽ

വീണിഴകൾ തകൎന്ന വിപഞ്ചിയി-
ലീണമററ സംഗീതവുമായവൾ

ഞാനിരിക്കും തടവറതന്നുടെ
ജാലകത്തിനരികിലണഞ്ഞിടും.

ആ മിഴിനീർക്കണങ്ങൾ തുടയ്ക്കുവാ-
നായി നീളുമെൻ കൈയുകൾ രണ്ടിലും

ചങ്ങലകൾ കിലുങ്ങവേ പിഞ്ചിളം-
നെഞ്ചുപൊട്ടിത്തകൎന്നവൾ കേണിടും.

... ... ...

ഒരു രജനിയിലാരുമോരാതെയാ
തടവറതൻ തഴുതു തുറന്നവൾ

പൊൻതളികയിലെന്തോ വിഭവവു-
മേന്തിയെന്നടുത്തെത്തി നിശ്ശബ്ദയായ്!

അതുലഹഷാർദ്രലീനനായാ മധു-
മധുരരാഗോപഹാരം നുകന്നു ഞാൻ.

... ... ...

മിഴിതുറക്കവേ കണ്ടീല, കാരിരു-
മ്പഴികളൊന്നുമേ ഞാനെൻെറ ചുറ്റിലും

തടവറതന്നില,ല്ലൊരു ചെററമൺ-
കുടിലിനുള്ളിൽ കിടക്കുകയാണു ഞാൻ

അരികിലില്ലാ ഹലീമ!...പരിഭ്രമം
കലരുമെൻ മിഴി ചുററും പരതവേ

അതിവിനീതയായന്തികേനിന്നതാ-
മൊരു വയോവൃദ്ധയേവമുരക്കയായ്:

"തടവറയ്ക്കുള്ളിൽ ബോധവിഹീനനായ്
മിഴിയടച്ചു മയങ്ങിക്കിടന്ന നീ

ഇവിടെയെത്തീ ഹലീമതൻ ഭൃത്യരാ-
ലതിനിഗൂഢമായിന്നലെ രാത്രിയിൽ.

ലഹരിചേന്ന മധുരവിഭവമാ-
ണിരവിലേകീ നിനക്കവളിന്നലെ

തവ വിഭൂഷകൾ ചാത്തി ഹലീമയാ
തടവറയിൽ കിടക്കയാണിപ്പൊഴും—

അശപമൊന്നുണ്ടു മുററത്തു, നീയുടൻ
രക്ഷനേടുവാൻ രാജ്യംവെടിയണം!"

—ഇടിമുഴങ്ങിട്ടമന്തരാത്മാവുമാ-
യവിടെനിന്നും പുറപ്പെട്ടു ഞാനുടൻ.

അകലെ'യാഗ്ര'തൻകോട്ടയിൽ നില്ക്കുമാ
കഴമരത്തുമ്പിലായിരിക്കാമവൾ—

മരണമിപ്പൊഴാ ചെന്തളിർമേനിയേ
ഞരടുവാൻ കൈകൾ നീട്ടുകയാവണം—

സിരകളിൽ നീറുമഗ്നിശലാകയും
കരളിൽ നോവിൻവിതുമ്പലുമായി ഞാൻ

കിടിലമാർന്ന കൊടുങ്കാററുപോലവേ
ഞൊടിയിടയ്ക്കുള്ളിലെത്തിയങ്ങാഗ്രയിൽ.

അലറിട്ടുമൊരു പീരങ്കിതൻ രവ-
മകലെനിന്നുമുയർന്നതു കേട്ടു ഞാൻ

ചിതറി വീഴുന്നു രക്തം—ഹലീമതൻ
ഹൃദയരക്തം—പിടയ്ക്കുകയാണവൾ—

താമരത്തണ്ടുപോലെ തളർന്നതാ
വീണു മണ്ണിൽ ഹലീമ...യെന്നോമന!

കനകമഞ്ജുളസ്വപ്നങ്ങൾ പിഞ്ചിളം-
കതിരു ചാർത്തിയുലഞ്ഞൊരാ മാറിടം

ചുടുനിണം വാർന്നൊഴുകുന്നു മണ്ണിൽ!—ഹാ!
പിടയുമെൻമനം പൊട്ടിത്തകർന്നുപോയ്.

കരളിലാറാത്ത നോവിൻെറ നാമ്പുമാ-
യവിടെനിന്നുമിറങ്ങിത്തിരിച്ചു ഞാൻ

സീമയററ മരീചിയിലൂടൊരു
വേദനയായലഞ്ഞു തിരിയുവാൻ

കരുണയില്ലാത്ത ലോകത്തിലൂടൊരു
　　കദനഗാനതരംഗമായ് തേങ്ങുവാൻ.

... ... ...

മമ ഹൃദന്തരറാണിയാമോമന-
　　യ്ക്കൊരു മനോഹരസ്മാരകം കെട്ടുവാൻ
ധരണിയാകെയലഞ്ഞിട്ടൊടുവിലീ
　　യമുനതൻ തീരഭൂമിയിലെത്തി ഞാൻ.
ഇവിടെ നില്ക്കുമീ മാർബിൾകുടീരമാ-
　　ണവളുറങ്ങുമനശ്വരമണ്ഡപം!..."

മൂന്ന്

കഥപറഞ്ഞയാൾ നിർത്തി... കവിഞ്ഞ തൻ
　　മിഴികളൊപ്പുകയാണതാ ഷാജഹാൻ.
"പ്രിയസഹോദരാ, മാപ്പിവന്നേകണം..."
　　കഴലിൽ വീണു കരയുന്നു മന്നവൻ!
"വേദനകളെഴാത്തതാമപ്സര-
　　മേഖലകൾ വെടിഞ്ഞവൾ നിത്യവും
മണിമുകിലിന്റെ മഞ്ചലിലേറിയി-
　　ങ്ങണയുമെന്നുടത്തേകാന്തരാത്രിയിൽ..."

... ... ...

വിങ്ങുമാത്മാവിൽ നൊമ്പരത്തോടവർ
　　മെയ്മുകന്നു നിശ്ശബ്ദരായ് നില്ക്കവേ
നോവുടൽ പൂണ്ട വെൺമാടമെന്നപോൽ
　　മേവി പിന്നിലാ മാർബിൾകുടീരകം...

തളിരണിനീലമുന്തിരിച്ചില്ലകൾ
തഴുകിയെത്തിയ പാതിരാത്തെന്നലിൽ

യമുനതൻ മൗനസാന്ദ്രമാംഗദ്ഗദ-
മലയടിച്ചു വിതുമ്പിനിന്നീവിധം:

"...മമ ഹൃദന്തരരാഗവിപഞ്ചിയിൽ
മധുരഗാനമുണർത്തിയ സ്വപ്നമേ!

ഒരു ശരത്കാലനീരദലേഖപോ-
ലകലെ മാഞ്ഞു...മിഴിനീരുമായി നീ..."

# ദുഗ്ദ്ദേവത

ഒരു ചൈനീസ് നാടോടിക്കഥയാണിതു്. ബി. സി. ഇരുന്നൂറാമാണ്ടിനോടടുത്തു് ചൈനയിലെ 'വൻകോട്ട' നിർമ്മിക്കപ്പെട്ടപ്പോഴം നടന്നതായി കരുതപ്പെടുന്ന ഒരു കഥ. ഇതിലെ നായികയായ 'മെങ്ങ്'' വിശുദ്ധിയുടേയും പാതിവ്രത്യത്തിന്റേയും പ്രതീകമായി ഇന്നും ആരാധിക്കപ്പെട്ടുപോരുന്നുവത്രേ.

ഇളകിത്തുടിക്കുന്ന
        തൂവെണ്ണിലാവിൽ, വെള്ളി-
മുകിലിൻ തുകിൽ ചാർത്തി
        നീരാടി നിന്നു രാത്രി.

കാർത്തികനക്ഷത്രങ്ങൾ
        വിണ്ണിൽനിന്നഴകിന്റെ
പൂത്തിരി നീട്ടീ, നിശാ-
        ഗന്ധികളിതൾ നീർത്തീ

തേയിലക്കാടിൻ നീല-
        മേലങ്കി ചാർത്തും കുന്നിൻ-
താഴ്‌വരതന്നിൽ, വീണ-
        മീട്ടുമാ പുഴവക്കിൽ

രണ്ടു ചേമന്തിപ്പൂക്കൾ
        വാരിതളുരുമ്മുംപോൽ
ചുണ്ടുകൾ ചേർത്തു പ്രേമ-
        ലോലമാ ഹൃദന്തങ്ങൾ!

ഗാനസാന്ദ്രമാമോമൽ
പുൽത്തണ്ടുമായ് നില്ക്കും തൻ
പ്രാണനാഥനാം 'ഫാങ്ങി'ൻ
മാറിൽ ത്തുമുഖം ചായ്ച്ചു,

കതിരിട്ടീലെന്തെന്തു
സ്വപ്നങ്ങൾ 'മെങ്ങി'ൻ കുഞ്ഞി-
ക്കരളിൽ—നീലപ്പീലി-
ച്ചാർത്തെഴും മിഴിക്കോണിൽ!

നിസ്തുലസ്നേഹത്തിന്റെ
രണ്ടു കുഞ്ഞോളങ്ങൾപോൽ
നിത്യമത്താഴ്‌വാരത്തിൽ-
വച്ചവർ സമ്മേളിക്കും

'ഫാങ്ങ്'—ഒരു കലാകാരൻ;
ജീവിതമരീചിയിൽ
ഗാനവീചികൾ പക-
ർന്നലയും സ്വപ്നാടകൻ.

ഗ്രാമസൗഭഗത്തിന്റെ
ദേവദൂതിയാം മെങ്ങിൻ
പ്രാണനാളത്തിൻ തന്ത്രി
മീട്ടുവാനവൻ വന്നു

മൂകയാമിനിയുടെ
തീരരേഖകൾതോറും
രാഗലോലുപരവർ
ഹർഷമാർന്നലയുമ്പോൾ

തങ്ങളിലലിഞ്ഞൊരാ
ജീവിതങ്ങളോടൊത്താ
കുന്നുകൾ വാരിച്ചാർത്തീ
വാസന്തനീരാളങ്ങൾ.

രണ്ട്

ശത്രുവിൽനിന്നും 'ചീന'-
നാടിനെ രക്ഷിക്കുവാൻ
ചക്രവർത്തിതൻ ബുദ്ധി-
ശാലകളൊരുങ്ങവേ

കല്പനയുണ്ടായ് കോട്ട
കെട്ടുവാൻ, സാമ്രാജ്യത്തിൻ
തെക്കുതൊട്ടതിരില്ലു-
ട്ടത്തരാന്തത്തോളവും

എത്തണം യുവാക്കന്മാ-
രൊക്കെയാ മഹാദുർഗ്ഗം
കെട്ടുവാൻ—ചെങ്കോലിൻെറ
കല്പന പാഞ്ഞൂ നാട്ടിൽ

വയലേലയിൽ, നീല-
ത്തേയിലക്കാട്ടിൽനിന്നു-
മണിയായ് ഭയപ്പെട്ടു
നാട്ടുകാർ തിരിക്കയായ്

ചേറു ചുമ്മുവാൻ, കരി-
മ്പാറകൾ പൊട്ടിക്കുവാൻ
രാജശക്തിതൻ നിത്യ-
സ്മാരകമുയർത്തുവാൻ!

തുവിയപ്പിനാൽ, ചോര-
പ്പശയാലൊന്നൊന്നായി-
ട്ടാ മഹാദുർഗ്ഗത്തിൻെറ
കല്ലുകളുറയ്ക്കവേ,

'ആളുകൾ പോരാ!'—തിരു-
വായ്മൊഴി കേൾക്കായ്; പാഞ്ഞു
നാലുപാടുമാ രാജ-
കിങ്കരരാളേത്തേടാൻ.

മുത്തണിക്കിരീടത്തിൻ
വേരുറപ്പിക്കാൻ വേപ്പും
രക്തവും നരകുത്തി-
യെമ്പാടുമോളംതത്തി.

മധുരോന്മദജീവി-
തത്തിൻെറ മണിയറ-
യ്ക്കകമേ 'ഫാങ്ങും' 'മെങ്ങും'
കൈകൾ കോർത്തുലാവുമ്പോൾ

രാജകല്പനയുടെ
കൈവിലങ്ങേന്തിക്കൊണ്ടു
ചാരെയെത്തുകയായീ
ചാരകിങ്കരവർഗ്ഗം...

ബന്ധിതങ്ങളായ് 'ഫാങ്ങി'ൻ
കൈയുകൾ—മനോജ്ഞമാ
പുൽത്തളിർത്തണ്ടിൻ ഗാന-
വീചികൾ നിലച്ചുപോയ്...

### മൂന്നു്

നാളുകൾ നീങ്ങി, കണ്ണു-
　　നീരിലൂടിഴയുന്ന
നാളുകൾ—മെങ്ങിൻ ഹൃത്തിൽ
　　നോവിൻെറ തീയാളുന്നു!

മിഴിയിൽ മിന്നുങ്ങുന്ന
　　മുത്തുമാലയും, നീറും
കരളിൽ കിനാവിൻെറ
　　മുന്തിരിക്കുലയുമായ്

കാത്തിരുന്നവൾ, നീണ്ട
　　നാളുകൾതോറും പ്രിയ-
കാന്തനേ—യനുരാഗ-
　　ഗന്ധർവ്വകുമാരനേ.

തളരും മെയ്യിൽ വേർപ്പിൻ
　　ചാല്യമായ് കരിമ്പാറ
ച്ചുമലിൽ പേറിക്കൊണ്ടു
　　നീങ്ങുകയാവാം കാന്തൻ.

ഉൾക്കളം വിങ്ങി മെങ്ങി-
　　നോർത്തിട്ടുംതോറും, പ്രിയ-
നെത്തുവതെന്നാ?—ണൊരു
　　വാർത്തയുമറിവീല!

അമ്പലമുററത്തീശ-
　　വന്ദനത്തിനായ്, തുട്ടു-
സന്ധ്യപോൽ കൈകൾ കൂപ്പി
　　നിന്നവളൊരുവിട്ടം:

"...ദേവതമാരേ! വാടി-
ത്തളരുന്നൊരെൻ ജീവ-
നാഥനു തുണയായി-
ട്ടെത്തണേ നിങ്ങൾ നിത്യം..."

നാല്

വീണമീട്ടിയ കൈകൾ
വേലയാൽ തഴമ്പിൻെറ
മോതിരമണിയവേ
വളർന്നൂ ദുർഗ്ഗം വേഗം

അണച്ചും, കട്ടംചോര
തുപ്പിയും വിവശനായ്
പണിയും ഫാങ്ങിൻ മേനി
ശുഷ്കമായ് ദിനംതോറും.

തളരാൻ പാടില്ലതാ-
ണാജ്ഞ, ധിക്കരിച്ചെന്നാൽ
തല കൊയ്യുവാനെത്തും
രാജശക്തിതൻ ഖഡ്ഗം!

നൊമ്പരത്തിനാൽ മേനി
വിങ്ങിടുമ്പൊഴും ഫാങ്ങിൻ
ചിന്തയിൽ പുളകത്തിൻ
നാമ്പുകൾ മുളപ്പിക്കാൻ

ഓമനക്കിനാവിൻെറ
പരിവേഷമിട്ടെത്തു,-
മോർമ്മകൾ—മെങ്ങിൻ ചുററും
പടരും സങ്കല്പങ്ങൾ!

അഞ്ച്

തപ്തമാം നെട്ടവീർപ്പാൽ
ജ്വലിക്കും നിമിഷങ്ങൾ
കോർത്തുടക്കിയ നീണ്ട
ചങ്ങലത്തുടൽപോലെ,

നാളുകൾ നീങ്ങി, മെങ്ങിൻ
കരളിൽ തുടിക്കും തീ-
നാളത്തിൻ കരിന്തിരി-
യെണ്ണവീണാളിക്കത്തി.

ഒരു വെണ്ണിലാവണി-
രാത്രിയിൽ, നക്ഷത്രങ്ങൾ
നിറകണ്ണുകളൊപ്പി
മൂകരായ് നില്ക്കുന്നേരം

വീട്ടവിട്ടവൾ, പ്രിയ-
കാന്തനേ തിരയുവാ-
നാടലിൻ വെയിലേററു
വാടിയ കരളുമായ്!

തെന്നലേററൊരു നീല-
മുന്തിരിയില ഞെട്ട-
റ്റങ്ങനെ പറക്കുംപോ-
ലേകയായവൾ നീങ്ങി

പാതയിൽ വെട്ടംപാകി
ത്തുമിന്നാമിനുങ്ങുകൾ
പാതിരാമലരുകൾ
മുത്തണിക്കുടനിീർത്തി

മിഴിയിൽ വിഷാദത്തിൻ
ചുട്ടനീരുമായ് നീന്തി-
യവളോടൊപ്പം നീല-
മേഘപാളികൾ വിണ്ണിൽ.

നീളുമാ വഴിത്താര-
യോരോന്നു പിന്നിട്ടവൾ
നീലിച്ച വനങ്ങളി-
ലണഞ്ഞു വസന്തംപോൽ.

ആറ്

ഒരുനാ,ളുഴറുന്ന
കണ്ണുമായവളെത്തീ
നിറവിണ്ണുരുമ്മുമാ
ദുർഗ്ഗത്തിൻ സമീപത്തിൽ

പണിയുന്നുണ്ടിപ്പോഴു-
മേറെയാളുകൾ—പ്രാണ-
പ്രിയനെക്കാണാൻ ദാഹ-
മാർത്തിരമ്പുന്നു ഹൃത്തിൽ!

അവരോടന്വേഷിച്ചു
ഗാനലോലനാമൊരു
കവിയെക്കുറിച്ചവൾ
കരയും കരളുമായ്.

പതറും കൈയാലല്പ-
മകലെച്ചൂണ്ടിക്കൊണ്ടു
പറയുന്നൊരാൾ—“കുഞ്ഞേ!
പൊലിഞ്ഞു നിൻ സ്വപ്നങ്ങൾ—

കോട്ടയിൽനിന്നും താഴെ
വീണൊരാ യുവാവന്ത്യ-
നിദ്രയിലാണാ വെള്ള-
ക്കൽത്തറതന്നാത്മാവിൽ...''

കരൾ വിണ്ടിട്ടുംപോലെ
വിതുമ്പിപ്പൊട്ടിപ്പൊട്ടി-
ക്കരഞ്ഞാ തയ്യൽ!—വാനിൽ
കൊള്ളിമീനുകൾ ചീറി...

## ഏഴ്

വെൺമുകിൽത്തുവാലയാൽ
കണ്ണുനീരൊപ്പിക്കൊണ്ട
നിന്നുപോയ് നിശീഥിനി
മൂക,മാ രംഗം കാൺകെ!

ജീവനായകൻ പ്രേമ-
ലോലമാം പൂൽത്തണ്ടുമായ്
വീണുറങ്ങിടുന്നൊരാ
കൽത്തറയ്ക്കരികിലായ്

ചിറകററൊരു കുഞ്ഞു
രാക്കിളിക്കൊപ്പം തേങ്ങി-
പ്പിടയു,ന്നകളങ്ക-
യാമൊരു വനകന്യ!

... ... ...

മുഗ്ദ്ധമാമഴകിന്റെ
ദേവതയൊരുവൾവ-
ന്നെത്തിയെന്നൊരു വാർത്ത
പരന്നു കൊട്ടാരത്തിൽ.

ആ വനകുസുമത്തെ
തൻ കിരീടത്തിൽ ചാർത്താ-
നാശയോടെഴുന്നള്ളീ
ചക്രവർത്തിയന്നേരം...

മിഴിനീരിനാൽ വയ്യെ-
ന്നോതുന്ന മെയ്യിൻ മുന്നി-
ലിളകീ തിളക്കത്തോ-
ടിടിവാൾ—തീനാമ്പുകൾ.

ചക്രവർത്തിതന്നാജ്ഞ
ധിക്കരിക്കയോ വെറും
പുല്ക്കൊടി?...വിലങ്ങുകൾ
കുലുങ്ങിച്ചിരിക്കുന്നു.

കണ്ണുനീരൊപ്പിക്കൊണ്ടു
ചൊന്നവൾ—"വരുന്നു ഞാ-
നങ്ങതന്നന്തഃപുര-
ദാസിയായ് ജീവിക്കുവാൻ.

ദയവുണ്ടാമോ കാട്ടി-
ത്തരുവാ,നെൻ ജീവേശ-
നൊട്ടവിൽ പണിചെയ്തു
നിന്നൊരാ സ്ഥലം ദേവാ!..."

... ... ...

രാജദൂതരാലനു-
ഗതയായ് ദുർഗ്ഗത്തിന്റെ
ഗോപുരത്തിനു മേലാ
വെൺശിലാതളിമത്തിൽ

നില്ക്കവേ മെങ്ങിൻ കണ്ണിൽ
കിനിഞ്ഞു പേർത്തുംപേർത്തു-
മുൽക്കടശോകത്തിന്റെ
തപ്തമാം നീർണ്ണബാഷ്പം!

ആ മഹാദുർഗ്ഗത്തിനു
കാൽച്ചിലങ്കകൾ ചാർത്തും
വാരിധി തിരകളാൽ
കൈ മാടിവിളിക്കവേ,

ഒരു കൊള്ളിമീൻപോലെ
പായുകയായീ മെങ്ങിൻ
തളിർമെയ്—മൃതിയുടെ
മാറിൽവീണുറങ്ങുവാൻ...

ചക്രവർത്തിയും പാരാ-
വാരവും മിഴിനട്ടു-
നില്ക്കവേയൊരു സ്വർണ്ണ-
മേഘംപോലവൾ മാഞ്ഞു!

എട്ട്

ഇന്നുമാ ദുർഗ്ഗത്തിന്റെ
ദേവതയായ് നിത്യവും
മെങ്ങിനെയാരാധിപ്പൂ
ചീനരാദരപൂർവ്വം...

അകളങ്കമാം പ്രേമ-
ദീപ്തിതൻ പ്രതീകമാ-
യവളെപ്പൂജിക്കുന്നൂ
കന്യകാഹൃദയങ്ങൾ.

തേയിലത്തളിർനാടി-
ന്നോർമ്മയിലൊരു ഹർഷ-
വീചിയായിന്നും മെങ്ങിൻ
ജീവിതം ജീവിക്കുന്നൂ!

# സൊന്തം പവാനി

തപാലാഫീസിൽ വന്നെത്തുന്ന, ഉടമസ്ഥനില്ലാത്ത കത്തുകൾക്കു് 'ഡെഡ്-ലെററർ' എന്നാണു പറയുക. അങ്ങനെയുള്ള ഒരു കത്തും, അതിൽ ഒട്ടിനില്ക്കുന്ന ദുഃഖംപുരണ്ട കുറെ ഓർമ്മകളുമാണു് ഈ കഥയുടെ പ്രമേയം. നാട്ടിൻപുറത്തെ ഒരു പോസ്ററുമാസ്റ്ററുടെ കൈയിൽ ഒരു ദിവസം ഒരു 'ഡെഡ്-ലെററർ' വന്നെത്തുന്നു. ആ കത്തിന്റെ കഥ, അയാളുടെ മനസ്സിൽ അസ്പഷ്ടമായ വേദന പകർന്നുകൊണ്ടു ചുരുൾ വിടർത്തുന്നു.

[1]ഡെഡ്–ലെറ്ററാഫീസിലേക്കു ഞാനിന്നലെ
ഡസ്പാച്ചു ചെയ്യാനൊരുങ്ങുന്ന വേളയിൽ
എന്മിഴിത്തുമ്പിലുടക്കിയാ കത്തിലേ
കണ്ണുനീരുറിപ്പടന്നൊരരീ വാക്കുകൾ:
"...ഒന്നു കാണാനെന്തു മോഹം!...തളരുന്ന
കണ്ണുമായ് നിങ്ങളെ കാത്തിരിക്കുന്നു ഞാൻ.
സ്വന്തം പവാനി..." (ഒരജ്ഞാതദുഃഖമെ–
ന്നന്തരാത്മാവിൽ പതഞ്ഞുപൊന്തുന്നുവോ?)
അഡ്രസ്സു വായിച്ചുനോക്കി ഞാൻ—പോസ്റ്റുമാൻ
റെഡ്ഡിംഗിനാലതു വെട്ടിയിട്ടിങ്ങനെ
കുത്തിക്കുറിച്ചിരിക്കു:"ന്നൊരു വാരമായ്
ചത്തിട്ടു [2]മേ. വി., മടക്കി അയയ്ക്കണം."
മാധവൻ!—ബീഡിക്കറയെഴും ചുണ്ടത്തു
മായാതെ നില്ക്കുന്ന ചൂളംവിളിയുമായ്
സന്ധ്യതൻ നീളും നിഴൽപ്പാടിനുള്ളിൽ നി–
ന്നെന്തോപറഞ്ഞെന്നടുത്തണയുന്നുവോ?

---

1 ഉടമസ്ഥരില്ലാത്ത കത്തുകൾ തപാലാഫീസ്സുകാർ ഡെഡ്–ലെറ്ററാഫീസിലേക്കയയ്ക്കുന്നു.

2 'മേ. വി.'—മേൽവിലാസക്കാരൻ എന്നതിൻെറ സംക്ഷിപ്ത രൂപം.

ഇല്ലി,നിക്കാണില്ല സ്നേഹാദരങ്ങളുൽ-
ഫുല്ലമായ് തീർത്താരാ ഹാസമൊരിക്കലും—

മെററല്ലടസ്സും വഴിവക്കിൽ നിന്നുമാ
പൊട്ടിച്ചിരിയിനി കേൾക്കില്ലൊരിക്കലും!

ഡെഡ്-ലെറ്ററാഫീസിലേക്കു ഞാനാ കത്തു
ഡസ്പാച്ചു ചെയ്യുവാനായിട്ടൊരുങ്ങവേ

എൻകരൾത്തുമ്പിൽ പുകഞ്ഞു നില്പാണൊരു
'സൊന്തം പവാനി' കരിന്തിരി മാതിരി.

കാണാത്ത ഗ്രാമീണകന്യകേ! നിന്മിഴി-
ക്കോണിൽ മിനുങ്ങുമാ കണ്ണാടിമുത്തുകൾ

ചിന്നിയുടഞ്ഞു ചിതറുന്നു, മാമക
ചിന്തതൻ വെള്ളപ്പളുങ്കണിത്തിണ്ണയിൽ.

... ... ...

കാരിരുമ്പൊത്തോരുടലിൽ ചുട്ടുവേർപ്പു-
നീരുമായ്, വെയ്‌ല് തിളസ്സുമീ വീഥിയിൽ

നാലാളെടുക്കാത്ത കൂട,മൊരല്പവു-
മായാസമില്ലാതുയർത്തിപ്പിടിച്ചോരാൾ

മെററല്ലടസ്സുന്നകാണാം—അഭിമാന-
മൊട്ടു തോന്നും നമുക്കദ്ധ്വാനശക്തിയിൽ!

ചുണ്ണാമ്പുകൊണ്ടു വരച്ചതുപോലെയാ
കണ്ണുകൾ മിന്നിത്തിളങ്ങുമെല്ലായ്പൊഴും,

ഏതോ വിദൂരത പോററുന്ന പ്രേമാനു-
ഭൂതിതൻ വററാത്ത മുന്തിരിച്ചാറിനാൽ

ഉള്ളം തുളുമ്പുകമൂലമാവാം, തെല്ലു-
മില്ലാ തളച്ച്വയാ മേനിക്കൊരിക്കലും.

തൻകരൾക്കൂട്ടിലിരുന്നു കുറുകുമാ
വെൺപിറാപ്പേടയേ—'സൊന്തം പവാനി'യെ

ഓമൽക്കിനാവിൻെറ പൊല്ക്കതിർ മുത്തേകി-
യോരോ നിമിഷവും കൊഞ്ചിക്കയാമവൻ—

വേലകഴിഞ്ഞു മടങ്ങവേ, മൂവന്തി-
വേളയിൽ കണ്ടിട്ടും ഞങ്ങൾ പരസ്പരം.

'എന്താണു മാഷിന്നു വൈകിയ?'—തീമട്ടി-
ലുണ്ടൊരു ലോഹ്യം, കടന്നയാൾ പോകവേ.

തമ്മിലടുത്തുപോയ് ഞങ്ങൾ; (വിരഹികൾ-
ക്കങ്ങനെയുണ്ടൊരു മുജ്ജന്മവാസന!...)

നട്ടുച്ചചായുമ്പൊഴാഫീസു കൗണ്ടറിൽ
തിക്കുംതിരക്കുമൊഴിയുന്ന വേളയിൽ

ദുഃഖസത്യങ്ങളെച്ചൊല്ലിത്തപിക്കുന്ന
ഹൃത്തുമായെന്നിലെ ഭീരുവാം കാമുകൻ

കത്തെഴുതാനായിരിക്കും—മനോരാജ്യ-
തീർത്ഥങ്ങളിൽ മുങ്ങി നിർവൃതിക്കൊള്ളുവാൻ!

"എത്താത്ത പുഷ്പമാണെന്നറിയുന്നു ഞാ-
നെങ്കിലു,മെന്തിനോ മോഹിച്ചുപോയ് മനം—

വെള്ളിനക്ഷത്രമേ!..." തൂലിക, കണ്ണുനീർ-
ത്തുള്ളിയാലീപ്പ്മാന്റേവമിഴയവേ,

"മാഷേ തിരക്കില്ലയെങ്കിൽ..."—പതുക്കനാ-
മീ ശബ്ദമെന്നെക്കുലുക്കി വിളിക്കയായ്...

ഇത്തിരി നീരസം തോന്നുമാ സ്വർഗ്ഗത്തി-
ലെത്തുമുറുമ്പിനോടപ്പോഴെന്നാകിലും
ഭാവിക്കയില്ലാ; (വിരഹികൾക്കുണ്ടനു-
ഭാവം പരസ്പരമേതു ഘട്ടത്തിലും!)

"പത്തു നാളാ,യെന്റെ മാഷേ! ഭവാനിതൻ
കത്തു കണ്ടി,ട്ടൊരു കാർഡിന്നിഴതണേ..."
—കാർഡൊന്നെടുത്തു ഞാൻ മുന്നിൽ വയ്ക്കുമ്പൊഴേ
പാടേ മറക്കും പരിസരം മാധവൻ.

(എന്തേ?—ഭവാനി ചിരിച്ചു കുഴഞ്ഞുകൊ-
ണ്ടന്തരംഗത്തിൽ ചുവടുവയ്ക്കുന്നുവോ?...)
അക്ഷരശുദ്ധിയി,ല്ലുച്ചാരണത്തിനി-
ല്ലല്പം സ്ഫുടതയും ചന്തവുമെങ്കിലും

പായുമനർഗ്ഗളം വാക്കുകൾ—കാട്ടാറു
പാറയിൽ വീണു ചിതറിയ മാതിരി!
ഒക്കെപ്പകർത്തണ,മിത്തിരിപ്പോന്നതാ-
മക്കൊച്ചുകാർഡിന്നതിർത്തികൾക്കുള്ളിൽ ഞാൻ.

മാരിവില്ലിൻ വർണ്ണഭംഗികൾ, തേനെഴും
മാതളപ്പൂവിൻ സുഗന്ധലഹരികൾ—
വർണ്ണിച്ചിടാറി(ല്ലറിയില്ലയാൾക്കു)തൻ
കണ്മണി വായിച്ചു നിർവൃതിക്കൊള്ളുവാൻ.

'താരണി വാസന്തമേ!—' (മമ കത്തിലേ
തീരാത്ത വാചകം വിങ്ങുന്നു പേനയിൽ...)
മുൾപ്പടർപ്പിൽ മന്ദഹാസം പകർന്നാക്കു-
മുൾത്തരിപ്പേകുന്ന പൂങ്കുലമാതിരി

ഭംഗിയില്ലാത്ത പദങ്ങൾ തന്നാത്മാവി-
　　ലെങ്കിലും, നിന്നു ത്രസിപ്പൂ കിനാവുകൾ...

(എന്തിനും പോരുന്ന ധീരതയാജ്ജിച്ച
　　ചങ്കിലേ തീയിൽ കുരുത്ത കിനാവുകൾ!—)

ആളിപ്പടരും വറുതിതൻ ചൂളയിൽ
　　വീണു പിടയുന്ന പൂമ്പാററയാണവൾ.

ആദ്യപുഷ്പോത്സവമിന്നോളമെത്താത്തൊ-
　　രാത്മദാഹത്തിൻെറ പൂന്തോട്ടമാണവൾ.

കത്തിക്കരിയുമാ ജീവനിൽ ചെന്തളിർ-
　　ത്തൊത്തുകൾ, ഹഷ്ങ്ങ,ളങ്കുരിപ്പിക്കുവാൻ

വാക്കിലൊതുങ്ങുവാനാവാത്തൊരാ പ്രേമ-
　　വാഹിനി തൂകുന്ന ശീതളധാരകൾ...

എന്തൊരാവേശം!—(മുഖം പൊത്തിട്ടന്നെൻെറ
　　നെഞ്ചിലേ ഭീരുവാം കാമുകൻ ലജ്ജയാൽ—)

വറ്റാത്തൊരാത്മവിശ്വാസത്തിൽനിന്നുറ-
　　വിട്ടൊഴുകീട്ടമാ രാഗതരംഗിണി

സ്വച്ഛമാംഭാവിതൻ വെണ്മണൽത്തിട്ടയിൽ
　　പച്ചകൾ തുന്നിപ്പതഞ്ഞൊലിച്ചങ്ങനെ

കാണാത്തൊരാ നാട്ടമങ്കതന്നേകാന്ത
　　രോമഹഷ്ങ്ങളിലാണ്ടു ലയിച്ചിട്ടം...

എൻെറ സങ്കല്പത്തിലപ്പോൾ തെളിയുമീ
　　രംഗം—വികാരം തരിപ്പിച്ച കൈകളാൽ

ബോഡീസിനുള്ളിലൊളിച്ചുപിടിച്ചൊരീ
　　കാർഡു രഹസ്യമായ് വായിച്ചു കേൾക്കുവാൻ

'നാണി'തൻ മെയ്യോട്ടുരുമ്മി നില്ക്കുന്നൊരു
നാണംകുണുങ്ങി! (ചിരിച്ചുപോകുന്നു ഞാൻ)

പിന്നൊരു സന്ധ്യയ്ക്കു കാണാം, മടിക്കുത്തിൽ-
നിന്നൊരു കത്തും വലിച്ചൂരി മാധവൻ

മഞ്ഞച്ചിരിയുമായെത്തുവ,തെന്തൊരു
ജിജ്ഞാസയാണാ തിളങ്ങും മിഴികളിൽ!

ആഫീസടച്ചിട്ട, സ്വസ്ഥനായ് ഞാനെന്റെ
കീശയിൽ ചുങ്ങിക്കിടക്കുന്ന കത്തിനാൽ

മസ്തിഷ്കമിത്തിരി പ്രേമാനുഭൂതിയിൽ
ശുദ്ധിവരുത്തി മിനുക്കിത്തുടസ്സുവേ—

'സൊന്തം പവാനി'തൻ കത്തുമായിട്ടെൻറ
സ്വർഗ്ഗത്തിലെത്തുന്ന കട്ടുറുമ്പാണയാൾ.

(പോകാതെ മാറി വരാന്തയിൽ നില്ക്കുമാ
പാവ,മെൻ ജോലിത്തിരക്കൊന്നൊഴിയുവാൻ)

—മുററത്തു ഞാലും ശതാവരിവള്ളിയിൽ
രക്തപുഷ്പങ്ങൾ വിരിയുമ്പൊഴൊക്കെയും

ഓർത്തുപോകുന്നു ഞാൻ ചേട്ടനെ...യെൻ കവിൾ-
ത്തട്ടിൽ, കരളിൽ വിരിയുന്നു പൂവുകൾ.

...ഇന്നലെ രാവിൽ കിനാവൊന്നു—(നാണമാ-
ണിന്നതോർക്കുമ്പോളെഴുതുവാൻ) കണ്ടു ഞാൻ!

പിന്നൊരു കാര്യം—'പറക്കോട്ടു'നിന്നൊരാൾ
'പെണ്ണുകാണാ'നായി വന്നിരുന്നിന്നലെ—

(കല്ലുകടിച്ചുവോ തേന്മധുരത്തിൽ?) എൻ
വെള്ളിനക്ഷത്രമേ, വേദനിക്കുന്നു ഞാൻ...

"മാഷിൻെറ ജോലി തീൎന്നില്ലേ? ..." തിരക്കുന്നു
മാധവൻ വിസ്ലിച്ചിരിയോടെ പിന്നെയും!

നീരസമെന്തെന്നറിയില്ലയാൾ—ക്കതാ
നീളുന്നു വീണ്ടുമാ കൈയുകൾ കാർദ്ധ്യമായ്

വേപ്പിൽ കുതിൎന്ന കഥതൊന്നുരണ്ടാവത്തി
കേൾപ്പിച്ചു ശല്യമൊഴിക്കുകയായി ഞാൻ.

കൗതുകമോല്യമാ വാക്കുകളൾക്കൊണ്ട
കൈതമലരിൻ സുഗന്ധലഹരിയിൽ

ആമഗ്നമാകും കരളിലൊരുകുടം
രോമഹർഷങ്ങളുമായയാൾ പോകവേ

എന്മനസ്സിൽ ദളം നീൎത്തുകയായഗ്നി—
വൎണ്ണസുഗന്ധിയാ മേകാന്തകുഡ്മളം...

—ഉജ്ജ്വലിച്ചീടുകയാണെൻെറ ചേതന-
ഷ്ക്കുള്ളിൽ ഭവാനി ശരൽസന്ധ്യമാതിരി!

... ... ...

എത്രയോവട്ടമുരുക്കഴിച്ചിട്ടുണ്ടു
വററാത്ത കൗതുകമോടാ കഥയയാൾ.

ദൂരെപ്പടിഞ്ഞാ,ററബിക്കടലിൻെറ
തീരത്തെഴമൊരു കുഗ്രാമഭൂമിയിൽ

കുമ്പിട്ടുനില്ക്കുമൊരു കുടിലിൻ പ്രേമ-
സംഗീതമാണു തുടിപ്പതാ ജീവനിൽ.

അപ്രേമഗാഥയ്ക്കു താളം പകരുന്നി-
തെപ്പൊഴമങ്ങെഴം 'റാട്ടി'ൻെറയൊച്ചകൾ.

തൊണ്ടുതല്ലാനവൾ പോകുന്നു കൂട്ടരൊ-
ത്തെങ്കിലും പട്ടിണിയാണങ്ങു നിത്യവും.

ഈ മലയോരത്തു വേലയ്ക്കു വന്നിട്ടു
നാലു വർഷങ്ങൾ കഴിയുന്നു മാധവൻ.

"അത്രടം ചെന്നൊന്നു കാണാനതിൽപിന്നെ-
യൊത്തില്ല"—തിനുണ്ടു മററൊരു കാരണം

ഇത്തിരിക്കൂടിപ്പണവുമായ് വേണമ-
ങ്ങെത്തുവാൻ; പിന്നെ 'വിസിനസ്സു' ചെയ്യണം

(തൊണ്ടഴുക്കുന്ന വിസിനിസ്സതിൽനിന്നു
തൻ ഭാവിയൊരു കരുപ്പിടിപ്പിക്കണം...)

തൻ കളിത്തോഴി 'പവാനി'യേയെന്നിട്ടു
സ്വന്തമാക്കീടണം—നീളുന്നൊരാശകൾ...!

മെററല്ലുടയ്ക്കുവാൻ കൈകൾക്കു നിത്യവും
ശക്തിയേകുന്നവയാണീ കിനാവുകൾ

എന്തിനും പോരുന്ന ധീരതയാർജ്ജിച്ച
ചങ്കിലേ തീയിൽ കുരുത്ത കിനാവുകൾ!

വേലയാൽ വാടിത്തളർന്ന രണ്ടാത്മാക്ക-
ളാലസ്യമോടെ മയങ്ങാൻ കിടക്കവേ

വാരിത്തഴുകിടും, തങ്ങളിലാറാതെത്താ-
രാവേശമോടെത്ര ദൂരെയാണെങ്കിലും...

... ... ...

ഡെഡ്-ലെറ്ററാഫീസിലേക്കു ഞാനിന്നലെ
ഡസ്പ്പാച്ചു ചെയ്തോരാ കത്തിന്റെയോർമ്മകൾ

കത്തിപ്പടരുകയാണെൻെറ ചിന്തയിൽ
ദുഃഖസ്സ്ഫുലിംഗമായോരോ നിമിഷവും—

ഉള്ളം പിടയുന്നുവെങ്കിലും, കണ്ണുനീ-
രുള്ളിലമർത്തി മുഴമിച്ചിടട്ടെ ഞാൻ—

മെററല്ലുടയ്ക്കുന്ന വേളയിൽ മാധവൻ
നെറ്റിയിൽ ചില്ലൊന്നുകൊണ്ടു മരിച്ചുപോയ്—

ഏഴു ദിനങ്ങൾക്കു മുൻപു ഞാൻ കണ്ടൊരാ
ദാരുണരംഗം പിടയുന്നു കൺകളിൽ

കുത്തിയൊലിച്ചു പതഞ്ഞൊരുണങ്ങാത്ത
രക്തമിഴകിപ്പിടിക്കുന്നു ജീവനിൽ

അന്നും പതിവുപോൽ കത്തെഴുതിക്കുവാൻ
വന്നിരുന്നു തപാലാഫീസിൽ മാധവൻ

"നാലു മാസങ്ങൾ കഴിയുകി,ലിങ്ങുള്ള
വേല തീരും... പിന്നെ നാട്ടിൽ വരുന്നു ഞാൻ."

അന്നു മൂവന്തിക്കു കണ്ടേൻ തൊഴിലാള-
രൊന്നുചേർന്നാ ജഡം കൊണ്ടുപോകുന്നതും,

ചോര നീരാക്കിക്കുതിർത്ത മണ്ണോടയാൾ
ചേരുന്നതും—(വീണുകേണുപോയെന്നിൽ
ഞാൻ)

... ... ...

"ഒന്നു കാണാനെന്തു മോഹം!... കവിയുന്ന
കണ്ണുമായ് നിങ്ങളെ കാത്തിരിക്കുന്നു ഞാൻ..."

എത്തീ ഭവാനീ!... പതിവുപോൽ നിൻെറയീ
കത്തയാൾക്കിന്നലെ,... യാരുണ്ടു വാങ്ങുവാൻ?

സ്വപ്നങ്ങളിൽ മലർക്കൂടൊന്നു കൂട്ടുവാ-
നൽക്കടം ദാഹിച്ച നിഷ്കളങ്കത്വമേ,

ആദ്യപുഷ്പോത്സവമിന്നോളമെത്താത്തൊ-
രാത്മദാഹത്തിൻ ഹരിതനികുഞ്ജമേ,

മഞ്ഞുനീരാലീപ്പ്മാറ്ന നിൻ ഗദ്ഗദ-
മർമ്മരം തേങ്ങിപ്പിടയുമീ ലേഖനം

(ഡിപ്പാർട്ടുമെൻറിൻ നിയമമാ—)ണാകയാൽ
ഡെഡ്-ലെറ്ററാഫീസിലേക്കയയ്ക്കുന്നു ഞാൻ.

കാണാത്ത ഗ്രാമീണകന്യകേ! നിന്മിഴി-
ക്കോണിൽ മിനുങ്ങുന്ന കണ്ണാടിമുത്തുകൾ

ചിന്നിയുടഞ്ഞു ചിതറുകയാണെൻെറ
ചിന്തതന്നേകാന്തവീഥിയിലിപ്പൊഴും!...

# ചേച്ചി

അശാസ്ത്രീയമായ ഒരു പ്രണയബന്ധത്തിന്റെ കഥയാണിതു്. ദാമ്പത്യത്തിന്റെ മരുഭൂമിയിലൂടെ മോഹഭംഗങ്ങളുടെ ഭാരവും പേറി അലഞ്ഞു നടന്ന ഒരു സ്ത്രീയുടെ കഥ! ദാഹിച്ചുവരണ്ട അവരുടെ ആത്മാവിലേക്കു സ്നേഹത്തിന്റെ ഒരു ബാഷ്പബിന്ദു എങ്ങുനിന്നോ അടന്നുവീണു. ഏതു കയ്പിനേയും മധുരീകരിക്കുന്ന ഒരനുഭൂതിയും ദുഃഖവുമായി ആ ബിന്ദു വളന്നു!....

"... കരിമഷിച്ചാർത്തണിക്കൺകളിൽ വറ്റാത്ത
കനിവിൻെറ നനവോല്ലം കാവിലമ്മേ!

കരളിൽ തേൻമഴ തൂകുമെൻ പൊന്നുതോഴനേ
കനവിലും നിനവിലും കാക്കണേ നീ..."

—മിനുമിനുപ്പിയലുന്നൊരന്തിതൻ മുന്തിരി-
ക്കനി കൊത്തി മഴവില്ലിൻകിളി പറന്നു

നാലഞ്ചു കുങ്കുമത്തുവലാ വിണ്ണിൻെറ
വേലിയിൽ തങ്ങിക്കിടന്നിരുന്നു...

കുളിർനിലാച്ചോലതന്നലകളിലൊരു പൊന്നും-
കളിയോടം മാനത്തൂടൊഴുകി വന്നു

മുകിലിൻെറ നാട്ടിലേ കാമൻ പൊഴിക്കുന്ന
മലരമ്പു മെയ്യിൽ തറയ്ക്കുയാലോ,

മുററത്തു കൂവളച്ചില്ലയിൽ ഞാലുമെൻ
മുല്ലയ്ക്കും പിച്ചിക്കും മെയ്തരിപ്പൂ...?

ഹാരിയാമീ നിശാവേളയിൽ ജാലക-
വാതിലും ചാരിത്തളർന്നു നില്ക്കേ,

ചേതനതന്നിലേക്കവ്യക്തമാമൊരു
വേദനതന്നിരുൾച്ചാർത്തിലൂടെ

ആഴമെഴുന്നൊരു കണ്ണീർക്കയത്തിൽനി-
ന്നാറാടിയെത്തും കിനാവുപോലെ

തരിവളച്ചാർത്തണിക്കൈകളിൽ മൂവന്തി-
ത്തിരിയുമായാരോ നടന്നുപ്പൂ!...

അരളിയും മൂവന്തിമലരിയും പൂക്കാത്തൊ-
രമ്പലമുററമാമെൻമനസ്സിൽ

കൽവിളക്കല്ലീ കൊളുത്തീ, വിറയ്ക്കുമാ
കൈകൾ...എരിയുന്നു ദുഃഖമെന്നിൽ!

നീലനിമീലിതനേത്രങ്ങൾ തൂമിഴി-
നീരിനാൽ തീർത്ഥം പകന്നുനില്ലേ,

വിദലിതശോകാർദ്രഹാസമൊത്താ ചുണ്ടിൽ
വിറകൊൾകയാണൊരു ഗാനമേവം:

"കരിമഷിച്ചാർത്തണിക്കൺകളിൽ വറ്റാത്ത
കനിവിൻെറ നനവോലും കാവിലമ്മേ!...

കരളിൽ തേന്മഴ തൂകുമെൻ പ്രിയതോഴനേ
കനവിലും നിനവിലും കാക്കണേ നീ!..."

രണ്ടു്

എരിയുന്ന ദുഃഖത്തിൻ ജ്വാലാദലങ്ങളിൽ
പരതിപ്പറക്കുമെൻ ചിത്തഭൃംഗം,

മിഴിനീരിലോർമ്മകൾ ചാലിച്ചുചാലിച്ചി-
ന്നെഴുതുകയാണാ വിഷാദചിത്രം!

കണ്ണിമചിമ്മാതെ സന്മാർഗ്ഗനീതികൾ
കാവലിരിക്കും സമൂഹബന്ധം—

അംഗീകരിക്കാത്തൊരീണത്തിലീ പ്രേമ-
സംഗീതമെന്നിലന്നങ്കുരിച്ചു.

മദമെഴും യൗവനസ്വപ്നാനുഭൂതികൾ
മധുമാരി തൂകിയ ചിന്തകളിൽ

അപരാധബോധത്തിൻ മുൾപ്പടപ്പിൽ പൂത്തൊ-
രനുരാഗമുകുളത്തിൻ നൊമ്പരങ്ങൾ

ഒരു കണ്ണീർക്കുമ്പിളുമേന്തിത്തളന്നെൻെറ
കരളിൻ കല്പടവുകളിൽ തേങ്ങിനില്പൂ!

## മൂന്നു്

വെയിലിൻ തീയലകളിൽ നീലക്കടമ്പുക-
ളെഴുതുന്ന കുളിരിൻ തുരുത്തുകളിൽ

തളിർവെററച്ചാറിനാൽ ചുണ്ടുചുവപ്പിച്ച
തത്തകൾ പാട്ടുമാ ഗ്രാമഭൂവിൽ

വരിനെല്ലിൻ മണവുമായെത്തുന്ന തെന്നലൊ-
ത്തൊരുനാളിൽ ഞാനുമൊലിച്ചുചെന്നു.

താലിയും ഞാത്തുമിട്ടാലോലമാട്ടുന്ന
വേലിപ്പരുത്തിപ്പടപ്പുകളും,

ചില്ലയിൽ ചെന്തളിരൂഞ്ഞാലിലാട്ടുന്ന
ചിത്തിരപ്പൈങ്കിളിപ്പൂൺപുകളും

ശ്രീലസൗഭാഗ്യം തഴക്കുമാ നാടിൻെറ
ശാലീനതയ്ക്കെത്ര മാററുകൂട്ടീ!

നിത്യഹരിതമാ മണ്ണി,ലഴകിൻെറ
മുത്തുകളെത്ര വിളഞ്ഞിരുന്നു—

ഋതുദേവകന്യകളവിടെ മദാലസ-
മധുനൃത്തമാടിക്കളിച്ചിരുന്നു!

ഗ്രാമവിശുദ്ധിതൻ ചൈതന്യമെന്നപോൽ
കാവും കുളവുമൊന്നുണ്ടവിടെ

കാരുണ്യപൂരത്താലൂഴിയെ പാലിച്ചു-
പോരും ഭഗവതിയുണ്ടവിടെ

(കരിമഷിച്ചാർത്തണിക്കൺകളിൽ വറ്റാത്ത
കനിവിൻെറ നനവോലും കാവിലമ്മേ!)

കാവിൻ മതില്ക്കെട്ടിനപ്പുറം കണ്ടിടാം
നാലുകെട്ടൊന്നു, നെടുംപുരയും—

തുളസിയും തെച്ചിയും തിരിയുഴിഞ്ഞീടുമാ
തറവാട്ടു മുററത്തുടെത്ര കാലം

പെരുമകൾ, രാകിമിനുക്കിയ കരവാളും
പരിചയുമേന്തിക്കടന്നുപോയീ!

നാട്ടുവാഴിക്കു വലംകൈയായ് നിന്നവർ
നായന്മാർ—വീരപരാക്രമികൾ

അത്തറവാടിന്നകത്തളത്തിൽ വീണു
മുട്ടിട്ടിഴഞ്ഞു വളർന്നോരത്രേ!

'കൊല്ലും കൊലയും' നടത്തിയ പണ്ടത്തേ
നല്ലകാലങ്ങൾ കടന്നുപോയീ.

പാലനംചെയ്വതു,ണ്ടെങ്കിലുമൈശ്വര്യ-
പൂർണ്ണമാ വീടിനെ കാവിലമ്മ,

...അല്ലിവിടത്തുവാൻ, തുവെളിച്ചത്തിൻെറ
തുള്ളികൾ മൊത്തിക്കുടിച്ചിടുവാൻ

വളരുന്ന ദാഹമോടിന്നലെയാ വീടിൻ
തിരുമുററത്തൊരു പുഷ്പമിതൾ വിടർത്തീ.

ജീവനിലാളുന്ന നോവിനാലക്കൊച്ചു-
പൂവിൻെറ ചുണ്ടു തുടുത്തിരുന്നു.

മോഹഭംഗത്തിനാൽ വാടിക്കരിഞ്ഞൊരാ
സ്നേഹപുഷ്പത്തിൻ വിഷാദചിത്രം

മിഴിനീരിലോർമ്മകൾ ചാലിച്ചുചാലിച്ചി-
ന്നെഴുതുകയാണെൻെറ ഭഗ്നചിത്തം.

### നാല്

ഒരുകുടം പൊന്നുമായന്നും പതിവുപോ-
ലിരുളിൻെറ വള്ളിപ്പടപ്പുകളിൽ

കുളിരന്തിവെട്ടം മറഞ്ഞുപോയ്യാരിയൻ
വയലിൻെറയങ്ങേ വരമ്പിലൂടെ.

അലസമാം ചിന്തയിലൊരു ഗാനലേശത്തി-
ന്നിഴപൊട്ടിയൊരീരടി കോർത്തിണക്കി,

അതിലൂറും കാവ്യാനുഭൂതിതൻ സംഗീത-
മധുരിമ ചുണ്ടാൽ നുണഞ്ഞിറക്കി,

നറുവെണ്ണിലാവല കളഭം മെഴുകുമാ
കറുകത്തടത്തിൽ ഞാൻ ചെന്നിരുന്നു.

ചാരത്തു കാവിൻഹൃദന്തത്തിൽ നിന്നുയ-
ന്നാരാധനയുടെ ശംഖനാദം.

മിന്നുമിന്നെ വിടരുന്ന കർപ്പൂരനാളങ്ങ-
ളനവദ്യപരിമളം വാർന്നകാററിൽ

കാർത്തികദീപവിശുദ്ധിയെഴുമൊരു
കീർത്തനാലാപമൊലിച്ചുവന്നു

ആനന്ദനിർവൃതിയേകിപ്പതയുമാ
ഗാനതീർത്ഥത്തിൽ മുഴുകിനില്ലേ.

മേലാകെ രോമാഞ്ചം ചാർത്തിയിരിക്കണം
നാലമ്പലത്തിലെ കാവിലമ്മ!

(ഊനമെഴാതുള്ള കാരുണ്യപൂരത്താ-
ലൂഴിയെ പോററുന്ന കാവിലമ്മ—)

അതിലോല നാദസുമങ്ങളാൽ കോർത്താരാ
ഹൃദയാപഹാരിയാം ഗാനമാല്യം

കാവിൻപറമ്പിലുമാമ്പൽക്കുളത്തിലും
പാവനസൗരഭം പെയ്യുനില്ലേ,

ഗദ്ഗദമീറനായ് മാററിയൊരാ നേർത്ത-
ശബ്ദമെന്നാത്മാവിൽ നൂണിറങ്ങീ.

അമ്പിളിക്കീണ്ണുവുമേന്തി മറയുന്നോ-
രന്തിമുകിലിൻെറ കീറുപോലെ,

എന്മുന്നിലൂടെക്കടന്നുപോയ് ശാലീന-
സുന്ദരസ്വപ്നമൊന്നേകയായി.

അന്തിത്തിരിയൊന്നെരിഞ്ഞിരുന്നു മലർ-
ക്കുമ്പിളാം കൈയിലെ മൺവിളക്കിൽ

നിടിലത്തിൽ സിന്ദൂരതിലകവു,മീറനാം
ചികുരത്തിൽ തുളസിപ്പൂങ്കതിരുകളും!

പരിചിത ഭാവമാന്നൊരു മന്ദഹാസമാ
വിരിച്ചുണ്ടിൽ വാടിക്കിടന്നിരുന്നു

യൗവനം ചാർത്തിയ സിന്ദൂരരേഖകൾ
മങ്ങിത്തളർന്ന കവിൾത്തടത്തിൽ,

[library stamp]

മിഴികളുഴിയുമ്പോളെന്മനോവീണത-
ന്നിഴയിലീ ഗാനം തുടിച്ചുവന്നു—

"പുഷ്പമേ! വാടിക്കൊഴിയുമ്പൊഴല്ലീ, മൽ-
സ്വപ്നപതംഗം മുകന്നു നിന്നെ?..."

കാവിൻമതില്ക്കെട്ടിനപ്പുറം കാണുമാ
നാലുകെട്ടിൻെറ പടിപ്പുരയിൽ

മായുന്ന കണ്ടു ഞാൻ കൈവിളക്കൊന്നിൻെറ
നാളം, നിലാവിൻെറ നീലിമയിൽ...

എന്നെത്തഴുകിയ തെന്നലിൻ കൈയുകൾ
ചന്ദനച്ചാറാൽ നനഞ്ഞിരുന്നു

എൻകരൾസ്പന്ദത്തിലജ്ഞാതമാമേതോ
സംഗീതമീണം പകന്നിരുന്നു...

## അഞ്ചു്

"കരളിൻെറ കടവിൽ വന്നാരോരുമോരാതെ
കതിർവല വീശുന്ന കാവ്യകാരാ!

മധുരം കിനിയുന്ന പാട്ടുകളാലെൻെറ
ഹൃദയം ഹരിച്ചു നീയെത്ര മുമ്പേ..."

ഹേമന്തരാവിനു മേനിയിൽ ചാത്തുവാൻ
തൂമഞ്ഞു ചാലിച്ച ചന്ദ്രികയിൽ

പാതിരാക്കാററിൽ മദം പുരട്ടും കാട്ടു-
പാരിജാതത്തിൻ നിഴല്പ്പടപ്പിൽ

മുററത്തു മെയ് ചേന്നിരിക്കെ,യെൻ നെറ്റിയിൽ
മുത്തമിട്ടോതുകയാണു 'ചേച്ചി':

"കാണാമറയത്തു നിന്നെൻെറ ചിന്തയിൽ
കാർവില്ലു നെയ്തു നീയിത്ര നാളും..."

അണമുട്ടി നിന്നൊരാ സ്നേഹപ്രവാഹത്തി-
ന്നലകളെന്നാത്മാവിൽ വാർന്നു വീഴ്കെ,

അതിലൂടൊലിച്ചൊലിച്ചെന്മനസ്സെത്തിയ-
തഴലിൻെറ ചുഴികളിലായിരുന്നു!

...മണ്ണിലും വിണ്ണിലുമായിരം പൂവുകൾ
കണ്ണു ചിമ്മും നീലരാവുകളിൽ,

വരളുമെന്നാത്മാവിൻ പാനപാത്രത്തിലാ
മിഴിനീർക്കണങ്ങൾ തുളുമ്പി വീഴ്കെ,

ഞാനറിയാതെൻ മനസ്സിലൊരു ശോക-
ഗാനമുയിർക്കൊൾകയായിരുന്നു—

മിഴിനീരിലോർമ്മകൾ ചാലിച്ചെടുത്തു ഞാ-
നെഴുതുകയാണിന്നാ ദുഃഖഗാനം!

ആറ്

പെരുമയെഴുന്നൊരു തറവാട്ടിലേവർക്കു-
മരുമയായോമനപ്പെണ്ണൊരുവൾ

വളരുന്നു, നാടിൻെറ രോമഹർഷങ്ങളിൽ
കുളിരുണ്ടു പാറുന്ന പറവപോലെ...

തെങ്ങിളം ചോട്ടയിൽ തെക്കുനിന്നെത്തിയ
ചെങ്ങാലിപ്പക്ഷികൾ കൂട്ടവച്ചു,

തറവാടിൻമുററത്തു മണ്ണപ്പമുണ്ടാക്കാൻ,
തളിരോലക്കുമ്പിനാൽ കുടിലുകെട്ടാൻ,

കുതുകം വളരുമാ കൗമാരസ്വപ്നത്തി-
നൊരു കളിത്തോഴനുണ്ടായിരുന്നു!

കുളിരിൻ കുരുത്തോലക്കുമ്പിനാലുള്ളിലും
കുടിലൊന്നൊരുങ്ങുകയായിരുന്നു!

ചിറകും ചൊടിയുമുരുമ്മി രണ്ടോമന
പറവകളൊക്കുട്ടിൽ പാട്ടുപാടീ

തിരുമുററത്തൊരു നാളിൽ വൈവാഹികോത്സവ-
മൊരു മലർപന്തലൊരുക്കിയപ്പോൾ

തറവാട്ടും നിലയുമില്ലാത്തൊര കാമുക-
നൊരുവരുമറിയാതെ നാട്ടുവിട്ടു

(കടലുകൾക്കക്കരെ കാണാത്ത നാട്ടിലാ
കരളിന്നും നൊമ്പരംകൊൾകയാവാം!)

കതിർമുല്ലപ്പന്തലിൽ നില്ക്കുമപ്പെണ്ണിൻെറ
കരിമിഴിത്തുമ്പു നനഞ്ഞിരുന്നു

പുടവവാങ്ങിക്കാനാ കൈയുകൾ നീളുമ്പോ-
ളിടനെഞ്ചു പൊട്ടുകയായിരുന്നു

—നര ലേശം ബാധിച്ചുവെങ്കിലും മരുമകൻ
നിലയുള്ള തറവാട്ടുകാരനല്ലോ—

അകലെക്കുഴ്വാലയിലമരുമമ്മാവന്മാ-
രഭിമാനപൂവ്വമിതോത്തിരിക്കാം!

ഏഴ്

തിരുമുററത്തുലയുന്ന കുവളച്ചില്ലയിൽ
പലവട്ടം പൂവിട്ട പാരിജാതം

സുരഭിലയൗവനസ്വപ്നാനുഭൂതിതൻ
സുഖമയ ശീതള സ്പർശമേല്ക്കാൻ
കൊതിതുള്ളിനിന്നൊരാ കരളിലേ പിച്ചക-
ക്കുടിൽമാത്ര,മൊരുപൂവും ചൂടിയില്ലാ.

എന്തെന്തു മോഹങ്ങളാ മനസ്സിൽ നൃത്ത-
മണ്ഡപത്തിൽ കാൽ തളർന്നു വീണു!
ഇത്തിരി ദാഹനീർ തൂകുവാനാരോരു-
മെത്താത്തൊരുള്ളിൻ മരുപ്പറമ്പിൽ

ശുഷ്കമാം ദാമ്പത്യജീവിതത്തിൻ തീവ്ര-
ദുഃഖം ജ്വലിച്ചു പടർന്നു നിന്നു.
വററാത്ത കണ്ണീർപ്രവാഹത്തിലൂടെത്ര
വർഷങ്ങൾ വീണ്ടുമൊലിച്ചകന്നു!

ഒരു കരവലയത്തിൻ കുളിരിലുറങ്ങുവാ-
നുഴറിയ വധുവിൻെറ ഗദ്ഗദങ്ങൾ—
ഒരു പിഞ്ചു ചുണ്ടിൻെറ മധുരമുണ്ണാൻ മോഹി-
ച്ചുഴലുന്നൊരമ്മതൻ തേങ്ങലുകൾ

വിലയമാന്നൊരുവരുമറിയാ,തിരുട്ടിൻെറ
വലയങ്ങൾ ചൂഴമാ നാലുകെട്ടിൽ!...

## എട്ട്

"കദനത്തിലെരിയുമെന്നാത്മാവിനിത്തിരി
കുളിരുമായെത്തിയ പാട്ടുകാരാ!
കാണാത്തൊരെൻകുളിർത്തോഴനെ ഞാനിന്നു
കാണുന്നു നിന്നിൽ, നിൻ പാട്ടുകളിൽ...,"

—ഹാരിയാമീ നിശാവേളയിൽ ജാലക-
വാതിലും ചാരിത്തളർന്നു നില്ക്കേ,
ആ ജീവിതത്തിൻ നിഗൂഢവിഷാദമെ-
ന്നാത്മാവിലേവം വിതുമ്പിനില്പൂ!
മുററത്തു കൂവളച്ചില്ലയിൽ തൂമഞ്ഞു-
മുത്തുകളിററിത്തുളിച്ചിടുമ്പോൾ
ഏതോ വിദൂരതയ്ക്കപ്പുറംനിന്നൊരു
പാതിരാപ്പാടിതൻ ദുഃഖഗാനം
അതിലോലമെൻ പ്രാണതന്തുക്കൾതോറുമൊ-
രറിയാത്ത നൊമ്പരം ചേർത്തിടുന്നു!
'ഓമനത്തിങ്കൾക്കിടാവി'ൻെറ മാധുരി-
യോലുന്നൊരീരടി മൂളിമൂളി,
കൊഞ്ചിച്ചുറക്കയാണോമനക്കുട്ടനെ
മഞ്ചത്തി,ലെൻ തോഴിയന്തികത്തായ്.
പാടുവാനാവാത്തൊ'രോമനത്തിങ്കളിൻ'
നോവുകളൂറുന്നൊരീരടികൾ
ഏതോ വിദൂരമാം നാട്ടിൽനിന്നെത്തുമീ
പാതിരാക്കാററിൽ ത്രസിച്ചു നില്പൂ,—
പ്രേമസൗരഭ്യം പുരളുന്ന നിശ്വാസ-
വീചികളെൻമെയ് തലോടിടുമ്പോൾ
വിടരാത്ത പൂവിൻെറ നൊമ്പരത്തോടൊരു
ലതികയെന്നുള്ളിലുലഞ്ഞിടുന്നു!
(നിടിലത്തിൽ സിന്ദൂരതിലകവുമീറനാം-
ചികുരത്തിൽ തുളസിപ്പൂങ്കതിരുകളും!—)

ശാലീനഭംഗികൾ ചാമരംവീശുമാ
ഗ്രാമവിദൂരവിജനതയിൽ,

പാരിജാതപ്പൂക്കളമ്പിളിക്കിണ്ണത്തിൽ
പാലമൃതുണ്ണുമീ നീലരാവിൽ

ഭഗവതിക്കാവിൽ, വിളക്കുമാടത്തിലേ
പുകയുന്ന ദീപാവലിക്കു മുന്നിൽ

ശബ്ദസുമങ്ങളാലച്ചനചെയ്യുമീ
ഗദ്ഗദമെന്നിൽ പ്രതിദ്ധ്വനിപ്പൂ:

“കരിമഷിച്ചാർത്തണിക്കൺകളിൽ വറ്റാത്ത
കനിവിൻെറ നനവോലും കാവിലമ്മേ!

കരളിൽ തേന്മഴ തൂകുമെൻ പ്രിയതോഴനേ
കനവിലും നിനവിലും കാക്കണേ നീ...”

# സലോമി

ജനം കാത്തുനിന്നു. അവൻ ക്രിസ്തുവോ എന്നു് എല്ലാവരും യോഹന്നാനെക്കുറിച്ചു വിചാരിച്ചു കൊണ്ടിരിക്കുമ്പോൾ യോഹന്നാൻ എല്ലാവരോടും ഉത്തരം പറഞ്ഞതു്: ഞാൻ നിങ്ങളെ വെള്ളംകൊണ്ടു സ്നാനംകഴിപ്പിക്കുന്നു. എന്നാൽ എന്നിലും ബലവാനായവൻ വരുന്നു. അവൻെറ ചെരുപ്പിൻെറ വാറു് അഴിപ്പാൻ ഞാൻ യോഗ്യനല്ല. അവൻ നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും തീകൊണ്ടും സ്നാനംകഴിപ്പിക്കും....

മററു പലതും അവൻ പ്രബോധിപ്പിച്ചുകൊണ്ടു് ജനത്തോടു സുവിശേഷം അറിയിച്ചു. എന്നാൽ ഇടപ്രഭുവായ ഹെറോദോവു് സഹോദരൻെറ ഭാര്യ ഹെറോദ്യനിമിത്തവും ഹെറോദോവുചെയ്ത സകല ദ്രോഹങ്ങൾനിമിത്തവും യോഹന്നാൻ അവനെ ആക്ഷേപിക്കയാൽ അതെല്ലാം ചെയ്തതു കൂടാതെ അവനെ തടവിൽ ആക്കുകയുംചെയ്തു.

[വി: ലൂക്കോസ്, 3]

"ജീവിതരക്ഷകനീശൻ ഭൂമിയി–
ലാഗതനാകും നേരം,
പാപമെഴുന്നോരാത്മാവുകളേ
പാതയൊരുക്കുക വേഗം!—"
...ഗഗനവിശാലത മുകർന്നുനില്ക്കും
ഗലേലമാമലമുടിയിൽ
മിഴിയഞ്ചിക്കുമുഷസ്സിൻ പൂക്കൾ
മിനുങ്ങി വിടരും നേരം
പുലർത്തുടുപ്പു പുരണ്ടൊരു യോർദ്ദാൻ–
പുഴയുടെ നിശ്ചലതീരം
മുഖരിതമാക്കുമൊരുജ്ജ്വലശബ്ദം
മുഴങ്ങി പിന്നെയുമേവം:
"...മണിയറവാതിൽ തുറന്നുകൊടുക്കൂ
മണവാട്ടികളേ! നിങ്ങൾ
മനസ്സിനുള്ളിൽ മിഴിയിതളിൽ നവ–
മംഗളദീപമൊരുക്കൂ—
പരിമൃദുനിസ്സ്വനവീചികളുതിരും
പദചലനങ്ങളുമായി
അവൻ വരുന്നൂ പ്രാണത്രാണന–
മരുളാൻ നിങ്ങൾക്കരികിൽ..."

നനുത്ത പുലരിക്കാററിനു കാലിൽ
നരച്ചിലമ്പുകൾ ചാർത്തി,

താളമിണങ്ങിച്ചാഞ്ചാട്ടുന്നൊരു
തരംഗമാലയിലൂടെ

വിഭാതകാന്തിപ്രസരംപോലാ
വിശുദ്ധനാദം നീന്തി!

പുരവീഥിയിലൂടണിയായെത്തും
പുരുഷാരത്തിൻ നടുവിൽ

വിണ്ണിൻ തേജസ്സുടലാർന്നതുപോൽ
നിന്നു പ്രവാചകനേകൻ!

അവർണ്ണ്യദീപ്തികളുറവിട്ടൊഴുകിടു-
മവൻെറ മഞ്ജുളവദനം,

ആനന്ദാശ്രുവണിഞ്ഞു നുകർന്നു
ആരാധകരുടെ നയനം!

എന്തു ഘനോജ്ജ്വലശബ്ദമിവൻേറ-
തെന്തൊരലൗകികരൂപം—

അകം കുളിക്കും ജനതതി, സാദര-
മവൻെറ നാമം വാഴ്ത്തീ...

"പാപവിഷത്താലാത്മാവഖിലം
പങ്കിലമാക്കിയ ജനമേ,

അവൻ വരുന്നു പ്രാണത്രാണന-
മരുളാൻ നിങ്ങൾക്കരികിൽ.

അവൻെറ പാതയൊരുക്കാനായി-
ട്ടണഞ്ഞ ഞാനൊരു ദൂതൻ—

അവൻെറ പാദുകമേന്താനർഹത-
യെഴാത്തതാണെൻ കൈകൾ!...
യഹൂദഭൂമിയിലവൻ രചിക്കും
യഹോവതന്നുടെ രാജ്യം..."

... ... ...

സരിത്തിനങ്ങേക്കരയിൽ, മഞ്ഞല
ഞെറിഞ്ഞ മൂട്ടപടത്തിൽ
മയങ്ങിനില്പ്പും കൊട്ടാരത്തിലെ
മണിയറവാതിലിനുള്ളിൽ
തെരുവീഥിയിലൂടലഞ്ഞു നീങ്ങും
തരളിതനേത്രവുമായി,
നിന്നു 'സലോമി'—അലൗകികമേതോ
നിർവ്വൃതിയാന്നുപോലേ!
മുന്തിരിമലരിൻ നറുസൗരഭ്യം
ചിന്നും പുലരിക്കാററിൽ
ദിനങ്ങളായി കേൾക്കാറുണ്ടാ
സ്വനം—ഗലേലത്തെരുവിൽ.
പുരുഷാരത്തെ നയിച്ചുംകൊണ്ടാ
പുരവീഥിയിലൂടേവം
അലഞ്ഞുതിരിയുവതെന്തിന്നാണീ
അനുപമതേജോരൂപൻ!
കാതിൽ തേന്മഴ തൂകുവതാണാ
മാധുരിയൂറും നാദം.

മനം കുളുർപ്പിച്ചിടുവതാണാ
മനോജ്ഞദർശനരൂപം!
അവൻെറ ഭാഷണമൊന്നു ശ്രവിക്കാ-
നവൻെറ പാദം മുത്താൻ
ദിനോദയങ്ങളിലണിയായെത്തും
ജനത്തിനെന്താവേശം!
—അപ്സരകാന്തി വഴിഞ്ഞിട്ടുമവനുടെ
പൊല്പദതാരുകളല്ലോ,
ഉൾപ്പുളകങ്ങൾ വിരിക്കുന്നൂ തൻ
സ്വപ്നപഥങ്ങളിലെല്ലാം!—
ജീവിതരക്ഷകനീശൻ ഭൂമിയി-
ലാഗതനാകും നേരം,
പാപമെഴുന്നോരാത്മാവുകളുടെ
പാതയൊരുക്കാനായി,
മരുഭൂമിയിലൂടലയുകയാണാ
മദനോപമനാം യോഗി!
ഹർഷദമാണാ യുവപ്രവാചക-
ദർശന,മോർത്തു സലോമി
ആ മധുരോജ്ജ്വലസങ്കല്പം തേൻ-
മാരി പൊഴിക്കും കരളിൽ
മാദകമേതോ സംഗീതത്തിൻ
നാദലയങ്ങളിലൂടെ,
പുഷ്പനികുഞ്ജതടത്തിലൊരോമന-
സർപ്പകുമാരികപോലെ

നൃത്തംവയ്ക്കാനുണരാറുണ്ടൊരു
നിത്യവസന്തസ്വപ്നം!
—അവൻെറ നാദവു,മവൻെറ രൂപവു-
മലിഞ്ഞു ചേൎന്നൊരുസ്വപ്നം...

സുഗന്ധപൂരിത രജനികളിൽ,
സുഷുപ്തിതൻ മണിമേഖലയിൽ
തളൎന്നുവീഴ്ത്തെന്നൻ മിഴിയിതളിൽ
തെളിയാറുണ്ടാ ദൃശ്യം.

ആശാപല്ലവമിതളുവിരിച്ചിട്ടു-
മാത്മാവിൻെറ നികുഞ്ജം,
ഒരുവരുമറിയാതേകാന്തതകളി-
ലൊരുക്കമോമൽ തല്പം,

പുല്കാൻ, വാടിത്തളൎന്ന തനുവിനു
പുളകമൊരല്പം പകരാൻ
ഭോഗസുഖങ്ങൾ വെടിഞ്ഞൊരാ യുവ-
യോഗിക്കില്ലേ ഹൃദയം?

യഹൂദഭൂമിയിൽ വരുന്നുപോലും
യഹോവതന്നുടെ രാജ്യം!
തുടുത്ത മുന്തിരിനീരല തുള്ളി-
ത്തുളുമ്പുമോമൽ ചഷകം

—രാഗമദാലസജീവിതം—അരികേ
മാടിവിളിക്കുമ്പോഴും,
മരുഭൂമിയിലേ മൃഗതൃഷ്ണയിൽ വീ-
ണലിയുകയാണാ നാദം!

"...വരൂ, വരൂ നീ പ്രവാചകാ! മധു-
വസന്തമുണ്ടെൻ കരളിൽ
നിനക്കു നുകരാൻ വിരിയുവതുണ്ടൊരു
നറുംകിനാവെൻ കരളിൽ..."

അവളുടെ ഹൃദയനിഗൂഢതലങ്ങളി-
ലാളിപ്പടരും ദാഹം,
ഉയർന്നുപൊന്തിയ ചുട്ടനെട്ടുവീർപ്പുക-
ളലിഞ്ഞു ചേരും കാററിൽ
പുലർത്തുട്ടപ്പു പുരണ്ടൊരു യോർദ്ദാൻ-
പുഴതന്നങ്ങേക്കരയിൽ
പ്രവാചകൻെറ ഘനോജ്ജ്വലശബ്ദം
പ്രതിദ്ധ്വനിപ്പതു കേൾക്കായ്:

"പാപവിഷത്താലാത്മാവഖിലം
പങ്കിലമാക്കിയ ജനമേ,
അവൻ വരുന്നൂ പ്രാണത്രാണന-
മരുളാൻ നിങ്ങൾക്കരികിൽ..."

രണ്ട്

നിറദീപങ്ങൾ നിലാവൊളിതൂകിയ
നിറഞ്ഞ രാജസദസ്സിൽ,
കനകദ്യുതിയണിമഞ്ചത്തിൽ നൃപ-
നമരുകയാണൊരു നിശയിൽ!
കരുണാമസൃണമാ നേത്രങ്ങൾ
പരിചാരകരെയുഴിഞ്ഞു,

പുരോഹിതന്മാരപദാനങ്ങൾ
പുകഴ്ത്തിയരികിൽ നിന്നു.
സിരയിൽ മുന്തിരിനീരിൻ ലഹരികൾ
നുരച്ചു പൊന്തുംനേരം,
ഉലകിൽ മററാരുള്ളു തന്നില്ലു-
മുപരി?—'ഹെറോദോ'വോർത്തു!
അരികിൽ മേവും പ്രേയസിതൻ ചുരു-
ളളകം മെല്ലെയൊതുക്കി,
വീണ്ടുമുപുരണ്ടൊരു ചുട്ടചുംബനമാ-
വാർനിടിലത്തിൽ ചാത്തി
അരുളീ നൃപൻ: "ഈ വിശ്വം നമ്മുടെ
വരുതിക്കീഴിൽ നില്പൂ..."
വെളിയിൽനിന്നൊരു ശബ്ദ,മിരമ്പും
വെള്ളിടിപോലെ മുഴങ്ങീ:
"അവൻെറ രോഷം വിഷവൃക്ഷങ്ങളെ
എരിച്ചു ദൂരെത്തള്ളും!..."
തിളങ്ങുമാത്മാവിൻെറ വെളിച്ചം
തുളുമ്പിവീഴും കൺകളുമായ്
കടന്നുവന്നു യോഹന്നാനാ
സഭയിൽ—മന്നവനരികിൽ.
"കഷ്ടം! സഹജകളത്രത്തേ
കവർന്നെടുത്ത ഹെറോദോവേ,
യഹോവതന്നുടെ നിയമം ലംഘി-
ച്ചഹങ്കരിക്കും രാജാവേ!

അവൻെറ ക്രോധജ്വാലകളിൽ വീ-
ണെരിഞ്ഞെരിഞ്ഞു നശിക്കും നീ..."

അവൻെറ ശബ്ദം സഭാതലങ്ങളി-
ലുയൎത്തിവിട്ട കൊടുങ്കാററിൽ

ദുൎബ്ബലനായ ഹെറോദോവിൻ മന-
മുൾക്കിടിലത്താൽ വിറകൊൾകെ,

നൃപൻെറ ചാരേ സൗന്ദൎയ്യത്തിൻ
നിറകുടമെന്നതുപോലെ

മറഞ്ഞുനില്ക്കും രാജകുമാരീ-
ക്കകം നിറഞ്ഞു തുളുമ്പീ.

—അരികേ നില്ക്കും പ്രവാചകാ! നി-
ന്നത്ഭുതരൂപം കാണാൻ

കൊതിച്ചോരെന്നുടെ മിഴികൾക്കിപ്പോൾ
ലഭിച്ചുവല്ലോ ഭാഗ്യം!—

"പാപവിഷത്തോലാത്മാവഖിലം
പങ്കിലമാക്കിയ ജനമേ—"

പകച്ചുനിന്നു പുരോഹിതന്മാർ
പടവാളോങ്ങി ഭടന്മാർ!

"തടവറതന്നിലടയ്ക്കുവിനിവനേ
തുടലാൽ ബന്ധിച്ചുടനേ..."

അലറീ രാജ്ഞി ഹെറോദ്യ—ഹെറോദോ-
വകം കിടുങ്ങിയിരുന്നു.

"തെരുവുകൾതോറും യഹോവതന്നുടെ
തിരുനാമത്തിൻപേരിൽ

ജനത്തെയൊന്നായണിചേർത്തുംകൊ-
ണ്ടലയുകയാണീ യോഗി..."

പവിത്രമാമക്കൈയിൽ ചങ്ങല
പിണഞ്ഞുവീണതു കാൺകെ,

സലോമിതന്നുടെ ചുണ്ടത്തൊരു മൃദു-
വിലോലഹാസം പൂത്തു!

വിരിഞ്ഞ വിണ്ണിന്നഗമ്യസീമയിൽ
വിഹംഗമെന്നതുപോലെ,

പറന്നലഞ്ഞുനടന്ന കിനാവേ
പതിച്ചു നീയെൻ വലയിൽ!...

അത്തുടുച്ചുണ്ടിൻമുന്തിരിയൊന്നായ്
മൊത്തി വലിച്ചു കുടിക്കാൻ

മനസ്സിലേ വനനികുഞ്ജഭുവിൽ
ഫണംവിടർത്തിയ ദാഹം

അമർത്തിനിന്നൂ സലോമി—നെഞ്ചിലൊ-
രമോഘനിർവൃതിയോടേ...

കനത്ത തുടലുകളാർത്തു ചിലമ്പും
കരങ്ങൾ വിണ്ണിലുയർത്തി,

വികാസമോലും കണ്ണിലഭൗമ
പ്രകാശനാളം ചാർത്തി

'അവൻെറ' നാമം വാഴ്ത്തിക്കൊണ്ടാ
യുവപ്രവാചകനോതീ:

"യഹോവതൻ തിരുകല്പന ലംഘി-
ച്ചഹങ്കരിക്കും പ്രഭുവേ,

തലമുറതന്നുടെ പാപം താവക
　　തനുവായേന്തീ ശ്രുപം...
നരകജ്വാലയിലെരിഞ്ഞു വീഴാ-
　　നൊരുങ്ങിനിൽക്കു വേഗം.''

മൂന്ന്

ഗലേലപുരിതന്നാത്മാവിൽ വീ-
　　ണിഴകുമിരുട്ടിൻ പാപം,
കഴകാനപ്പുരകന്യകൾ തൂകിയ
　　മിഴിനീർച്ചോലയ്ക്കൊപ്പം
ഒലീവുചില്ലയിലൂടെ നിലാവല
　　ഒലിച്ചിറങ്ങിയ രാവിൽ
തമസ്സു മൂടിയ തടവറയിൽ
　　തണുത്തു കോച്ചിയ തനുവോടെ,
ഇരുന്നു സ്നാപകയോഹന്നാൻ മിഴി-
　　യിമകൾ തരിമ്പും ചിമ്മാതേ!...
അസഹ്യമാകും വേദന ജീവനി-
　　ലാളിപ്പടരുമ്പോഴും
പരതിയലഞ്ഞാ മിഴികൾ വിണ്ണിൻ-
　　പരിധിയിലെന്തോ തേടി!
—അനന്തമായിട്ടമാകാശങ്ങളി-
　　ലമരും ലോകപിതാവേ,
പങ്കിലമാമീ വിശ്വതലത്തിൽ
　　നിൻെറ രാജ്യം വരണേ!...

മൃദുദലപേലവമാകും താവക
പദങ്ങൾ വീഴും വഴിയിൽ

മുൾപ്പടപ്പുകൾ നീക്കാൻ—നറു-
പുഷ്പതല്പം തീർക്കാൻ

ദുർബ്ബലമാമീ കൈകൾക്കേകുക
ശക്തി, വിശുദ്ധപിതാവേ!..."

വിസ്മൃതി തന്നിലലിഞ്ഞ മനസ്സിൽ
വിടർന്ന ദീപ്തിപ്രചുരിമയിൽ

അന്തർമിഴിയാൽ കണ്ടു പ്രവാചക-
നവർണ്ണ്യമാമൊരു ദൃശ്യം!

പാരിൽ പുരുഷായുസ്സുകൾ വീഴ്ത്തിയ
പാപഭാരവുമേന്തി,

അതിൻെറ പരിഹാരത്തിന്നായ് ത-
ന്നാത്മരക്തം ചിന്തി,

അവൻ വരുന്നു സ്വർഗ്ഗപിതാവി-
ന്നനുഗ്രഹങ്ങളുമായി...

(—പാപമെഴുന്നോരാത്മാവുകളേ
പാതയൊരുക്കൂ വേഗം—)

ആരാധനയിൽ, ഭക്തിയിലാണ്ടോ-
രാത്മാവിൻെറ തിരിത്തുമ്പിൽ

വിശുദ്ധമാമാ സ്വപ്നജാലകൾ
വിരിഞ്ഞു നൃത്തംവയ്ക്കുമ്പോൾ,

ശബ്ദമുയർത്താതാരു തുറന്നു
മുദ്രിതമാമാ വാതിൽ?...

കിളിവാതിലിൽനിന്നിറ്റിററൂറിട്ടു-
മിളം നിലാവത്തുടെ,
വിഷം പടത്താൻ പത്തിവിടത്തിയ
വികാരനാഗംപോലെ,
അമത്തിനിത്താനാവാതാളിട്ടു-
മനംഗദാഹംപോലെ,
അവൻെറ ചാരത്തടിവച്ചടിവ-
ച്ചണഞ്ഞു രാജകുമാരി!
—"ദാഹിച്ചുഴറിട്ടുമെൻെറ മനസ്സിൻ
ദാരുണഭാവം കാണാൻ.
നിൻതിരുമിഴികൾ വിടരുകയില്ലേ
ബന്ധുരതേജോരൂപാ?...
എൻെറ കിനാവിൽ തേന്മഴതൂകാ-
നെൻെറ വിപഞ്ചികമീട്ടാൻ
എന്നേകാന്തമനോരാജ്യത്തിൽ
വർണ്ണവസന്തമുണത്താൻ,
നിറഞ്ഞു നില്പൂ നീയൊരു മധുമയ-
നിർവൃതിയായെന്നുള്ളിൽ...!"
വിറച്ചു ചൊടികൾ—യുവപ്രവാചക-
നെരിഞ്ഞുകത്തീ മിഴികൾ
"കടന്നുപോകൂ വെളിയിൽ—പാപ-
ക്കൊട്ടവിഷമെന്നിലിയററാൻ
അപ്സരസ്സായ് വന്നവൾ നീയൊരു
സർപ്പസന്തതിയല്ലോ!..."

"—മദിച്ച യൗവനലഹരിയിൽ നീയൊരു
മധുചഷകംപോൽ നില്ക്കേ,
ഒരിററു മുന്തിരി നുകരാൻ ദാഹി-
ച്ചേരിയുകയാണെന്നധരം..."

"—കടന്നുപോകൂ വെളിയിൽ—" ഗജ്ജന-
മുയൻറു പിന്നെയുമേവം.
ഉഗ്രതയെഴമഗ്ലുബ്ബത്തിൽ
ഭിത്തികൾ കിടിലംകൊൾകെ

ഇലപോൽനിന്നു വിറച്ചൂ മുന്നിൽ
ഗലേലരാജകുമാരി.
മിന്നൽപിണറുകൾ ചിന്നിയ മുകിലിൻ
നെഞ്ചിലൊളിച്ചുകിടക്കും-

മഴവില്ലോടിയെ കാണാനുഴറിയ
മയൂരമെന്നതുപോലെ,
വിലോലപിഞ്ഛിക നീർത്തവളാടീ
വിലാസനടനം വീണ്ടും—

"കടന്നുപോകൂ വെളിയിൽ..." ശബ്ദം
തടവറയാകെ മുഴങ്ങീ.
അലംഘ്യമതിനെഴമാജ്ഞാശക്തിയിൽ
സലോമി നിന്നു നടുങ്ങീ.

"കഴൽച്ചുവട്ടിൽ ഞാനപ്പിച്ചൊരു
കരളിൻ പൂജാമാല്യം.
നിന്ദിച്ചകലെത്തള്ളുകയാമോ
നിഷ്ഠുരണം നീയേവം?..."

മാമകരാഗം പ്രതികാരത്തിൻ
തീമഴതൂകും നിന്നിൽ!..."

—പൊഴിഞ്ഞിതവനുടെ ചുണ്ടിൽനിന്നൊരു
പരിഹാസാത്മകഹാസം...!

നാല്

വിരുന്നുശാലയിലോളമടിക്കും
വികാരമധുരിമയിൽ,

പതഞ്ഞുപൊന്തും മുന്തിരിനീരിൻ
പരിമളലഹരികളിൽ,

മദിച്ചുതുള്ളും നർത്തകിമാരുടെ
മണിച്ചിലമ്പൊലിയിൽ,

മയങ്ങിമേവി ഹെറോദോവേതോ
മാസ്മരവിസ്മൃതിയിൽ...!

നീലവെളിച്ചം നുരച്ചുപൊന്തും
നീരാട്ടകത്തിൽ

സപ്തസ്വരങ്ങൾ ചിലമ്പണിയിച്ചൊരു
സംഗീതത്തിൻ വീചികളിൽ.

അർദ്ധനഗ്നകളപ്സരസ്സുക-
ളത്ഭുതനൃത്തം ചെയ്യെ.

കരൾത്തുടിപ്പാൽ നുകർന്നമന്നവ-
നതിൻെറ മായാലഹരി.

പാദസരങ്ങൾ കിലുങ്ങീ, വീണാ-
വാദനനാദമിണങ്ങീ—

വിടന്ന്ലാവ്യം കൺകോണുകളിൽ
വിദ്യുൽക്കൊടികൾ തിളങ്ങി.

തുളുമ്പിയൊഴുകും മധുചഷകത്തിൽ
തുടുത്ത ചൊടികളുരുമ്മി.

അങ്കതലത്തിൽ ചായും പ്രിയനെ
ചുംബിച്ചോതീ രാജ്ഞി:

"ആരാ,ണാരാണരികിൽ നർത്തന-
മാടിവരുന്നതു... കാണ്ക!..."

മങ്ങിയ കൺകളുഴിഞ്ഞു, നൃപനാ
മണ്ഡപശാലയിലലസം.

അന്തിത്തുടുമുകിൽമാലയിൽനിന്നൊരു
കന്ദളമൂന്നുപോലെ,

നൃത്തംവച്ചു സലോമിയതാ കഴൽ
മുത്താനരികിൽ നില്പൂ!

അല്ലിൽ മധുമയചന്ദ്രികതൻ മൃദു
കല്ലോലങ്ങളിലൂടെ,

പുള്ളിച്ചിറകു വിരുത്തി വരുന്നൊരു
വെള്ളിമുകിൽപ്പിടപോലെ

മനം കുളുർപ്പിച്ചീടുംമട്ടവൾ
മദിച്ചു നൃത്തംവെയ്ക്കെ,

അഴകെഴുമവളുടെ ചഞ്ചലഭംഗിയി-
ലലിഞ്ഞു മന്നവഹൃദയം.

വിഭാതരശ്മികളേറെറാരു ലജ്ജാ-
വിവശിതമാം നറുപുഷ്പം,

കുരുന്നുതനുവിൽനിന്നും മഞ്ഞല
ഞ്ഞെറിഞ്ഞു മാററുംപോലെ,
ദ്രുതചലനങ്ങളിലൂടവൾ മെയ്യിൻ
മൃദുലാവരണമുരിഞ്ഞു—

"വിലാസനൎത്തനമാടിവരുന്നൊരു
ഗലേലരാജകുമാരീ,
തവ ഹൃദയത്തിന്നാശകളഖിലം
തരുവൻ... ചോദിച്ചാലും!"

അഴകിൻലഹരിയിൽ മൂൎച്ഛിതനാം നൃപ-
നറിയാതീവിധമോതീ.
അപൂൎവ്വഭാഗ്യം കൈവന്നതുപോ-
ലവളുടെ കൺകൾ വിരിഞ്ഞു.

നിടിലതടത്തിലിഴഞ്ഞിട്ടുമളക-
ക്കൊടികളൊരല്പമൊതുക്കി,
നറുംനിലാവൊളിപൂശിയ ചുണ്ടാൽ
നൃപൻെറ പാദം മുത്തി,

വല്ലകി മീട്ടും സ്വനത്തിലേവം
മെല്ലെ മൊഴിഞ്ഞു സലോമി:
"യോഹന്നാൻെറ ശിരസ്സൊരു വെള്ളി-
ത്താലത്തിൽ—' സഭ ഞെട്ടി!

ജനം പുകഴ്ത്തിട്ടുമവൻെറ നാമം
ശ്രവണപുടത്തിൽ വീഴ്കെ,
ദുൎബ്ബലനായ ഹെറോദോവിൻ മന-
മുൾക്കിടിലത്താൽ വിറകൊണ്ടു.

"അവൻെറ ചോരപുരണ്ട ശിരസ്സാ-
ണെനിക്കു വേണ്ടും സമ്മാനം—"

"പാപം...പാപം..."—മന്നവനേവം
വേപഥുവുണ്ടു മൊഴിഞ്ഞൂ

അങ്കതലത്തിൽ ചായും പ്രിയനെ
ച്ചുംബിച്ചോതീ രാജ്ഞി:

"അറിയുക ദേവാ, വെറുമൊരു പുഴപോൽ
അവൻ കിടപ്പൂ തടവിൽ.

കല്പനയേകാൻ ഭയമോ—കഷ്ടം!
ദുർബ്ബലനോ മമ നാഥൻ?..."

—നിന്ദ്യനവൻെറ ശിരസ്സു മുറിച്ചൊരു
വെൺതളിമത്തിൽ കൊണ്ടുവരൂ!—

കരവാളേന്തിയ രണ്ടു ഭടന്മാർ
കല്പനകേട്ടു നടന്നൂ;

ആത്മപ്രിയയുടെ മാറിൽ മന്നവ-
നാലസ്യത്തോടെ ചാഞ്ഞൂ!...

... ... ...

തരിച്ചുയർന്നൂ സംഗീതത്തിൻ
തരംഗമാലകൾ വീണ്ടും

മണിച്ചിലമ്പിൻ നാദത്താൽ സഭ
മുഖരിതമായീ വീണ്ടും

സപ്തസ്വരമധുധാരയിലാണ്ടവൾ
നൃത്തംവച്ചൂ വീണ്ടും.

സരസ്സിലോളച്ചുഴികളിലൂടൊരു
സരോജമുകുളംപോലെ,

വിരിഞ്ഞുപൊന്തിയൊരവളുടെ കൈയിൽ
വീഴുകയായൊരു താലം!

ആത്മവിശുദ്ധിയെഴുന്ന ശിരസ്സൊ-
ന്നതിൽ കിടന്നു പിടയ്ക്കേ,

പടരുന്നോരാ നിണഗന്ധത്തിൽ
സിരകൾ ലഹരിപിടിക്കെ,

ഉന്മദമൂർച്ഛയിലാണ്ടതുപോൽ നൃപ-
കന്യക വീണു തറയിൽ...

അഗമ്യമായിട്ടമാകാശത്തി-
ന്നനന്തവീഥിയിൽനിന്നും

ഘനാഘനോജ്ജ്വലമാമൊരു ശബ്ദം
ധ്വനിച്ചിതപ്പോഴേവം:

"അവൻ വരുന്നു...പാപത്രാണന-
മരുളാൻ നിങ്ങൾക്കരികിൽ..."

# തിരുമാലി

തെക്കൻകേരളത്തിന്റെ ചരിത്രത്തിലെ ദുഃഖ കരങ്ങളായ പല സംഭവങ്ങൾക്കും സാക്ഷിനിന്നിട്ടുണ്ട്, കല്ലടയാറ്. പണ്ടു പണ്ട്, അതിന്റെ തീരത്തു നാമ്പിടുകയും വാടിക്കരിയുകയും ചെയ്ത ഒരു മധുരസ്വപ്നത്തിന്റെ കഥയാണിതു്. ശ്രീ കിളിമാനൂർ വിശ്വംഭരന്റെ ഒരു ചെറുകഥയോടു് ഇതിന്റെ കഥാബീജത്തിനു കടപ്പാടുണ്ടു്.

ഏഴിലമ്പാലത്തൈകൾ പൂവിട്ടും സഹ്യാദ്രിതൻ
താഴ്വരയിലേ നീലമഞ്ഞണിവനങ്ങളിൽ

നറുവെണ്ണിലാവിൻെറ ചന്ദനക്കുടം കമ-
ഴ്ന്നൊഴുകും മധുമാസരജനീയാമങ്ങളിൽ

ദലമർമ്മരമുതിർത്തുന്നൊരീറൻകാറ്റി-
ലലതല്ലാറുണ്ടൊരു ശോകസങ്കുലഗാനം!

വെള്ളിലപ്പടപ്പുകൾ മിന്നണിഞ്ഞുലയുന്ന
കല്ലടയാറിൻ തീരത്താ നാദതരംഗങ്ങൾ

മിഴിനീരണിമേഘമാലപോൽ തേങ്ങിത്തേങ്ങി-
യലയും നിശ്ശബ്ദമാം പാതിരാവുകൾതോറും...

ആ മൃദുഗാനത്തിൻെറ വീചിക,ളഗാധമാ-
മോർമ്മതൻ കയങ്ങളിൽ വെൺനുരയുതിക്കവേ,

കല്ലടയാറിൻ മൂകഗദ്ഗദം പൊങ്ങും ചാര-
ത്തില്ലികളുലയുന്ന മേടിൻെറ താഴ്വാരത്തിൽ.

കൈതയും കുരുക്കുത്തിമുല്ലയും തളിർത്തോത്തിൽ
കൈവിളക്കുമായ് നില്ക്കും കാട്ടുപാതതൻ വക്കിൽ

അലയാറുണ്ടത്രേയിപ്പാട്ടുമായൊരുവെറു-
മരയക്കിടാത്തിതൻ പ്രേതമിങ്ങനെ രാവിൽ...

'തിരുമാലി'യെന്നാണു പേരവൾ,ക്കവളുടെ
കരുണാർദ്രമാം ഗാനം ദൂരെനിന്നണയുമ്പോൾ

അരയക്കുടികളിൽ മിന്നിടും വിളക്കിന്റെ
തിരിനാമ്പുകൾപോലും ഭീതിയാൽ വിറകൊള്ളും!

... ... ...

പീലിനീർത്താടും മുളങ്കാടി,നമ്പിളിക്കല്ലാൽ
മാലകോർത്തെറിയുന്ന വെൺപളുങ്കരുവികൾ,
തേനെഴമിതളല്ലിക്കുമ്പിളും നാട്ടിത്തുടു-
താമരപ്പൂക്കൾ നൃത്തമാടുന്ന പൂമ്പൊയ്കകൾ—
വെള്ളിമുത്തണിത്തളിർപ്പുൽത്തലപ്പുകൾ മേഞ്ഞു
പുള്ളിമാൻകിടാവുകൾ മയങ്ങും നിഴലുകൾ
പച്ചിലക്കുടുക്കയും മൈനയും മാടത്തയും
ചിച്ചിലം ചിലച്ചുയലാടിടും നികുഞ്ജങ്ങൾ—
ഉല്ലസിക്കുമാ ചെറുതാഴ്‌വരയുടെ സ്വപ്ന-
വല്ലിയി,ലിതൾ നീർത്ത പുഷ്പമായിരുന്നവൾ.
തളിർവെററില, നിറം ചാർത്തിയൊരണിച്ചുണ്ടി-
ലൊളിചിന്നിയ മുഗ്ദ്ധസുസ്മിതാങ്കുരവുമായ്
കാട്ടുചോലപോലവളാ വഴിവക്കിൽ, വെള്ളി-
ക്കാൽത്തള കിലുക്കിക്കൊണ്ടടിവച്ചണയുമ്പോൾ
മാമരത്തലപ്പുകൾ പൂമഴപെയ്യും, നിറ-
മാറിടങ്ങളിൽ ഹർഷവീചികളുണർത്തുവാൻ.
താമരവലയങ്ങളൊഴുകും തെളിനീല-
ച്ചോലയിൽ മദാലസയായവൾ നീന്തിപ്പോകെ,
തളിർമെയ് തലോടുവാനെത്തിടും, മുളങ്കാടിൻ
മണിവല്ലകി വിട്ടാ കാറ്റിന്റെ കുഞ്ഞിക്കൈകൾ!

അരചൻ 'വീരപ്പ'ന്റെ മന്ത്രിയാം 'മാർത്താണ്ഡ'നു-
        ള്ളൊരുമക്കിടാവാണാ കാനനമലർമങ്ക.

താരുണ്യം തഴുകിയൊരാ നിറമാറിൽ മിന്നു-
        താലികെട്ടുവാനെത്ര അരയക്കിടാത്തന്മാർ

കൊതിച്ചു... പക്ഷേ, തിരുമാലി സമ്മാനിച്ചു, പൂ-
        ങ്കരൾ,തന്നോമൽകളിത്തോഴനാം
                                'ചാത്തുണ്ണി'ക്കായ്!

ഒരുനാൾ വീടിൻ മണിമുററത്തു മുല്ലപ്പന്ത-
        ലൊരുക്കീ താതൻ പ്രിയപുത്രിതൻ വേളിക്കായി.

ചന്ദനവിറകിന്റെ ധൂമസൗരഭം ചുറ്റും
        പൊങ്ങവേ—കുരവകളെമ്പാട്ടുമുയരവേ,

കളഭം പുരട്ടിയ മേനിയിലടിമുടി
        പുളകത്തരിപ്പണിഞ്ഞിരുന്നു തിരുമാലി.

താലികെട്ടുവാൻ നീണ്ടു രണ്ടു കൈയുകൾ, മെല്ലെ-
        ത്താമരമിഴിയിണയിത്തിരിയുയർത്തവേ

അരികിൽ കണ്ടു മുഴുതിങ്കളെന്നപോൽ മിന്നു-
        മരുമക്കളിത്തോഴൻതന്നുടെ മുഖമവൾ!

ലജ്ജയാൽ തുടുത്തുപോയ് വദനം—മന്ദസ്മേര-
        മഞ്ജിമകല,ന്നതിശുദ്ധമായിളംചുണ്ടിൽ.

... ... ...

മധുരാനുഭൂതികൾ പൂവിടും ദാമ്പത്യത്തിൻ
        മണിമേഖലയ്ക്കുള്ളിലൊന്നിച്ചു സമ്മേളിക്കാൻ

നാളുകൾ ചിലതിനി നീങ്ങണം; (ആചാരമാ-)
        —ണാകയാൽ മണവാളനവളേ പിരിഞ്ഞുപോയ്.

പെയ്യുവാൻ വെമ്പും മുകിലെന്നപോലവൾ തള്ളി
 പിന്നെയു,മന്തർദ്ദാഹതപ്തമാം ദിനമേറെ.

പൊന്നൊളി വിരിയുന്ന മൂവന്തിനേരം നീല-
 ക്കുന്നിൻെറ താഴ്‌വാരത്തിലലയും തിരുമാലി,

ചുണ്ടിണകളിലൂറുമീണവും, സങ്കല്പത്തിൽ
 ചെണ്ടണിഞ്ഞുലയുന്ന പൊൻകിനാക്കളുമായി!

ദാഹിക്കയാണാ മിഴിക്കോണുകളൊരുനോക്കു-
 കാണുവാൻ, തൻകാന്തനാമരയക്കിടാത്തനേ...

അക്കരവലയത്തിലമൻമയങ്ങുവാ,-
 നിക്കിളിപ്പുരളുമാ കവിളിൽ മുത്തം ചാർത്താൻ

വെമ്പുകയാണാ മുളംതത്ത തൻ കരളിൻെറ
 കുമ്പിളിൽ തുളുമ്പുന്ന താരുണ്യമനുവേലം!

... ... ...

കല്ലടയാറിൻ മാറിലതിശക്തമാമൊരു
 കൽച്ചിറയുയർത്തുവാനരചൻ കല്പിക്കയാൽ

അരയന്മാരോടൊത്തു പോയിരിക്കയാണു തൻ
 പ്രിയനും; (മടങ്ങുവാനെത്രനാൾ കഴിയണം!)

—തൻ കുലമധമമെന്നുരച്ചു, തൻ കല്പന
 ധിക്കരിച്ചോരാ പാണ്ടിയരചനിനിമേലിൽ

കല്ലടയാററിൽനിന്നുമൊഴുകും ജലംകൊണ്ടു
 കന്നിനെല്പാടങ്ങൾക്കു തെളിനീർ കൊടുക്കില്ലാ.

പൊങ്ങിയങ്ങനെ വന്നു നദിതൻ മാറിൽ രാജ-
 കല്പനയ്ക്കൊപ്പം ശക്തിയാർജ്ജിച്ചാ മണൽച്ചിറ.

അടയുന്നീലാ പക്ഷേ, കല്പണയുടെ മുഖ-
മരയന്മാരൊത്തുചേൎന്നെത്രമേൽ ശ്രമിച്ചിട്ടും

മലദേവതകൾക്കു പൂജയായ്—പിണിതുള്ളി-
യൊരുവൻ ഗജ്ജിക്കയായ്, "കോപിച്ചു
കൊട്ടംകാളി...

...മന്ത്രിയാം മാത്താണ്ഡന്റെ പുത്രിയേ കുരുതിയായ്
നല്ലണ,മവളുടെ കാന്തന്റെ കൈയാൽത്തന്നേ..."

നടുങ്ങീ ച്ചുററും കൂടിനിന്നവർ— ചാത്തുണ്ണിക്കു
കൊട്ടവാൾ ഹൃദന്തത്തിലാഴ്ന്നതുപോലേ തോന്നീ.

. ... ... ...

കല്പടയാറിൻ നീലവണ്ണമാം കല്ലോലങ്ങൾ
തല്ലി വീണുടഞ്ഞു തൻ ച്ചുററിലും ചിതറവേ,

മാറോളം ജലത്തിലാഴ്ന്നങ്ങനെ തിരുമാലി
മാൺപെഴുമൊരു കുഞ്ഞുതാമരപ്പൂപോൽ നിന്നു!

തളരും കൈയിൽ കൊട്ടവാളുമായ് മുഹൂൎത്തം കാ-
ത്തരികേ നില്ക്കുന്നേരം ചാത്തുണ്ണി വിതുമ്പി-
പ്പോയ്—

നീലിമ നിഴലിട്ട തിരുമാലിതൻ മിഴി-
പ്പീലിയിൽ മിന്നും കണ്ണീർമുത്തുകൾ തുടയ്ക്കുവാൻ

അറിയാതെയാ കൈകൾ നീളവേ, കരയ്ക്കുനി-
ന്നലറീ മന്നൻ: "തലയററു വീഴട്ടേ വേഗം!"

തെല്ലിട മിഴിചായ്ച്ചു തിരുമാലി; തൻ പ്രാണ-
വല്ലഭനുടെ രക്തശൂന്യമാം വദനത്തിൽ—

ഈറനാംനിലാവുപോലവൾതന്നിളംചുണ്ടി-
ലൂറിനിന്നിരു;ന്നൊരു മന്ദഹാസമപ്പോഴും...

കരളിൻകിനാവുകളൊക്കെയുമവൾ, തൻെറ
കണവന്നർപ്പിച്ചൊരു കണ്ണുനീർക്കണികയായ്
മിന്നുതാലിയാ നിറമാറി,ലുജ്ജ്വലം നിന്നു
മിന്നി,മായുവാൻ വെമ്പുമന്തിനക്ഷത്രംപോലെ...
മെല്ലവേ മുഖമവൾ കുനിച്ചൂ...നിറമിഴി
ചിമ്മിയിട്ടുയർത്തുന്നു ചാത്തുണ്ണി കരവാളം!
ചിതറീ രക്തം...തിരുമാലിതൻ തളിരുടൽ
പിടഞ്ഞൂ...പരിദീനരോദനം പൊങ്ങീ വിണ്ണിൽ.
വെള്ളിലപ്പടപ്പുകൾ മിഴിനീർ ചൊരിയുന്ന
കല്ലടയാറിൻ തീരത്തതു മാറ്റൊലിക്കൊണ്ടു;
പ്രീതരായ്തീർന്നൂ മലദൈവങ്ങ,ളൊരു കുഞ്ഞു-
പാതിരാക്കുയിലിന്റെ ചോരവാന്നൊലിച്ചപ്പോൾ...
കല്ലണയുടെ മുഖമടഞ്ഞൂ...കൊട്ടംകാളി
കൺതുറന്നനുഗ്രഹമരുളീയെല്ലാവർക്കും...
... ... ...
ശതവത്സരങ്ങളിന്നേറെയായ്, തിരുമാലി
മൃതയായി,ട്ടെന്നാലും പാതിരാവുകൾതോറും
ഏഴിലമ്പാലത്തൈകൾ പൂവിട്ടും സഹ്യാദ്രിതൻ
താഴ്വരയിലേ നീലമഞ്ഞണിവനങ്ങളിൽ
ദലമർമ്മരം ചൊരിഞ്ഞെത്തിട്ടുമിളംകാററി-
ലവൾതൻ വിഷാദാർദ്രഗദ്ഗദഗാനം
കേൾക്കാം...
വെള്ളിലപ്പടപ്പുകൾ മിന്നണിഞ്ഞുലയുന്ന
കല്ലടയാറിൻ തീരത്താതിരനിലാവുപോൽ
തിരുമാലിതൻ പ്രേതമലയുംപോലും, പിഞ്ചു-
കരളിൻപുൽത്തണ്ടുമായ് രജനീയാമങ്ങളിൽ...

# ഇസബെല്ല

'ബൊക്കാഷ്യോ' രചിച്ച ഡാക്കാമറൺകഥകളിൽ ഒന്നാണു് ഇസബല്ലയുടേതു്. ഇംഗ്ലീഷ് കവിയായ കീററ്സിൻെറ തൂലികയിൽക്കൂടിയാണു് 'ഇസബല്ല' വിശ്വസാഹിത്യത്തിൽ ശാശ്വതപ്രതിഷ്ഠ നേടിയതു്. അനശ്വരമായ ആ ദുരന്തകഥയുടെ ഒരു സ്വതന്ത്രാവിഷ്കരണമാണു് ഈ കവിത.

മരതകദ്യുതിയാർന്ന മുന്തിരിക്കാവുകൾ
മധുമാസദീപ്തിയണിഞ്ഞനാളിൽ
അലരിട്ട ലില്ലിയും,മാപ്പിളും തെന്നലി-
ലണിനൃത്തമാടിക്കുണുങ്ങിനില്‌ക്കേ,
കരളിൽ കിനാവുകൾ കൊതിതുള്ളുമൊരു മുഗ്ദ്ധ-
തരുണിയായ് മിന്നിയാ ഗ്രാമഭൂമി...
ഇസബെല്ല—യൗവനവാസന്തകാന്തിയിൽ
തളിരിട്ടൊരോമനക്കാട്ടുമുല്ല
വിരിയുമാ ഗ്രാമീണസുഷമതന്നാത്മാവി-
ലൊരു വിദ്യുല്ലതികപോലുല്ലസിച്ചു...
അരുവികൾ താരാട്ടുപാടിയുറക്കുമാ
ചെറുകുന്നി,ലൊരുരമ്യമണിഹർമ്മ്യത്തിൽ,
മധുരിമയോലുന്ന സൗഭാഗ്യരശ്മികൾ
മലർമഴ പെയ്തിടും മണ്ഡലത്തിൽ,
മണിമുത്തുക്കുടനീർത്തും സഹജർതൻ വാത്സല്യ-
ത്തണലിലാ വനമങ്കയുല്ലസിച്ചു.
അഴകോലും ലജ്ജതൻ പരിവേഷമേകുവാ-
നണയുന്ന യൗവനചിത്രകാരൻ
വിരുതെഴും കൈകളാലാ മലർമേനിയിൽ
സുരുചിരഭംഗികൾ തൊട്ടണത്തി.

കരിമിഴിക്കോണിൽ വിശുദ്ധിതൻ നീലിച്ച
കതിരുകളഞ്ജനച്ചാർത്തു്ഴതീ.

ചൊടിതൻ തുടുപ്പെഴും വാരിതൾക്കുമ്പിളിൽ
വിടരുന്ന സുസ്മിതം നിലാവു പൂശി.

കവിളിൽ നുണക്കുഴി കുമ്പി, തുടിക്കുമാ
കരളിൽ കിനാവിൻെറ തേൻ തുളുമ്പീ

കനകച്ചിലമ്പൊലി വിതറുമൊരുജ്ജ്വല-
കവിതതന്നീരടിയെന്നപോലെ,

മൃദുലഭാവങ്ങൾതൻ നിറകുടമാണവ-
ളിസബെല്ല—മലരിട്ട കാട്ടുമുല്ല!

... ... ...

മഴവില്ലു മണിവീണമീട്ടുമാ മാനത്തൊ-
രഴകിൻെറ താമരപ്പൊയ്ക പൂത്തു

കനലൊളി പൂശിയ ചിറകെഴും ചെമ്മുകിൽ
പറവകൾ മധുവുണ്ടു മത്തടിച്ചു

അനുരാഗപൂജകളർപ്പിക്കുവാൻ ദേവ-
നണയും മുഹൂർത്തവും നോക്കിനോക്കി

തിരിനാളം നീട്ടിയൊരേകാന്തതാരകം
തരളയായ് മിഴിനട്ടു നിന്നു വിണ്ണിൽ.

കുങ്കുമച്ഛവിയോലുമന്തിവെളിച്ചത്തിൽ
മുന്തിരിത്തോട്ടം തുടുത്തുനില്ക്കെ

അരികിലാ മേടതൻ ജാലകച്ഛായയി-
ലുഴറുന്ന മിഴികളും കരളുമായി,

വിടരാൻ കൊതിക്കുന്ന തങ്കക്കിനാവുപോ-
ലിസബെല്ല ദാഹിച്ചു നിന്നിരുന്നു!

കവിത തുളുമ്പുമാ കണ്ണുകൾ മുന്തിരി-
വനികയിലലയുകയായിരുന്നു

ഉലയുമാ നീലപ്പട്ടപ്പുകൾക്കപ്പുറ-
മൊരു മന്ദചലനമുയൻവന്നു—

കരിമുകിൽക്കീറുകൾക്കിടയിലൂടമ്പിളി-
ക്കലയുടെ പുഞ്ചിരി വിരിയുംപോലെ

അകലെയാ നിഴലുകൾക്കിടയിൽ തന്നനുരാഗ-
രമണൻെറ രൂപം തെളിഞ്ഞുകാൺകെ,

കതിരിട്ട പുളകങ്ങളിസബെല്ലതന്നോമൽ-
ക്കരളിൽ—തുടുത്ത കവിൾത്തടത്തിൽ.

... ... ...

യവനികച്ചുരുളുകളകലുകയായ്, പൊട്ടി-
യുതിരുന്നിതുള്ളിൽ വളക്കിലുക്കം—

മണിമച്ചിൽനിന്നുമാ പടവുകളിലൂടൊരു
മഴവില്ലുപോലവളൂന്നിറങ്ങി

മലരണിഞ്ഞുലയും തേൻ മുന്തിരിത്തോട്ടത്തി-
ലൊരു വള്ളിക്കുടിലിൻ നിഴൽത്തടത്തിൽ

തുടലില്ലിപ്പൂവിതൾമെത്തയിൽ മേവും തൻ
ഹൃദയാധിനാഥൻെറ സന്നിധിയിൽ

പരിമളമെഴമന്തിക്കുളിർകാററുപോലവ-
ളരഞൊടിക്കുള്ളിൽ കുണുങ്ങിയെത്തി.

ഒരു മധുരച്ചുംബനമക്കവിൾപ്പൂക്കളിൽ
പുളകത്തിൻ സിന്ദൂരച്ചാറു പൂശി.
അകലെയാ മാനത്തൊരേകാന്തതാരക-
മതുകണ്ടു നാണിച്ചു കണ്ണുചിമ്മി!

... ... ...

ഇസബെല്ല, സൗഭാഗ്യവിണ്ടലവീഥിയിൽ
ദ്യുതിചിന്നും നക്ഷത്രമായിരുന്നു
അവളുടെ കാമുകൻ 'ലോറൻസോ' കേവല-
മൊരു മൺകുടിലിൻെറ കൈവിളക്കും!
അതുലാനുരാഗത്താലൊന്നിച്ചുചേർന്നിതാ
ഹൃദയങ്ങളാരുമറിഞ്ഞിടാതെ.
മധുവഴിയുമായിരം തങ്കക്കിനാവുകൾ
മലർമെത്ത വിരചിച്ച മണിയറയിൽ
അനഘാനുഭൂതികൾ മണിവീണമീട്ടവേ
പനിനീർ തളിക്കുന്നു രോമഹർഷം!
സുഷമ തുളുമ്പുമാ രാഗപ്രപഞ്ചത്തി-
ലസുലഭഭാഗ്യത്തിൻ മണിമഞ്ചത്തിൽ,
കുളിരണിഞ്ഞങ്ങനെ പരിലസിച്ചാ രണ്ടു
കരളുകൾ—മോഹത്തിൻ കുഡ്മളങ്ങൾ!

... ... ...

അരുമയാമനുജത്തി ഗൂഢമായ് പോററുമീ
അനുരാഗവൃത്താന്തം കേട്ടറിഞ്ഞു,—
സഹജന്മാരിരുവരും: ഉള്ളിൽ പകയുടെ
കൊടുവിഷജ്വാലകളുയരുന്നല്ലോ!

കടലിൻെറയാത്മാവിൽ വലവീശിക്കിട്ടിയ
കനലൊളി കലരുന്ന മണിരത്നങ്ങൾ
നഗരങ്ങൾതോറുമലഞ്ഞു വിററങ്ങനെ
ധനികരാണിന്നവർ രണ്ടുപേരും!
അലയുന്നുണ്ടിന്നുമാ കടലിലവക്കായി
വലവീശാനെത്രയോമുക്കുവന്മാർ—
വിപണികൾ തേടുന്ന ദൂതനാം ലോറൻസോ
വിട്ടുപണിചെയ്യേണ്ടും ഭൃത്യനല്ലോ
അരുമയാം സഹജയെ പ്രണയിച്ചുവെന്നുള്ളോ-
രപരാധം മാപ്പിനിന്നർഹമല്ല.
പൊരിപാറിക്കത്തീ മിഴികളിൽ, ചെഞ്ചോര
സിരകളിലൂടെ കുതിച്ചിരമ്പീ.
പ്രതികാരദാഹത്താലുന്മത്തരായൊരാ
സഹജന്മാരെന്തോ നിനച്ചുറച്ചു...

... ... ...

മധുവഴിയുമായിരം തങ്കക്കിനാവുകൾ
മലർമെത്ത വിരചിച്ച മേഖലയിൽ
കളകളം പാടിപ്പറക്കയാണാ നീല-
ക്കിളികളിന്നപകടശങ്കയെന്യേ
കുളുർവെണ്ണിലാവിനെ മാച്ചുവാനെത്തിയ
കരിമുകിൽക്കീറവർ കണ്ടതില്ല.

... ... ...

വിപണികൾ തേടുവാനേതോ വിദൂരമാം
നഗരത്തിലേക്കു തൻ സോദരന്മാർ

പ്രിയനുമൊത്തൊരു ദിനം യാത്രയായ്—നോവുന്ന
കരളുമായിസബെല്ല നോക്കിനിന്നൂ
കവിളിൽ വിഷാദത്തിന്നരുവിയും മിഴികളിൽ
കതിരിട്ടും നീലവെളിച്ചവുമായ്
പിടയുന്നൊരന്തരാത്മാവിൻെറ തന്തിയി-
ലിടറുന്ന ഗദ്ഗദഗാനവുമായ്
അനുരാഗദേവനെ കാണാൻ കൊതിച്ചവൾ
ദിനരാത്രമോരോന്നു തള്ളിനീക്കി.
മഴമുകിലെത്താൻ കൊതിക്കുന്ന മണ്ണുപോ-
ലവളുടെ പൂങ്കരൾ വേദനിച്ചൂ.
മണമെഴും പാതിരാത്തെന്നലിൽ മുന്തിരി-
മലരുകളാലോലമാടിട്ടുമ്പോൾ,
ഉലയുന്ന നീലപ്പടപ്പിൽ കുളിർ ചൂടി-
ക്കുയിലുകൾ മെയ്ചേർന്നിരുന്നിട്ടുമ്പോൾ
ചൂടാത്ത പൂവുമായ് പാടാത്ത പാട്ടുമായ്
വാടിത്തളർന്നവൾ കാത്തിരുന്നൂ
വിരിയുവാൻ ദാഹിക്കും പാതിരാപ്പൂവുപോ-
ലവളുടെ പൂങ്കരൾ നൊന്തിരുന്നൂ.
എത്തീല നായകനാ മിഴിക്കോണിലെ
മുത്തുകൾ ചുണ്ടിനാലൊപ്പിമാറ്റാൻ.

... ... ...

ഇരുളെഴമൊരുരാവിൽ വന്നെത്തി സോദര-
രിരുവരും—ലോറൻസോയെങ്ങുപോയി?

പതറുമാ പിഞ്ചുഹൃദന്തത്തിൽ വേദന
ചിറകൾ തകർത്തു കുതിച്ചുപാഞ്ഞു.

അവരുടെ മിഴികളിലുയരും തീജ്വാലയേ-
റ്റവളുടെയാത്മാവെരിഞ്ഞുകത്തി.

അപകടശങ്കകൾ, കരളിലിരമ്പിട്ടു-
മിടിമിന്നൽപ്പന്തം ചുഴററിടുന്നു—

—കിളികളേ, മുന്തിരിലതകളേ, മാമക
ഹൃദയാധിനായകനെങ്ങുപോയി?

അനുരാഗദേവനെ കണ്ടുവോ, നീയെങ്ങാ-
നലയടിച്ചെത്തുന്ന വെണ്ണിലാവേ?...

അണപൊട്ടിയൊഴുകുന്ന നൊമ്പരം,മിസബല്ല
കരൾവിണ്ടു തേങ്ങിക്കരഞ്ഞുപോയി.

... ... ...

ഒരു നീലരാവി,ലാ മാനത്തു താരകൾ
നിറമിഴിയൊപ്പി വിതുമ്പിനില്ക്കേ,

കരളിൻകിനാവിനേ തേടുവാനായവൾ
ഒരു വൃദ്ധയോടൊത്തു വീടുവിട്ടു.

നടവഴിയേറെക്കടന്നവരെത്തി, മുൾ-
ച്ചെടികൾ നിറഞ്ഞൊരു കാനനത്തിൽ.

ഇലകൾ കൊഴിഞ്ഞൊരു മാമരച്ചോട്ടിലാ-
യിളകിക്കിടക്കുന്ന മണ്ണു കാണായ്—

വിറകൊള്ളും കൈവിരൽത്തുമ്പുകളാലവൾ
തരിമണലല്പാല്പം വാരിനീക്കി.

കരളററു വീണുപോയിസബല്ല,—അതു തൻ്റെ
കണവൻെറ കുഴിമാടമായിരുന്നു!

തുടുചോരയിഴകിപ്പിടിച്ചോരാ പ്രേതത്തേ
ചുടുമിഴിനീരിലൂട്ടമ്മവളെ,

ചെളിയിൽ പുതഞ്ഞൊരാ മലരിനെ നോക്കിയാ
പടുവൃദ്ധ മിഴിനട്ടു നിന്നു, പാവം!

... ... ...

മധുമാസമെങ്ങോ മറഞ്ഞുപോയ്, മുന്തിരി-
മലരുകൾ ഞെട്ടററടന്നുവീണു

കിളികളില്ലിന്നു ചിലയ്ക്കുവാനാ വള്ളി-
ക്കുടിലിൽ—തളിർമരച്ചില്ലകളിൽ—

മൂകതയാ മണിമേടതന്നാത്മാവിൽ
മൂടുപടങ്ങൾ നിവർത്തിയിട്ടു

ഇസബല്ല—തകരും കിനാവിൻെറ ചുടുകാട്ടിൽ
തളിർചൂടാൻ മോഹിച്ച കാട്ടുമുല്ല!—

വളകൾ കിലുക്കിപ്പറക്കാറില്ലാ നീല-
ക്കിളിയിന്നാ ദ്യുതിയോലും മണിയറയിൽ.

രക്തച്ഛവിയെഴും പൂക്കൾ വിരിയുന്നു
മുററത്തൊരു മണൽച്ചട്ടിതന്നിൽ.

അതിനരികിൽ മിഴിനീരുതിർത്തുകൊണ്ടെപ്പൊഴു-
മവൾ ശോകമൂകയായ് വന്നുനില്ക്കും—

അഴകിൻെറ തിരിനാളം മങ്ങി,യിതൾ വാടി-
ക്കൊഴിയാറായ് നില്ക്കുന്ന മലരുപോലെ!

ചുട്ടചോരപ്പൂവുകൾ വിടരുമാ ചഷകത്തി-
ലവളുടെ സ്വപ്നങ്ങൾ നിദ്രകൊൾവൂ—
പ്രിയതമൻതൻ ശിരസ്സേററവും ശ്രദ്ധമാ-
യതിനുള്ളിൽ വച്ചവൾ പൂജചെയ്‌വൂ...
കവിളിൽ വിഷാദത്തിന്നരുവിയും പൂവിളം-
കരളിൽ വിതുമ്പും കിനാക്കളുമായ്,
പിടയുന്നൊരന്തരാത്മാവിൻെറ തന്തിയി-
ലിടറുന്ന ഗദ്ഗദഗാനവുമായ്,
പകലുമിരവിലുമാ മലർച്ചട്ടിത-
ന്നരികിലിസബല്ല വന്നുനില്ക്കും—
പാടാത്ത പാട്ടുമായ് ചൂടാത്ത പൂവുമായ്
വാടിത്തളൎന്നവൾ നോക്കിനില്ക്കും!...

... ... ...

ഒരുദിനം കണ്ടില്ല സിന്ദൂരപുഷ്പങ്ങ-
ളിതൾനീർത്തിനിന്നൊരാ മൺചഷകം—
ഇടനെഞ്ഞുപൊട്ടവേ, വിങ്ങിക്കരഞ്ഞുകൊ-
ണ്ടിസബല്ല മുറ്റത്തു വീണുപോയി.
കുടിലത മൂർത്തീകരിച്ച തൻ സോദര-
രെവിടെയാ പാത്രമൊളിച്ചുവച്ചു?
...അതിനുള്ളിലെൻ തപ്തജീവിതസ്വപ്നങ്ങ-
ളവിരാമനിദ്രയിലാണ്ടിരിപ്പൂ—
തരുവിനാ മൺപാത്രം, കരളിൻകയങ്ങളി-
ലണുപോലും നിങ്ങൾക്കു കരുണയില്ലേ? ...

മിഴിനീർ തളംകെട്ടിനില്ക്കുമാ മണ്ണിൽ വീ-
ണുഴലുകയാണവൾ ദീനദീനം—

ഇസബെല്ല—അകളങ്കപ്രണയത്തിൻപൂങ്കാവിൽ
തളിരിട്ടൊരോമനക്കാട്ടുമുല്ല!

# ശാശ്വതമൊന്നേ ദുഃഖം

## ഏററുമാനൂർ സോമദാസൻ

സൗന്ദര്യമുഗ്ദ്ധനായ ഒരു കവിയുടെ ആത്മദുഃഖത്തിൻെറ കഥകളാവിഷ്കരിച്ച അഷ്ടാദ്ധ്യായിയാണ് ഈ കവിതാസമാഹാരം. അഹല്യ, ഹലീമ, ദുർഗ്ഗദേവത, സൊന്തം പവാനി, ചേച്ചി, സലോമി, തിരുമാലി, ഇസബെല്ല എന്നീ എട്ടു കഥാകവിതകളിലും ഹൃദ്രമങ്ങളായ ആർദ്രാനുഭൂതികളുടെ കാവ്യസൗന്ദര്യം സാന്ദ്രീഭവിച്ചിരിക്കുന്നു. അവതാരികയിൽ സി. പി. ശ്രീധരൻ പ്രസ്താവിച്ചതുപോലെ പലയിടത്തുനിന്നും തേടിയെടുത്ത കഥാസ്ഥിപഞ്ജരങ്ങളിൽ സോമദാസനെന്ന കവി ആവേശിച്ചിരിക്കുകയാണ്. ഈ 'കവിബാധ'മൂലം വികാരപ്രസാരണിയായായ പ്രാണജ്യോതിസ്സ് ആളിക്കത്തുന്ന ഒരു സചേതന കാവ്യശില്പമായിട്ടുണ്ട്, ഈ കൃതി. വിഷാദഭാരം പേറിനില്ക്കുന്ന സൗന്ദര്യത്തിൻെറ കാവ്യമാധുര്യം നിറച്ചുവെച്ച ഒരു വാങ്മയചഷകമത്രേ 'ശാശ്വതമൊന്നേ ദുഃഖം'. മലയാളത്തിൽ ഒററതിരിഞ്ഞുനില്ക്കുന്ന ഈ കൃതി കഥാകുതുകികൾക്കും കാവ്യതൽപരന്മാർക്കും ഒരുപോലെ രസിക്കാതിരിക്കില്ല.


**നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം**

തിരുവനന്തപുരം എറണാകുളം പാലക്കാട്ട്

തൃശ്ശൂർ കണ്ണൂർ കൊല്ലം കോഴിക്കോട്ട്

2055

# ശാശ്വതമൊന്നേ ദുഃഖം